بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

വാള്യം 3

ലക്കം 31

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 ആഗസ്റ്റ് 2/ഹി:ശം:1397 ളുഹൂർ 2/ഹി:ഖ:1439 ദുൽഖഅ്ദ് 19

## അല്ലാഹുവിന്റെ വചനം

يٰۤاَيُّهَا الَّذِيۡنَ اٰمَنُوۡۤا اَنۡفِقُوۡا مِمَّا رَزَقۡنٰكُمۡ مِّنۡ قَبۡلِ اَنۡ يَّاۡتِىَ يَوۡمٌ لَّا بَيۡعٌ فِيۡهِ وَلَا خُلَّةٌ وَّلَا شَفَاعَةٌ ؕ وَالۡكٰفِرُوۡنَ هُمُ الظّٰلِمُوۡنَ ○

(سورۃ البقرۃ :255)

വിശ്വസിച്ചവരേ! ക്രയവിക്രയമോ, മൈത്രീബന്ധമോ ശിപാർശയോ ഇല്ലാത്ത ഒരുനാൾ വരുന്നതിനു മുമ്പേ, നാം നിങ്ങൾക്ക് നല്കിയിട്ടുള്ളതിൽനിന്ന് നിങ്ങൾ ചെലവു ചെയ്യുക. ഈ കല്പന നിഷേധിക്കുന്നവർതന്നെയാണ് അധർമകാരികൾ.(2:255)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറഞ്ഞു: കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിലുള്ള നമ്മുടെ അധ്യാപനം എന്ന ഭാഗം ഒരു അഹ്മദി തീർച്ചയായും വായിക്കേണ്ടതാണ്. എന്നല്ല കശ്തിയെ നൂഹ് മുഴുവനും തന്നെ വായിക്കേണ്ടതാണ്.**

**ഞാൻ നിങ്ങളോട് സത്യമായും സത്യമായും പറയുന്നു: വിശുദ്ധ ഖുർആനിലെ 700 കല്പനകളിൽനിന്ന് ഒരു ചെറിയ കല്പന പോലും നിരസിക്കുന്നവൻ തനിക്കായി മോക്ഷത്തിന്റെ വാതിൽ സ്വകരംകൊണ്ടു അടക്കുകയാണ് ചെയ്യുന്നത്. പരമാർഥപരവും പരിപൂർണവുമായ മോക്ഷത്തിന്റെ വാതിൽ വിശുദ്ധഖുർആൻ തുറന്നുതന്നിരിക്കുന്നു. മറ്റുള്ളതെല്ലാം അതിന്റെ ഛായയാണ്. അതുകൊണ്ട് നിങ്ങൾ വിശുദ്ധഖുർആൻ ഗ്രഹിച്ച് പാരായണം ചെയ്യുക. മറ്റൊന്നിനോടും പുലർത്തിയിട്ടില്ലാത്തവിധം നിങ്ങൾ അതിനെ വളരെയധികം സ്നേഹിക്കുക.**

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

"നിങ്ങളിൽ ചിലർ ഹദീഥുകളെ തീരെ വിശ്വസിക്കുന്നില്ലെന്ന് ഞാൻ കേട്ടിരിക്കുന്നു. അവർ അങ്ങനെ ചെയ്യുന്നെങ്കിൽ കഠിനതരമായ തെറ്റാണ് ചെയ്യുന്നത്. അങ്ങനെ ചെയ്യുവാൻ ഞാൻ ഉപദേശിച്ചിരുന്നില്ല. നിങ്ങളുടെ രക്ഷാമാർഗത്തിന്നായി അല്ലാഹു നിങ്ങൾക്ക് മൂന്ന് കാര്യങ്ങൾ നല്കിയിരിക്കുന്നു എന്നാണെന്റെ മതം. അവയിൽ പ്രഥമസ്ഥാനം ഖുർആനാണ്. ഇതിൽ അല്ലാഹുവിന്റെ ഏകത്വത്തേയും പ്രതാപത്തേയും മഹത്ത്വത്തേയും കുറിച്ച് പറഞ്ഞിരിക്കുന്നു. യഹൂദികളിലും ക്രിസ്ത്യാനികളിലും ഉണ്ടായിരുന്ന അഭിപ്രായഭിന്നതകൾക്കുള്ള തീരുമാനം ചെയ്യപ്പെട്ടിരിക്കുന്നു. ഇപ്രകാരംതന്നെ മനുഷ്യരേയോ മൃഗങ്ങളേയോ സൂര്യനേയോ ചന്ദ്രനേയോ മറ്റേതെങ്കിലും നക്ഷത്രത്തേയോ കാര്യകാരണ ബന്ധങ്ങളേയോ സ്വന്തം ഇന്ദ്രിയാശകളേയോ ദൈവത്തെ കൂടാതെ ആരാധിക്കുന്നതും വിശുദ്ധ ഖുർആനിൽ വിലക്കപ്പെട്ട കാര്യമാണ്. അതുകൊണ്ട് നിങ്ങൾ കരുതിയിരിക്കുക. അല്ലാഹുവിന്റെ ഉപദേശത്തിനും വിശുദ്ധഖുർആനിന്റെ നിർദ്ദേശത്തിനുമെതിരെ ഒരു ചുവടുപോലും എടുത്തുവയ്ക്കരുത്. ഞാൻ നിങ്ങളോട് സത്യമായും സത്യമായും പറയുന്നു: വിശുദ്ധ ഖുർആനിലെ 700 കല്പനകളിൽനിന്ന് ഒരു ചെറിയ കല്പന പോലും നിരസിക്കുന്നവൻ തനിക്കായി മോക്ഷത്തിന്റെ വാതിൽ സ്വകരംകൊണ്ടു അടക്കുകയാണ് ചെയ്യുന്നത്. പരമാർഥപരവും പരിപൂർണവുമായ മോക്ഷത്തിന്റെ വാതിൽ വിശുദ്ധഖുർആൻ തുറന്നുതന്നിരിക്കുന്നു. മറ്റുള്ളതെല്ലാം അതിന്റെ ഛായയാണ്. അതുകൊണ്ട് നിങ്ങൾ വിശുദ്ധഖുർആൻ ഗ്രഹിച്ച് പാരായണം ചെയ്യുക. മറ്റൊന്നിനോടും പുലർത്തിയിട്ടില്ലാത്തവിധം നിങ്ങൾ അതിനെ വളരെയധികം സ്നേഹിക്കുക. എന്തുകൊണ്ടെന്നാൽ അല്ലാഹു* എന്നെ സംബോധന ചെയ്ത് ഇപ്രകാരം പറഞ്ഞു: **അൽഖയ്റു കുല്ലുഹു ഫിൽഖുർആനി** എല്ലാ വിധത്തിലുള്ള നന്മകളും വിശുദ്ധ ഖുർആനിലുണ്ട്; സത്യവും ഇതു തന്നെയാണ്! അതിനുമേൽ മറ്റു വസ്തുക്കളെ മുന്തിക്കുന്നവർക്ക് അഹോ കഷ്ടം! നിങ്ങളുടെ സകല വിജയങ്ങളുടേയും മോക്ഷത്തിന്റേയും ഉറവിടം ഖുർആനിലാണുള്ളത്. നിങ്ങളുടെ മതപരമായ ഒരാവശ്യവും വിശുദ്ധഖുർആനിൽ കാണാത്തതായില്ല. പുനരുഥാനനാളിൽ നിങ്ങളുടെ വിശ്വാസത്തെ സത്യപ്പെടുത്തുകയോ വ്യാജപ്പെടുത്തുകയോ ചെയ്യുന്നത് ഖുർആനാകുന്നു. നിങ്ങൾക്ക് നേരിട്ട് സന്മാർഗം നല്കാൻ കഴിവുറ്റ ഗ്രന്ഥം ആകാശത്തിൻ കീഴിൽ ഖുർആനല്ലാതെ മറ്റൊന്നില്ല. വിശുദ്ധ ഖുർആൻപോലുള്ള ഗ്രന്ഥം നിങ്ങൾക്ക് ദാനം ചെയ്ത അല്ലാഹു നിങ്ങളോട് ഒരുപാട് ഔദാര്യം ചെയ്തിരിക്കുകയാണ്. നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ട ഈ ഗ്രന്ഥം ക്രിസ്ത്യാനികൾക്ക് അവതരിച്ചിരുന്നെങ്കിൽ അവർ നശിക്കുമായിരുന്നില്ലെന്നും നിങ്ങൾക്ക് നല്കപ്പെട്ട ഈ അനുഗ്രഹവും സന്മാർഗവും തൗറാത്തിനു പകരം യഹൂദികൾക്ക് നല്കിയിരുന്നെങ്കിൽ അവരിൽ ചില കക്ഷികൾ പരലോകനിഷേധികളാകുമായിരുന്നില്ലെന്നും ഞാൻ സത്യമായും നിങ്ങളോടു പറയുന്നു. അതുകൊണ്ട് നിങ്ങൾക്ക് നല്കപ്പെട്ടിരിക്കുന്ന ഈ അനുഗ്രഹത്തെ ആദരിക്കുക. ഇത് അങ്ങേയറ്റം പ്രിയങ്കരമായ അനുഗ്രഹമാണ്. ഇത് വലിയ സമ്പത്താണ്. ഖുർആൻ വന്നില്ലായിരുന്നെങ്കിൽ മുഴുലോകവും അഴുകിയ മാംസപിണ്ഡം പോലെയാകുമായിരുന്നു. അതാണ് ഖുർആൻ! ഇതിന്നെതിരിലുള്ള എല്ലാ രക്ഷാമാർഗങ്ങളും നിഷ്ഫലമാണ്.

മനുഷ്യൻ ബാഹ്യവും ആന്തരികവുമായ അന്തസ്സ് അഗ്രഹിക്കാതിരുന്നാൽ ഒരാഴ്ചകൊണ്ട് അവനെ പരിശുദ്ധമാക്കാൻ ഖുർആന് സാധിക്കും. ഖുർആനിൽനിന്ന് സ്വയം ഓടിയകലാതിരുന്നാൽ നിങ്ങളെ നബിമാരെപ്പോലെ ആക്കിത്തീർക്കുവാൻ ഖുർആന് കഴിയും. ഖുർആനല്ലാതെ മറ്റേത് ഗ്രന്ഥമാണ് തുടക്കത്തിൽത്തന്നെ അതിന്റെ അനുവാചകരെ **ഇഹ്ദിനസ്സ്വിറാത്തൽ മുസ്തഖീമ സ്വിറാത്വല്ലദീന അൻ അംത അലയ്ഹിം** എന്ന പ്രാർഥന പഠിപ്പിക്കുകയും അവർക്ക് പ്രതീക്ഷ നല്കുകയും ചെയ്തിട്ടുള്ളത്? അതായത് നബിയും റസൂലും സിദ്ദീഖും ശഹീദും സ്വാലിഹും ആയിട്ടുള്ള ഞങ്ങളുടെ മുൻകഴിഞ്ഞുപോയവർക്ക് കാണിക്കപ്പെട്ട അനുഗ്രഹങ്ങളുടെ വഴി ഞങ്ങൾക്കും കാണിച്ചുതന്നാലും. അതുകൊണ്ട് സ്വന്തം നിശ്ചയദാർഢ്യങ്ങളെ മികച്ചതാക്കിത്തീർക്കുക. വിശുദ്ധഖുർആനിന്റെ ക്ഷണം നിരസിക്കാതിരിക്കുക. നിങ്ങളുടെ പൂർവ്വികർക്ക് നല്കിയതുപോലുള്ള അനുഗ്രഹം അവൻ നിങ്ങൾക്കും നല്കുവാൻ ആഗ്രഹിക്കുന്നു. അവൻ നിങ്ങൾക്ക് യിസ്റായേൽ സന്തതികളുടെ നാടും ബയ്ത്തുൽ മുഖദ്ദസും തന്നില്ലേ! ഇന്നുവരെ അത് നിങ്ങളുടെ കൈവശം തന്നെയാണല്ലോ ഉള്ളത്. അല്ലയോ ദുർബലവിശ്വാസക്കാരേ, ധൈര്യമാനസരല്ലാത്തവരേ, ലൗകിക നിലയിൽ യിസ്റായേൽ സന്തതികളുടെ ഭരണകൂടത്തിന്റെ പ്രാതിനിധ്യം നിങ്ങൾക്കു നല്കിയ അല്ലാഹു ആത്മീയനിലയിൽ നിങ്ങൾക്ക് പ്രാതിനിധ്യം തരുകയില്ലെന്നാണോ നിങ്ങൾ കരുതുന്നത്? എന്നാൽ, നിങ്ങളെ അവരേക്കാളധികം അനുഗൃഹീതരാക്കുവാൻ അവനുദ്ദേശിക്കുന്നു. അവർക്ക് ലഭ്യമായിരുന്ന ഭൗതികവും ആത്മീയവുമായ സമ്പത്തുകൾക്ക് അവൻ നിങ്ങളെ അവകാശികളാക്കിയിരിക്കുകയാണ്. എന്നാൽ, നിങ്ങൾക്ക് അവകാശികളായിട്ട് അന്ത്യനാൾവരെ അന്യരിൽ ആരുംതന്നെ ഉണ്ടാകുന്നതല്ല. അല്ലാഹു നിങ്ങളെ തന്റെ വഹ്യ്, ഇൽഹാം – ദൈവികഭാഷണം എന്നീ അനുഗ്രഹങ്ങളിൽനിന്ന് ഒരിക്കലും മാറ്റിവെക്കുന്നതല്ല. മറിച്ച്, നിങ്ങളുടെ പൂർവ്വികന്മാർക്ക് ലഭിച്ചതുപോലുള്ള എല്ലാ അനുഗ്രഹങ്ങളും നിങ്ങളിലും പൂർത്തിയാക്കിത്തരുന്നതാണ്. എന്നാൽ, ആരാണോ അഹങ്കാരത്തിന്റെ വഴിയിലൂടെ അല്ലാഹുവിന്റെ

(ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# അഹ്മദിയ്യാ ഫിഖ്ഹ്–5

## ഇബാദത്ത്: (തുടർച്ച)

ചുരുക്കത്തിൽ ഇസ്‌ലാമിൽ പ്രവേശിക്കുന്ന ഏതു ജനതയും നമസ്കാരത്തിൽ തങ്ങളുടെ പൂർവമതത്തിലെ ഉപചാരത്തിന്റേയും മഹത്ത്വത്തിന്റേയും ഇഷ്ടപ്പെട്ട രീതികണ്ട് അതിൽ സ്വന്തം ആത്മാവിന്റെ ശാന്തി ഉയർന്ന നിലയിൽ പ്രാപിക്കുന്നു. ഇസ്‌ലാമിൽ കാണുന്ന എത്ര വലിയ സവിശേഷതയാണിത്. മറ്റു ജനതകളിൽ ഇക്കാര്യം ഇത്ര സൂക്ഷ്മമായ രീതിയിൽ കാണാൻ കഴിയുന്നില്ല. ഇതിനു കാരണം ഇസ്‌ലാം ഒരു ആഗോള മതമാണെന്നതാണ്. മുഴുലോകവും അതിൽ പ്രവേശിക്കേണ്ടതുണ്ട്.

പിന്നെ ഇസ്‌ലാമിക നമസ്കാരത്തിലുള്ള എടുത്തുപറയാവുന്ന ഒരു പ്രത്യേകത ഫർള് നമസ്കാരത്തിനു മുമ്പേ വുളുവിന് പുറമെ കുറച്ച് സുന്നത്തുകളും നഫ്‌ലുകളും ശേഷവും കുറച്ച് സുന്നത്തുകളും നഫ്‌ലുകളും ദിക്റുകളും ഉപദേശിച്ചിരിക്കുന്നുവെന്നതാണ്; വിചാരവികാരങ്ങളെ ഏകീകരിക്കാനും മറ്റു കാര്യങ്ങളോടുള്ള ശ്രദ്ധ മാറ്റി തികച്ചും അല്ലാഹുവിനു വേണ്ടി ആകുന്നതിനുള്ള അവസരം മനുഷ്യന് ലഭ്യമാക്കുന്നതിനുമാണിത്. ഏതു ജോലിയും സമയത്തിനു കുറച്ചുമുമ്പേ ചെയ്യാൻ തുടങ്ങുകയാണെങ്കിൽ ഉദാഹരണത്തിന് നമുക്ക് 10 മണിക്കുള്ള തീവണ്ടിയിൽ പോകണമെങ്കിൽ 8 മണി മുതൽതന്നെ അതിന്റെ വിചാരമുണ്ടാകാൻ തുടങ്ങും. നമ്മൾ നോമ്പുപിടിച്ചിട്ടുണ്ടെങ്കിൽ സൂര്യൻ അസ്തമിക്കുന്നതിന് 15, 20 മിനിറ്റിനു മുമ്പേ നോമ്പു തുറക്കാനുള്ള തയ്യാറെടുപ്പുകൾ ആരംഭിക്കുന്നു. ഇതേ അവസ്ഥതന്നെയാണ് മറ്റു ജോലികളുടേതും. അതായത് ആദ്യത്തെ ജോലിയുടെ സ്വാധീനം കുറച്ചുസമയം വരെ നിലനില്ക്കുന്നു. അടുത്ത ജോലി കുറച്ചുസമയം മുമ്പേ ആരംഭിക്കുന്നു. ഇതു മനഃശാസ്ത്രപരമായൊരു യാഥാർഥ്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നമസ്കാരത്തിനുമുമ്പേ വുളുവും ശേഷം നഫ്‌ലുകൾ തുടങ്ങിയവയും വെച്ചിട്ടില്ലായിരുന്നെങ്കിൽ പകുതി നമസ്കാരം ആദ്യമുള്ള ചിന്തകളിലും പകുതി രണ്ടാമത്തെ ചിന്തകളിലും നഷ്ടപ്പെട്ടുപോകുന്നതുമായിരിക്കും. ഈ ന്യൂനത പരിഹരിക്കുന്നതിനാണ് അല്ലാഹു ആദ്യം വുളുവും പിന്നീട് ഫർളുകൾക്കു മുമ്പേ സുന്നത്തുകളും നഫ്‌ലുകളും വെച്ചിട്ടുള്ളത്. ഇപ്രകാരംതന്നെ ഫർളുകൾക്കു ശേഷവും കുറച്ചു സുന്നത്തുകളും നഫ്‌ലുകളും വെച്ചിരിക്കുന്നു.

ഇപ്രകാരം നമസ്കാരത്തെ അവൻ രണ്ടു ഭിത്തികൾക്കിടയിൽ സുരക്ഷിതമാക്കിവെക്കുകയും ഭൗതിക ചിന്താഗതികളിൽനിന്ന് മുക്തനായി നമസ്കാരമനുഷ്ഠിക്കുന്നതിനും ശയ്ത്വാനിന്റെ ആക്രമണങ്ങളിൽനിന്ന് എല്ലാവിധത്തിലും സുരക്ഷിതനായിരിക്കുന്നതിനും മനുഷ്യന് അവസരം കൊടുത്തിരിക്കുകയുമാണ്.

ഇസ്‌ലാം നമസ്കാരത്തിന് ഒരു ഖിബ്‌ല നിശ്ചയിച്ചിരിക്കുന്നു. നമസ്കരിക്കുന്ന ഓരോരുത്തരും അവിടേക്ക് മുഖംതിരിക്കുന്നു. ഉദാഹരണത്തിന് ആഫ്രിക്കക്കാർ കിഴക്കോട്ട് മുഖം തിരിക്കുന്നു. യൂറോപ്യൻകാർ തെക്കോട്ടു മുഖം തിരിക്കുന്നു. ഇറാൻകാർ തെക്കുപടിഞ്ഞാറേക്ക് മുഖം തിരിക്കുന്നു. പാക്കിസ്താൻകാരും ഇന്ത്യക്കാരും പടിഞ്ഞാറോട്ടു മുഖംതിരിക്കുന്നു. ഇപ്രകാരം ലോകം മുഴുവനുമുള്ള മുസ്‌ലിംകളിൽ അവർ വടക്കോ തെക്കോ കിഴക്കോ പടിഞ്ഞാറോ വസിക്കുന്നവരാകട്ടെ ഒരു ഭാഗത്തേക്ക് മുഖം തിരിച്ചു നില്ക്കുകയാണെന്ന ബോധം ശക്തമായും ഉണ്ടാകുന്നു. ഇത് ഐക്യത്തിനുള്ള വലിയ മാർഗമാണ്; മുസ്‌ലിംകൾ ഇതിൽനിന്ന് ഫലമെടുക്കുകയാണെങ്കിൽ. എന്നാൽ, അതിനോടൊപ്പംതന്നെ ഖിബ്‌ല അതിന്റെ സത്തയിൽ ഒരു വിശേഷതയും ഉൾക്കൊള്ളുന്നില്ലെന്നും ഇസ്‌ലാം പറഞ്ഞു. ശിർക്ക് ഉണ്ടാകാതിരിക്കാനാണിത്. വ ലില്ലാഹിൽ മശ്‌രിഖു വൽമഗ്‌രിബു ഫഅയ്നമാ തുവല്ലൂ ഫഥമ്മ വജ്ഹുല്ലാഹി എന്ന് അല്ലാഹു പറഞ്ഞതുപോലെ.(2:116)

അല്ലാഹുവിന് കിഴക്കും പടിഞ്ഞാറുമെല്ലാം ഒരുപോലെയാണ്. എങ്ങോട്ടു മുഖം തിരിച്ചാലും അവിടെ അല്ലാഹുവിനെ കാണുന്നതായിരിക്കും. ചുരുക്കിപ്പറഞ്ഞാൽ ഇബാദത്തിനെ ഈ സമ്പൂർണതവരെ ഒരു മതവും എത്തിച്ചിട്ടില്ല. ഇത് ഇസ്‌ലാമിന്റെ ശ്രേഷ്ഠതയ്ക്കുള്ള വലിയൊരു തെളിവാണ്.

ഇസ്‌ലാമിക ഇബാദത്തിൽ ജമാഅത്ത് അഥവാ കൂട്ടായ്മയുടെ അടിസ്ഥാനതത്ത്വം സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അത് മതത്തിന്റെ യഥാർഥ ഉദ്ദേശ്യമാണ്. മനുഷ്യജീവിതം രണ്ടു വശങ്ങൾ ഉൾക്കൊള്ളുന്നതാണെന്നത് പ്രകടമാണ്; വ്യക്തിഗതവും, സംഘടിതവും. മതം, രാഷ്ട്രീയം, ദേശീയത, ധാർമികം, സംസ്കാരം തുടങ്ങി എല്ലാ കാര്യങ്ങളിലും ഈ രണ്ട് വശങ്ങളും ശ്രദ്ധിക്കേണ്ടത് നിർബന്ധമാണ്. ഇല്ലെങ്കിൽ മനുഷ്യസമൂഹം മോശമായിപ്പോകും. ഏതൊരു ജനതകളാണോ രാഷ്ട്രീയത്തിൽ സംഘടിത ജീവിതവും അതിന്റെ ഉത്തരവാദിത്വവും ശ്രദ്ധിക്കാതിരുന്നത് അവർ അശക്തരായിപ്പോയി. ഇപ്രകാരം ഏതൊരു ജനതകളാണോ മനുഷ്യനെ വെറും രാഷ്ട്രീയ മെഷീന്റെ ഒരു ഉപകരണമായി കണ്ടത് അവരും മാനുഷികമായ അഭിവൃദ്ധിയുടെ വഴികളെ കൊട്ടിയടച്ചു. വ്യക്തിപരവും സംഘടിതവും രണ്ടും ഒരുപോലെ ഒരുസമയത്ത് തുല്യതയോടെ നിലനിറുത്തുക എന്നതാണ് അടിസ്ഥാനപരവും വിജയത്തിനുള്ളതുമായ മാർഗം. മതത്തിലും ഇതേ രീതി വിജയവും ഫലപ്രദവുമാകാവുന്നതാണ്. ഇസ്‌ലാം, ഈ യുക്തിയെ പ്രത്യേകമായ നിലയിൽ പരിഗണിച്ചിരിക്കുന്നു. സംഘടിതപരമായ ചൈതന്യത്തിന് മതത്തിൽ നിശ്ചിതവും ബഹുമാന്യവുമായ സ്ഥാനമാണ് പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നത്. ഉദാഹരണത്തിന് നമസ്കാരം; അത് വ്യക്തിപരമുണ്ട്. സംഘടിതപരവുമുണ്ട്. എന്നാൽ, അതിലുള്ള സംഘടിതപരമായ വർണത്തിന് ഒരു പ്രത്യേകതയുണ്ട്. കാരണം ഇസ്‌ലാമിൽ സംഘടിത നമസ്കാരം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു; ഭിന്നശേഷിക്കാരല്ലാത്ത എല്ലാവരും അതിൽ വരേണ്ടത് നിർബന്ധമാണെന്ന് മനസ്സിലാക്കപ്പെട്ടിരിക്കുന്നു.

നിങ്ങളുടെ മഹല്ലിലാണെങ്കിൽ നിങ്ങളുടെ മഹല്ലിലെ മസ്ജിദിൽ വന്ന് നമസ്കരിക്കാൻ ശ്രമിക്കണമെന്ന് ഇസ്‌ലാം നിർദ്ദേശിച്ചിരിക്കുന്നു. അതുമുഖേന മറ്റു അയൽവാസികളുമായുള്ള ബന്ധത്തിന്റേയും ഐക്യത്തിന്റേയും കൂട്ടായ്മയുടേയും ആത്മാവിന് വിശാലത കൈവരുന്നു. ഇപ്രകാരം ഇസ്‌ലാം ജമാഅത്ത് അഥവാ കൂട്ടായ്മയിൽനിന്ന് ലഭിക്കാവുന്ന ഫലം പൂർത്തിയാക്കാൻ ശ്രമിച്ചിരിക്കുന്നു.

(തുടരും)

## ബദ്ർ വീക്കിലിയുടെ ലക്കങ്ങൾ സൂക്ഷിച്ചുവെക്കുക

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തെ ഓർമയായ '**ബദ്ർ ആഴ്ചപ്പതിപ്പ്**' 1952 മുതൽ മുടങ്ങാതെ ഖാദിയാൻ ദാറുൽഅമാനിൽനിന്ന് പ്രസിദ്ധീകരിച്ചുവരുന്നു. അത് ജമാഅത്തംഗങ്ങളുടെ ദീനീപരമായ ആവശ്യങ്ങൾ നിറവേറ്റിക്കൊണ്ടിരിക്കുന്നു. ഇതിൽ വിശുദ്ധ ഖുർആനിലെ വചനങ്ങൾ, നബി(സ)തിരുമേനിയുടെ ഹദീഥുകൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മൽഫൂദാത്തിനും രചനകൾക്കും പുറമെ അമീറുൽമുഅ്മിനീൻ സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ പുതിയ ഖുത്വ്ബ ജുമുഅകളും പ്രഭാഷണങ്ങളും ചൈതന്യവത്തായ സന്ദേശങ്ങളും ചോദ്യോത്തര രൂപത്തിലുള്ള ജുമുഅ ഖുത്വ്ബകളും ഹുദൂറിന്റെ ഹൃദയസ്പർശിയായതും ആത്മീയവും ഭൗതികവുമായ ജ്ഞാനത്താൽ നിർഭരമായതുമായ പര്യടനറിപ്പോർട്ടുകളുടെ ഖജനാവുകളും പ്രസിദ്ധീകരിച്ചു വരുന്നു. അവ വായിക്കുകയും മറ്റുള്ളവരിൽ എത്തിക്കുകയും അവയനുസരിച്ച് കർമങ്ങൾ ചെയ്യുകയും അവ മുഖേന നമുക്കും നമ്മുടെ മക്കൾക്കും ശിക്ഷണം നല്കുകയും ചെയ്യുക എന്നത് നമ്മുടെ നിർബന്ധ കടമയാണ്. ഈ എല്ലാ ഉദ്ദേശ്യങ്ങളും പൂർത്തിയാക്കുന്നതിന് അതിന്റെ എല്ലാ ലക്കങ്ങളും കൈയിൽ സൂക്ഷിച്ചുവെക്കേണ്ടത് നമ്മുടെ പ്രധാനപ്പെട്ട ഉത്തരവാദിത്വമാണ്.

ദീനീ തഅ്‌ലീം തർബിയ്യത്ത് അടങ്ങിയ ഈ പരിശുദ്ധ പത്രം അതിനെ ആദരിക്കണമെന്ന് നമ്മളോടു ആവശ്യപ്പെടുന്നുണ്ട്. അതുകൊണ്ട് പാഴ്‌വസ്തുവായി അത് വില്ക്കുന്നത് അതിന്റെ പവിത്രത നഷ്ടപ്പെടുത്തുന്നതിന് കാരണമാകുന്നു. അത് സൂക്ഷിച്ചുവെക്കാൻ കഴിയുന്നില്ലെങ്കിൽ ആ പരിശുദ്ധ രചനകളുടെ പവിത്രത നിലനിറുത്താൻ വളരെ സൂക്ഷ്മതയോടുകൂടി നശിപ്പിച്ചുകളയുക. ജമാഅത്തംഗങ്ങൾ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുമെന്നും അതിൽനിന്ന് പരിപൂർണമായും ഫലമെടുത്തുകൊണ്ട് ഇവ പരിഗണിക്കുമെന്നും പ്രതീക്ഷിക്കുന്നു. (പത്രാധിപർ)




"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)

ജൽസസാലാന ഖാദിയാൻ 2018
എല്ലാ ജമാഅത്തംഗങ്ങൾക്കും
ആശംസകളോടെ......

എം. അബ്ദുൽ വഹാബ് (Business)
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം– 689 695. Phone: 9744653179.

# ഖുത്ബ ജുമുഅ

## ഹദ്റത്ത് അമ്മാർ(റ)ന്റെ ജീവിതത്തെ സംബന്ധിച്ച് കഴിഞ്ഞ ഖുത്ബയിൽ പറഞ്ഞ കാര്യങ്ങൾക്കു പുറമെ ചില കൂടുതൽ രിവായത്തുകളെ കുറിച്ചുള്ള ചർച്ച

## ഇപ്രകാരംതന്നെ ഹദ്റത്ത് അബൂലുബാബ ബിൻ അബ്ദിൽ മുൻദിറിന്റെ ജീവിതത്തിലെ ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങൾ

**ദീനീപരമായ അറിവു പഠിക്കാനും വിശുദ്ധ ഖുർആനിലെ അറിവ് കരസ്ഥമാക്കാനുമുള്ള സൗകര്യം ഇപ്പോൾ എല്ലാവർക്കും ലഭ്യമാണ്. അല്ലാഹു ഇക്കാലത്ത് എം.ടി.എ മുഖേന തർബിയ്യത്തിനുള്ള മഹത്തായ ഏർപ്പാടു ചെയതു തന്നിരിക്കുന്നു. നമ്മൾ ആഗ്രഹിക്കുന്ന പക്ഷം അതു മുഖേന ദീനീജ്ഞാനം കരസ്ഥമാക്കാവുന്നതാണ്. വിശുദ്ധ ഖുർആൻ ദർസും ഹദീഥ് ദർസും അതിൽ സംപ്രേഷണം ചെയ്യുന്നു. അതിൽ വാഗ്ദത്ത മസീഹിന്റെ ഗ്രന്ഥങ്ങളുടെ ദർസ് നല്കുന്നുണ്ട്. ഖുത്ബകളുണ്ട്; മറ്റുപ്രഭാഷണങ്ങളുമുണ്ട്. ജൽസകൾ സംപ്രേഷണം ചെയ്യുന്നുണ്ട്. ഈ നിലയിൽ നോക്കുമ്പോൾ, കുറഞ്ഞപക്ഷം നാം നമ്മളേയും നമ്മുടെ ഭാവി തലമുറകളേയും ഈ മാധ്യമവുമായി ബന്ധിപ്പിക്കുകയാണെങ്കിൽ അതു തർബിയ്യത്തിനുള്ള നല്ല മാർഗമായിത്തീരുന്നതാണ്. എല്ലാവിധ ഫിത്നകളിൽ നിന്നും ഫസാദുകളിൽ നിന്നും സംരക്ഷിക്കുന്നതോടൊപ്പം ദീനീജ്ഞാനം വർധിക്കുകയും ചെയ്യുന്നതാണ്. അതുകൊണ്ട് ഇക്കാര്യത്തിലേക്ക് ജമാഅത്തംഗങ്ങൾ വളരെ ശ്രദ്ധചെലുത്തേണ്ടതാണ്. അല്ലാഹു നല്കിയ എം.ടി.എ എന്ന ഈ അനുഗ്രഹവുമായി നിങ്ങൾ നിങ്ങളെ ബന്ധിപ്പിക്കുക.**

**ഖാളി മുഹമ്മദു സുലയ്മാൻ ഖാൻ സാഹിബിന്റെ മകൻ ശഹീദ് ഖാളി ശഅ്ബാൻ അഹ്മദ് സുലയ്മാൻ ഖാൻ സാഹിബിന്റേയും സേട്ട് മുഹമ്മദ് ഗൗഥ് സാഹിബിന്റെ മകൾ അമത്തുൽ ഹയ്യ് ബീഗം സാഹിബയുടേയും അനുസ്മരണവും ജനാസ നമസ്കാരവും**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2018 ജൂൺ 29/1397 ഹിജ്റത്ത് 29**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُولُهٗ

أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ- الرَّحْمٰنِ الرَّحِيمِ- مٰلِكِ يَوْمِ الدِّينِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ-

اِهْدِنَا الصِّرَاطَ الْمُسْتَقِيمَ- صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ-

കഴിഞ്ഞ ഖുത്ബയിൽ ഞാൻ ഹദ്റത്ത് അമ്മാറി(റ)നെക്കുറിച്ചായിരുന്നു പ്രതിപാദിച്ചിരുന്നത്. അദ്ദേഹത്തെസ്സംബന്ധിച്ച് വേറെയും ചില രിവായത്തുകളുണ്ടായിരുന്നു. ഇന്ന് ഞാൻ അതും വിവരിക്കുന്നതാണ്.

ഹദ്റത്ത് ഹസൻ(റ)നിൽ നിന്ന് നിവേദനം: ഹദ്റത്ത് അംറുബ്നുൽആസ്(റ) പറഞ്ഞു: 'നബി(സ)തിരുമേനി തന്റെ വിയോഗംവരെ ആരെയാണോ സ്നേഹിച്ചുകൊണ്ടിരുന്നത് അല്ലാഹു അയാളെ നരകത്തിലിടുമെന്ന് ഞാൻ കരുതുന്നില്ല.' നബി(സ) തിരുമേനി താങ്കളെ സ്നേഹിച്ചിരുന്നതായും താങ്കളെ സക്കാത്ത് പിരിക്കുന്ന ഉദ്യോഗസ്ഥനാക്കിയിരുന്നതായും തങ്ങൾ കണ്ടിട്ടുണ്ടെന്ന ആളുകൾ പറഞ്ഞു. ഹദ്റത്ത് അംറുബ്നുൽആസ്(റ) പറഞ്ഞു: 'നബി(സ)തിരുമേനി എന്നെ സ്നേഹിച്ചിരുന്നോ എന്നും എന്നെ ഇഷ്ടപ്പെട്ടിരുന്നോ എന്നും അല്ലാഹുവാണ് നല്ലവണ്ണം അറിയുന്നവൻ. പക്ഷേ, നബി(സ)തിരുമേനി എന്നും ഒരാളെ സ്നേഹിച്ചിരുന്നതായി ഞങ്ങൾ കണ്ടിരുന്നു.' ആ ആൾ ആരായിരുന്നുവെന്ന് ജനങ്ങൾ ചോദിച്ചു. ഹദ്റത്ത് അംറുബ്നുൽആസ്(റ) പറഞ്ഞു: 'നബി(സ)തിരുമേനി എപ്പോഴും സ്നേഹിച്ചിരുന്ന ആ വ്യക്തി അമ്മാറുബ്നു യാസിർ(റ) ആയിരുന്നു.' ജനങ്ങൾ ഇക്കാര്യം കേട്ടുകൊണ്ട് പറഞ്ഞു: 'സിഫ്ഫീൻ യുദ്ധത്തിൽ നിങ്ങൾതന്നെയാണ് അദ്ദേഹത്തെ ശഹീദാക്കിയത്.' ഹദ്റത്ത് അംറുബ്നുൽആസ്(റ) ആ നേരത്ത് അമീർ മുആവിയായുടെ പക്ഷത്തായിരുന്നു. ഹദ്റത്ത് അംറുബ്നുൽആസ്(റ) പറഞ്ഞു: 'അല്ലാഹുവാണ! ഞങ്ങൾ തന്നെയാണ് അദ്ദേഹത്തെ ശഹീദാക്കിയത്.'

മറ്റൊരു രിവായത്തിലുണ്ട്: ഹദ്റത്ത് അംറുബ്നുൽആസ്(റ) പറയുന്നു: 'ഞാൻ രണ്ടു പേരെക്കുറിച്ച് സാക്ഷിയാണ്. നബി(സ)തിരുമേനി തന്റെ വഫാത്തുവരെ അവരെ സ്നേഹിച്ചിരുന്നു. അവർ ഹദ്റത്ത് അബുദുല്ലാഹിബ്നു മസ്ഊദും ഹദ്റത്ത് അമ്മാറുബ്നു യാസിറുമായിരിന്നു.' (അത്ത്വബഖാത്തുൽ കുബ്റാ വാള്യം 3 പേജ് 199 അമ്മാറുബ്നുയാസിർ (റ), ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

അബൂബക്കർ ബിൻ മുഹമ്മദ് ബിൻ അംറ് ബിൻ ഹസം തന്റെ പിതാവിൽനിന്നു രിവായത്ത് ചെയ്യുന്നു. ഹദ്റത്ത് അമ്മാറുബ്നു യാസിറിനെ ശഹീദാക്കിയപ്പോൾ, അംറുബ്നു ഹസം, ഹദ്റത്ത് അംറുബ്നു ആസിന്റെ അടുക്കൽവന്നു. പറഞ്ഞു: 'അമ്മാറിനെ ശഹീദാക്കിയിരിക്കുന്നു. കലാപകാരികൾ അദ്ദേഹത്തെ ശഹീദാക്കുന്നതായിരിക്കുമെന്ന് നബി(സ) തിരുമേനി പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.' അപ്പോൾ ഹദ്റത്ത് അംറ് പരിഭ്രമിച്ചെഴുന്നേറ്റ് ഹദ്റത്ത് മുആവിയായുടെ അടുത്തുപോയി. ഹദ്റത്ത് മുആവിയ ചോദിച്ചു: 'നല്ലതുതന്നെയല്ലേ?' അദ്ദേഹം പറഞ്ഞു: 'ഹദ്റത്ത് അമ്മാറുബ്നു യാസിറിനെ ശഹീദാക്കിയിരിക്കുന്നു.' ഹദ്റത്ത് മുആവിയ ചോദിച്ചു: 'അമ്മാറിനെ ശഹീദാക്കിയെങ്കിൽ അതിലെന്താണ്?' ഹദ്റത്ത് അംറ് പറഞ്ഞു: 'അദ്ദേഹത്തെ കലാപകാരി സംഘമായിരിക്കും വധിക്കുകയെന്ന് നബി(സ) തിരുമേനി പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.' മുആവിയ പറഞ്ഞു: 'ഞങ്ങളാണോ അദ്ദേഹത്തെ ശഹീദാക്കിയത്? അദ്ദേഹത്തെ ഹദ്റത്ത് അലിയും കൂട്ടാളികളുമാണ് കൊല്ലിച്ചത്. അവർ അദ്ദേഹത്തെ കൊണ്ടുവന്ന് ഞങ്ങളുടെ കുന്തങ്ങളുടെ മുമ്പിലോ വാളുകളുടെ മുമ്പിലോ ഇടുകയായിരുന്നു.' (അൽമുസ്തദർക്ക് അലസ്സ്വഹീഹയ്ൻ, വാള്യം 3, പേജ് 474, കിതാബ് മഅ്രിഫത്തുസ്സ്വഹാബ, ദിക്ർ മനാഖിബ് അമ്മാറുബ്നു യാസിർ (റ)ഹദീഥ് 5726, മത്ബൂഅ ദാറുൽഹർമയ്ൻ ലിത്ത്വബാഅത്തിഹി വന്നശ്രി വത്തൗസീഇ, 1997)

എന്തായാലും ഹദ്റത്ത് അംറുബ്നുൽആസിൽ നന്മയുണ്ടായിരുന്നു. അതുകൊണ്ടാണ് അദ്ദേഹത്തിന് ആ ചിന്തയുണ്ടായത്. പക്ഷേ, അമീർ മുആവിയ അതിന് അത്ര പ്രാധാന്യം നല്കിയില്ല. നബി(സ) തിരുമേനി ആരെയെങ്കിലും കുറിച്ച് മുന്നറിയിപ്പോ, എന്തെങ്കിലും സന്തോഷവാർത്തയോ നല്കുന്നത് ആരിൽനിന്നെങ്കിലും കേൾക്കുകയോ അല്ലെങ്കിൽ അത് നേരിട്ട് കേൾക്കുകയോ ചെയ്യുമ്പോൾ സ്വഹാബാക്കൾക്ക് ആശങ്ക ഉണ്ടാകുമായിരുന്നു.

ഹദ്റത്ത് ആയിശാ(റ), അമ്മാറിനെക്കുറിച്ച് പറഞ്ഞു: 'കാല്പാദംമുതൽ തലയുടെ അറ്റംവരെ വിശ്വാസത്താൽ നിറഞ്ഞ വ്യക്തിയായിരുന്നു അദ്ദേഹം.' (ഫളാഇലുസ്സ്വഹാബ, ഇമാം അഹ്മദ് ബിൻ ഹമ്പൽ മുതർജ്ജിം പേജ് 520, ഫളാഇലു സയ്യിദുനാ അമ്മാറുബ്നുയാസിർ(റ)മുതർജ്ജിം നവേദ് അഹ്മദ് ബിശാർ, ബുക് കോർണർ പ്രിന്റേഴ്സ് പബ്ലിഷേർസ് 2016)

ഹദ്റത്ത് ഉമറി(റ)ന്റെ തിരുസന്നിധിയിൽ ഹദ്റത്ത് ഖബ്ബാബ് ഹാജറായപ്പോൾ ഹദ്റത്ത് ഉമർ അദ്ദേഹത്തോടു പറഞ്ഞു: 'അടുത്തു വരൂ, അമ്മാറിനെ കഴിച്ചാൽ താങ്കളല്ലാതെ ഈ മജ്ലിസിന് അർഹതപ്പെട്ട മറ്റാരുമില്ല.' അനന്തരം ഹദ്റത്ത് ഖബ്ബാബ്(റ) മുശ്രിക്കുകളിൽനിന്നേറ്റ തന്റെ അരയിലെ മുറിപ്പാടുകൾ ഹദ്റത്ത് ഉമറി(റ)ന് കാണിച്ചുകൊടുക്കാൻ തുടങ്ങി.'(സുനൻ ഇബ്നുമാജ, കിതാബുസ്സുന്ന, ബാബു ഫളാഇലു ഖബ്ബാബ്(റ)ഹദീഥ് 153)

ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തെ സ്വീകരിച്ചാദരിക്കുകയായിരുന്നു. കാരണം അദ്ദേഹത്തിന് ആദ്യകാലങ്ങളിൽ ഒരുപാട് പ്രയാസങ്ങൾ സഹിക്കേണ്ടിവന്നിരുന്നു. അതോടൊപ്പം ഹദ്റത്ത് അമ്മാറിനെ സംബന്ധിച്ച് പറഞ്ഞു: 'അദ്ദേഹവും വളരെയധികം യാതനകൾ സഹിച്ചിട്ടുണ്ട്.'

ഹദ്റത്ത് അമ്മാറിന്റെ ഒരു രിവായത്ത് ഹദ്റത്ത് അലി(റ)യുടെ ശഹാദത്തിനെ കുറിച്ചുണ്ട്. അത് നബി(സ)തിരുമേനിയുടെ പ്രവചനത്തെ സംബന്ധിച്ചാണ്. ഹദ്റത്ത് അമ്മാറുബ്നു യാസിർ (റ)നിവേദനം. ഒരിക്കൽ ദാത്തുൽ അശീറ യുദ്ധത്തിൽ ഞാനും ഹദ്റത്ത് അലിയും ഒരുമിച്ച് യാത്ര ചെയ്യുകയായിരുന്നു.

നബി(സ)തിരുമേനി ഒരു സ്ഥലത്ത് താവളമടിച്ചു. ബനുമുദുലജിലെ കുറച്ചാളുകൾ തങ്ങളുടെ തോട്ടങ്ങളിലെ അരുവികളിൽ ജോലിചെയ്തുകൊണ്ടിരിക്കുന്നതായി ഞങ്ങൾ കണ്ടു. ഇവരെങ്ങനെയാണ് ജോലി ചെയ്യുന്നതെന്ന് അവരുടെയടുക്കൽപോയി നമുക്ക് നോക്കാമെന്ന് ഹദ്റത്ത് അലി(റ) എന്നോടു പറഞ്ഞു. അങ്ങനെ ഞങ്ങൾ അവരുടെ അടുക്കൽ പോയി. കുറച്ചുസമയം ഞങ്ങൾ അവരുടെ ജോലി നോക്കിനിന്നു. പിന്നീട് ഞങ്ങൾക്ക് ഉറക്കംവന്നു. അങ്ങനെ ഞാനും അലിയും തിരിച്ചുവന്ന് ഒരു തോട്ടത്തിൽ മണ്ണിൽത്തന്നെ കിടന്നു. അല്ലാഹുവാണ! ഞങ്ങളെ നബി(സ)തിരുമേനിതന്നെയാണ് വന്ന് ഉണർത്തിയത്. അവിടന്ന് ഞങ്ങളുടെ കാലുപിടിച്ചു കുലുക്കി. ഞങ്ങൾ മണ്ണിൽ കുളിച്ചിരിക്കുകയായിരുന്നു. ആ ദിവസം നബി(സ) തിരുമേനി ഹദ്റത്ത് അലിയോടു പറഞ്ഞു: 'അബൂതുറാബേ! (അദ്ദേഹത്തിന്റെ ദേഹത്ത് മണ്ണ് പൊതിഞ്ഞതുകണ്ട് നബി(സ) തിരുമേനി മണ്ണിന്റെ പിതാവേ എന്ന് വിളിക്കുകയായിരുന്നു). അവിടന്ന് പറഞ്ഞു: ജനങ്ങളിൽ ഏറ്റവും ദുഷ്ടന്മാരായ രണ്ടുപേരെ കുറിച്ച് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? ഞങ്ങൾ പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ! പറഞ്ഞുതന്നാലും. അവിടന്ന് പറഞ്ഞു: ഒരാൾ ഥമൂദ് ജനതയിൽപെട്ട

ചെമപ്പും വെളുപ്പും നിറമുള്ളയാളാണ്. അയാളാണ് ഒട്ടകത്തിന്റെ പിൻതുട ഞരമ്പ് മുറിച്ചത്. രണ്ടാമത്തെയാൾ ഏ അലീ! താങ്കളുടെ തലയിൽ വെട്ടുകയും താങ്കളുടെ താടി ചോരകൊണ്ട് നനയ്ക്കുകയും ചെയ്യുന്നയാളാണ്.' (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാള്യം 6, പേജ് 261, ഹദീഥ് അമ്മാറുബ്നു യാസിർ ഹദീഥ് 1851 മത്ബൂഅ ആലമുൽ കുതുബ് ബേറൂത്ത് 1998)

അബൂമിജ്‌ലസ് പറയുന്നു: 'ഒരിക്കൽ ഹദ്റത്ത് അമ്മാർ(റ) വളരെ ഹ്രസ്വമായി നമസ്കരിപ്പിച്ചു. അതിന്റെ കാരണം ആരോ അന്വേഷിച്ചപ്പോൾ അദ്ദേഹം പറഞ്ഞു:'നബി(സ)തിരുമേനി നിർവഹിച്ച നമസ്കാരത്തിൽ നിന്നും ഞാൻ തെല്ലിട വ്യത്യാസം വരുത്തിയിട്ടില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാള്യം 6 പേജ് 262, ഹദീഥ് അമ്മാറുബ്നു യാസിർ ഹദീഥ് 18514, മത്ബൂഅ ആലമുൽ കുതുബ് ബേറൂത്ത് 1998)

ഈ നിവേദനത്തിന്റെ ഒരു വിശദീകരണം മറ്റൊരു രീതിയിൽ ലഭിക്കുന്നത് ഇപ്രകാരമാണ്: അബൂ മിജ്‌ലസ്തന്നെ പറയുന്നു: ഒരിക്കൽ ഹദ്റത്ത് അമ്മാറുബ്നു യാസിർ(റ) വളരെ ഹ്രസ്വമായി നമസ്കരിപ്പിച്ചപ്പോൾ ജനങ്ങൾ അത്ഭുതപ്പെട്ടു. ഹദ്റത്ത് അമ്മാർ ചോദിച്ചു: 'റുകൂഉം സുജൂദും ഞാൻ പൂർത്തിയാക്കിയിരുന്നില്ലേ?' ജനങ്ങൾ പറഞ്ഞു: 'അതേ.' ഹദ്റത്ത് അമ്മാർ പറഞ്ഞു: 'ഇതിൽ ഞാൻ നബി(സ) തിരുമേനി ചൊല്ലാറുണ്ടായിരുന്ന ഒരു ദുആ ചൊല്ലിയിരിക്കുന്നു. ആ ദുആ ഇതാണ്:

**അല്ലാഹുമ്മ ബിഇൽമിക്കൽഗയ്ബ വ ഖുദ്റത്തിക്ക അലൽ ഖൽഖി അഹ്‌യിനീ മാ അലിംമതൽ ഹയാത്ത ഖയ്റൻ ലീ വ തവഫ്ഫനീ ഇദാ കാനത്തിൽ വഫാത്തു ഖയ്റൻ ലീ അസ്അലുക്ക ഖശിയത്തക്ക ഫിൽ ഗയ്ബി വ ശ്ശഹാദത്തി വ കലിമത്തൽഹഖി ഫിൽ ഗദബി വർരിളാ വൽഖസ്ദ് ദ ഫിൽ ഫഖ്‌രി വൽഗിനാ വ ലദ്ദത്തുന്നളരി ഇലാ വജ്ഹിക്ക വശ്ശൗഖ ഇലാ ലിഖാഇക്ക വ അഊദുബിക്ക മിൻ ളർറാഅ മളർറത്തിൻ വമിൻ ഫിത്നത്തി മുളില്ലത്തി അല്ലാഹുമ്മ സയ്യിന്നാ ബി സീനത്തിൽ ഈമാനി വജ്അൽനാ ഹുദാത്തൻ മഹ്ദിയ്യീൻ**

'അല്ലാഹുവേ, അദൃശ്യകാര്യങ്ങളറിയുന്നവൻ നീ മാത്രമാണ്. സർവസൃഷ്ടികളേയും നിന്റെ ശക്തി പ്രഭാവം വലയം ചെയ്തിരിക്കുന്നു. എന്റെ ജീവിതം നിന്റെ അറിവിൽ എനിക്ക് നല്ലതായി ഭവിക്കുംവരെ നീ എന്നെ ജീവിപ്പിക്കേണമേ. മരണം എനിക്ക് നല്ലതായിത്തീരുമ്പോൾ എന്നെ മരിപ്പിക്കുകയും ചെയ്യേണമേ. അല്ലാഹുവേ, പ്രത്യക്ഷത്തിലും പരോക്ഷത്തിലും നിന്നോടുള്ള ഭയത്തെ ഞാൻ തേടുന്നു. കോപത്തിന്റേയും തൃപ്തിയുടേയും അവസ്ഥകളിൽ സത്യവാചകം ചൊല്ലാനുള്ള ശക്തി ഞാൻ ചോദിക്കുന്നു. ആരോഗ്യത്തിലും സമൃദ്ധിയിലും മിതത്വം അവലംബിക്കാൻ വേണ്ടിയും; മുഖം പ്രസന്നമാക്കുന്ന നിന്റെ നോട്ടത്തെയും; നിന്നെ കണ്ടുമുട്ടാനുള്ള താത്പര്യത്തേയും ഞാൻ ചോദിക്കുന്നു. പ്രയാസകരമായ കാര്യത്തിൽനിന്നും വഴിപിഴപ്പിക്കുന്ന ഫിത്നകളിൽനിന്നും ഞാൻ നിന്നെ അഭയം തേടുന്നു. അല്ലാഹുവേ, ഞങ്ങളെ ഈമാനിന്റെ സൗന്ദര്യത്താൽ അലംകൃതമാക്കേണമേ. ഹിദായത്ത് ലഭിക്കുന്ന ജനങ്ങൾക്ക് ഞങ്ങളെ മാർഗദർശികളാക്കുകയും ചെയ്യേണമേ.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാള്യം 6 പേജ് 262, ഹദീഥ് അമ്മാറുബ്നു യാസിർ ഹദീഥ് 18515, മത്ബൂഅ ആലമുൽ കുതുബ് ബേറൂത്ത് 1998)

ഹദ്റത്ത് അമ്മാറുബ്നു യാസിർ എല്ലാ ജുമുഅയ്ക്കും മിമ്പറിൽ സൂറ യാസീൻ ഓതാറുണ്ടായിരുന്നുവെന്നും രിവായത്തിൽ വന്നിട്ടുണ്ട്. (അത്ത്വബഖാത്തുൽ കുബ്റാ വാള്യം 3 പേജ് 193 അമ്മാറുബ്നുയാസിർ(റ), മത്ബൂഅ ദാറു അഹ്‌യാഉത്തുറാഥുൽഅറബി ബേറൂത്ത് 1990)

അബൂ നൗഫൽ ബിൻ അബീ അഖ്റബ് പറയുന്നു: 'മറ്റാരേക്കാളും മിതഭാഷിയും മൗനിയുമായ വ്യക്തിയായിരുന്നു ഹദ്റത്ത് അമ്മാറുബ്നു യാസിർ. താൻ ഫിത്നയിൽ നിന്ന് അല്ലാഹുവിനെ അഭയം തേടുന്നു, താൻ ഫിത്നയിൽനിന്ന് അല്ലാഹുവിനെ അഭയം തേടുന്നുവെന്ന് അദ്ദേഹം പ്രാർഥിക്കാറുണ്ടായിരുന്നു.(അത്ത്വബഖാത്തുൽ കുബ്റാ വാള്യം 3 പേജ് 194 അമ്മാറുബ്നുയാസിർ(റ), മത്ബൂഅ ദാറു അഹ്‌യാഉത്തുറാഥുൽഅറബി ബേറൂത്ത് 1990)

ഖയ്ഥമ ബിൻ അബീ സബ്റ പറയുന്നു: 'ഞാൻ മദീനയിൽ വന്ന് സദ്‌വൃത്തനായ ഒരാളുടെ സഹവാസം ലഭിക്കേണമേ എന്ന് അല്ലാഹുവിനോട് ദുആ ചെയ്തു. അങ്ങനെ അല്ലാഹു എനിക്ക് അബൂഹുറയ്റയുടെ സഹവാസം തന്നനുഗ്രഹിച്ചു. ഞാൻ ഏതു ആളുകളിൽപ്പെട്ടയാളാണെന്ന് അബൂഹുറയ്റ ചോദിച്ചപ്പോൾ 'കൂഫയുമായിട്ടാണ് എന്റെ ബന്ധമെന്നും അറിവും നന്മയും ആർജിക്കാൻ വന്നതാണെന്നും പറഞ്ഞു.' അപ്പോൾ അബൂഹുറയ്റ പറഞ്ഞു: മുജീബുദ്ദഅ്‌വത്ത്(ദുആ സ്വീകരിക്കപ്പെടുന്ന വ്യക്തി) ഹദ്റത്ത് സഅ്ദുബ്നു അബീവഖ്ഖാസ്വും നബി(സ)തിരുമേനിയുടെ വെള്ളവും പാദരക്ഷകളും വഹിച്ചിരുന്ന അബ്ദുല്ലാഹിബ്നു മസ്ഊദും നബി(സ)തിരുമേനിയുടെ രഹസ്യമറിയുന്ന ഹുദയ്ഫത്തുബ്നുൽയമാനും അല്ലാഹു സാത്താനിൽ നിന്ന് അഭയം നല്കിയെന്ന് നബി(സ) തിരുമേനിയുടെ പരിശുദ്ധ നാവ് മൊഴിഞ്ഞിട്ടുള്ള അമ്മാറുബ്നു യാസിറും ഇഞ്ചീലിലെയും ഖുർആനിലെയും ജ്ഞാനം ലഭിച്ചിട്ടുള്ള ഹദ്റത്ത് സൽമാനുൽ ഫാർസിയും അവിടെ ഇല്ലേ?'(അൽമുസ്തദർക്ക് അലസ്സ്വഹീഹയ്ൻ, വാള്യം 3, പേജ് 481, കിതാബ് മഅ്രിഫത്തുസ്സ്വഹാബ, ദിക്ർ മനാഖിബ് അമ്മാറുബ്നു യാസിർ (റ)ഹദീഥ് 5746, മത്ബൂഅ ദാറുൽഹർമയ്ൻ ലിത്ത്വബാഅത്തിഹി വന്നശ്രി വത്തൗസീഉ, 1997) ഇവർ അവിടെ ഉണ്ടായിരിക്കെ താങ്കൾ എന്തുകൊണ്ട് അവരെ പ്രയോജനപ്പെടുത്തിയില്ല? എന്ന് അദ്ദേഹം ചോദിക്കുകയായിരുന്നു.

മുഹമ്മദ് ബിൻ അലിയ്യു ബിൻ ഹൻഫിയ വിവരിക്കുന്നു: ഹദ്റത്ത് അമ്മാറുബ്നു യാസിർ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജറായി. നബി(സ)തിരുമേനിയ്ക്ക് അപ്പോൾ സുഖമുണ്ടായിരുന്നില്ല. ഹദ്റത്ത് അമ്മാറിനോട് നബി(സ) പറഞ്ഞു: 'ജിബ്‌രീൽ എന്റെമേൽ മന്ത്രിച്ചൂതിയ ആ പ്രാർഥന ഞാൻ താങ്കൾക്കു പഠിപ്പിച്ചുതരട്ടെയോ? ഹദ്റത്ത് അമ്മാർ പറഞ്ഞു: തീർച്ചയായും യാ റസൂലുല്ലാഹ്. അങ്ങനെ നബി(സ)തിരുമേനി ഈ പ്രാർഥന അദ്ദേഹത്തെ പഠിപ്പിച്ചു. **ബിസ്മില്ലാഹി അർഖീക്ക വല്ലാഹു യശ്ഫീക്ക മിൻ കുല്ലി ദാഇൻ യുഅ്ദീക്കഹു.**

ഞാൻ അല്ലാഹുവിന്റെ നാമത്തിൽ ആരംഭിച്ചുകൊണ്ട് നിന്നെ മന്ത്രിച്ചൂതുന്നു. നിന്നെ പ്രയാസപ്പെടുത്തുന്ന എല്ലാ രോഗങ്ങളിൽനിന്നും അല്ലാഹു സൗഖ്യം നല്കട്ടെ. നീ ഇത് മുറുകെ പിടിക്കുകയും സന്തോഷിക്കുകയും ചെയ്യുക.' (അൽമുസ്തദർക്ക് അലസ്സ്വഹീഹയ്ൻ, വാള്യം 3, പേജ് 481-482, കിതാബ് മഅ്രിഫത്തുസ്സ്വഹാബ, ദിക്ർ മനാഖിബ് അമ്മാറുബ്നു യാസിർ(റ)ഹദീഥ് 5748, മത്ബൂഅ ദാറുൽഹർമയ്ൻ ലിത്ത്വബാഅത്തിഹി വന്നശ്രി വത്തൗസീഉ, 1997)

ഹദ്റത്ത് അനസി(റ)ൽ നിന്ന് നിവേദനം: നബി(സ)തിരുമേനി പറഞ്ഞു: 'ഹദ്റത്ത് അലിയെയും ഹദ്റത്ത് അമ്മാറിനെയും ഹദ്റത്ത് സൽമാനെയും ഹദ്റത്ത് ബിലാലിനെയും(റ) സ്വർഗം കാത്തിരിക്കുന്നു.' (അൽഇസ്തീആബ്, വാള്യം 3, പേജ് 1138, അമ്മാറുബ്നുയാസിർ(റ)മത്ബൂഅ ദാറുൽ ജയ്ൽ ബേറൂത്ത് 1992)

ഹദ്റത്ത് ഹുദയ്ഫയിൽനിന്ന് നിവേദനം: "ഞങ്ങൾ നബി(സ)തിരുമേനിയുടെ അടുക്കൽ ഇരിക്കുകയായിരുന്നു. അവിടന്ന് പറഞ്ഞു: 'ഞാൻ എത്ര കാലം നിങ്ങളുടെ ഇടയിൽ ഉണ്ടാകുമെന്ന് എനിക്കറിഞ്ഞുകൂടാ.' തുടർന്ന് "ഹദ്റത്ത് അബൂബക്കറിനെയും ഹദ്റത്ത് ഉമറിനെയും ചൂണ്ടിക്കാണിച്ചുകൊണ്ട് അവരെ പിൻപറ്റണമെന്നും ഹദ്റത്ത് അമ്മാറിന്റെ മാർഗത്തെ അവലംബിക്കണമെന്നും ഇബ്നു മസ്ഊദ് വിവരിക്കുന്നതിനെ സാക്ഷ്യപ്പെടുത്തണമെന്നും അവിടന്ന് പറഞ്ഞു."(സുനനുത്തുർമുദി, അബ്‌വാബുൽമനാഖിബ് ബാബു മനാഖിബ് അമ്മാറുബ്നുയാസിർ(റ)ഹദീഥ് 3799)

ഹദ്റത്ത് അമ്മാർ(റ)നെ കുറിച്ചുതന്നെ അദ്ദേഹം കലാപകാരികളുടെ വഞ്ചനയിൽ അകപ്പെട്ടിരുന്നുവെന്ന് കഴിഞ്ഞ ആഴ്ച പറഞ്ഞിരുന്നു. ഹദ്റത്ത് ഉഥ്മാൻ(റ) അദ്ദേഹത്തെ ഗവർണറെ കുറിച്ച് അന്വേഷിക്കാൻ അയച്ചപ്പോൾ അദ്ദേഹം കലാപകാരികളുടെ സംഘത്തിന്റെ അടുക്കൽ ചെന്നു. പൂർണമായും അന്വേഷണം നടന്നില്ല. ഇക്കാര്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ (റ)ഒരിടത്തെഴുതിയിരിക്കുന്നു:

ഹദ്റത്ത് ഉഥ്മാനെതിരിൽ കുഴപ്പമുണ്ടായതും ഖിലാഫത്തിനെതിരിൽ എല്ലാ കാര്യങ്ങളും സംഭവിച്ചതിനും കാരണം ജനങ്ങളുടെ തർബിയ്യത്ത് ശരിയായ നിലയിൽ നടക്കാത്തതായിരുന്നു. വളരെ വിരളമായിട്ടാണ് അവർ കേന്ദ്രത്തിൽ വന്നിരുന്നത്. ഖുർആനിക ജ്ഞാനവും ദീനി ജ്ഞാനവും വളരെ കുറവായിരുന്നു അവർക്ക്. അതുകൊണ്ട് ഇതിൽനിന്ന് ആളുകൾ പാഠം ഉൾക്കൊള്ളണമെന്നും ഖുർആൻ പഠിക്കണമെന്നും കേന്ദ്രവുമായി എപ്പോഴും സമ്പർക്കം പുലർത്തണമെന്നും ദീനിജ്ഞാനം ആർജിക്കണമെന്നും അദ്ദേഹം ആ നേരത്തു ജമാഅത്തിനെ ഉപദേശിച്ചു. ജമാഅത്തിൽ വല്ല ഫിത്നയും എപ്പോഴെങ്കിലുമുണ്ടായാൽ അതിൽനിന്ന് രക്ഷ പ്രാപിക്കാൻ വേണ്ടിയായിരുന്നു അത്.(അൻവാറെ ഖിലാഫത്ത്, അൻവാറുൽ ഉലൂം വാള്യം 3, പേജ് 171)

ഇക്കാര്യം നമ്മൾ എപ്പോഴും ഓർമവെക്കേണ്ടതാണ്. എല്ലാവർക്കും കേന്ദ്രത്തിൽ വരാൻ സാധ്യമല്ല. ഇപ്രകാരം ഖിലാഫത്തുമായി വ്യക്തിഗതമായ ബന്ധം ഉണ്ടാകുകയുമില്ല. പക്ഷേ, ഒരു കാര്യം എന്തായാലുമുണ്ട്; ദീനീപരമായ അറിവു പഠിക്കാനും വിശുദ്ധ ഖുർആനിലെ അറിവ് കരസ്ഥമാക്കാനുമുള്ള സൗകര്യം ഇപ്പോൾ എല്ലാവർക്കും ലഭ്യമാണ്. അല്ലാഹു ഇക്കാലത്ത് എം.ടി.എ മുഖേന തർബിയ്യത്തിനുള്ള മഹത്തായ ഏർപ്പാടു ചെയതു തന്നിരിക്കുന്നു. നമ്മൾ ആഗ്രഹിക്കുന്ന പക്ഷം അതു മുഖേന ദീനീജ്ഞാനം കരസ്ഥമാക്കാവുന്നതാണ്. വിശുദ്ധ ഖുർആൻ ദർസും ഹദീഥ് ദർസും അതിൽ സംപ്രേഷണം ചെയ്യുന്നു. അതിൽ വാഗ്ദത്ത മസീഹിന്റെ ഗ്രന്ഥങ്ങളുടെ ദർസ് നല്കുന്നുണ്ട്. ഖുത്ബകളുണ്ട്; മറ്റു പ്രഭാഷണങ്ങളുമുണ്ട്. ജൽസകൾ സംപ്രേഷണം ചെയ്യുന്നുണ്ട്. ഈ നിലയിൽ നോക്കുമ്പോൾ, കുറഞ്ഞപക്ഷം നാം നമ്മളേയും നമ്മുടെ ഭാവി തലമുറകളേയും ഈ മാധ്യമവുമായി ബന്ധിപ്പിക്കുകയാണെങ്കിൽ അതു തർബിയ്യത്തിനുള്ള നല്ല മർഗമായിത്തീരുന്നതാണ്. എല്ലാവിധ ഫിത്നകളിൽ നിന്നും ഫസാദുകളിൽ നിന്നും സംരക്ഷിക്കുന്നതോടൊപ്പം ദീനീജ്ഞാനം വർധിക്കുകയും ചെയ്യുന്നതാണ്. അതുകൊണ്ട് ഇക്കാര്യത്തിലേക്ക് ജമാഅത്തംഗങ്ങൾ വളരെ ശ്രദ്ധചെലുത്തേണ്ടതാണ്. അല്ലാഹു നല്കിയ എം.ടി.എ എന്ന ഈ അനുഗ്രഹവുമായി നിങ്ങൾ നിങ്ങളെ ബന്ധിപ്പിക്കുക.

അബൂ ലുബാബ(റ)ബിൻ അബ്ദിൽ മുൻദിർ മറ്റൊരു സ്വഹാബിയാണ്. അദ്ദേഹത്തെ കുറിച്ചും ചിലകാര്യങ്ങൾ പറയുന്നതാണ്. ഹദ്റത്ത് അബൂ

**"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."**
**(ഖുത്ബ ജുമുഅ, 2017 മെയ് 5)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)**

**"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)**

ലുബാബയുടെ പേരിന്റെ കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ട്. ബശീർ എന്നാണ് അദ്ദേഹത്തിന്റെ പേരെന്ന് ചിലർ പറയുന്നു. ഇബ്നു ഇസ്ഹാഖിന്റെ പക്കൽ അദ്ദേഹത്തിന്റെ പേര് റഫാഅ എന്നാണ്. അല്ലാമ സമഖ്ശരിയുടെ പക്കൽ അദ്ദേഹത്തിന്റെ പേര് മർവാൻ എന്നാണ്. എന്തായാലും അൻസ്വാറിലെ ഖബീലയായ ഔസുമായിട്ടാണ് അദ്ദേഹത്തിന്റെ ബന്ധം. 12 പ്രധാനികളിൽപ്പെട്ടയാളായിരുന്നു. അഖ്ബാ ബയ്അത്തിൽ അദ്ദേഹം പങ്കെടുത്തിരുന്നു.

ബദ്ർ യുദ്ധ അവസരത്തിൽ നബി(സ)തിരുമേനി മദീനയിൽനിന്ന് പുറപ്പെടുമ്പോൾ തന്റെ പിന്നിൽ ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഉമ്മി മക്തൂമിനെ മദീനയുടെ അമീറായി നിശ്ചയിച്ചു. പക്ഷേ, അവിടന്ന് (സ)മദീനയ്ക്ക് 36 മൈൽ ദൂരത്തുള്ള റൗഹാ എന്ന സ്ഥലത്തിനടുത്തെത്തിയപ്പോൾ-അബ്ദുല്ലാഹ് കണ്ണുകാണാത്ത ആളായതിനാൽ, ഖുറയ്ശീസൈന്യം വരുന്നുണ്ട് എന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ മദീനയിൽ ശക്തമായ സംവിധാനം ആവശ്യമാണെന്ന് മനസ്സിലാക്കി അബൂലുബാബ ബിൻ മുൻദിറിനെ മദീനയുടെ അമീറായി നിശ്ചയിച്ച് തിരിച്ചയച്ചു. ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഉമ്മി മക്തൂം നമസ്കാരത്തിൽ ഇമാമത്ത് വഹിച്ചാൽ മാത്രം മതിയെന്നും ഭരണസംവിധാനം അബൂലുബാബ കൈകാര്യം ചെയ്യുമെന്നും അവിടന്ന് കല്പന നല്കി.'(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ പേജ് 354)

അങ്ങനെ അദ്ദേഹം പാതിവഴിയിൽവച്ച് തിരിച്ചു പോവുകയായിരുന്നു. "ഗനീമത്തു മുതലിൽനിന്ന് അദ്ദേഹത്തിനും പങ്കു നിശ്ചയിച്ചുവെന്നാണ് ഇബ്നു ഇസ്ഹാഖ് പറയുന്നത്."(അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ, വാള്യം 7, പേജ് 290, അബൂലുബാബ ബിൻ അബ് ദിൽ മുൻദിർ മത്ബൂഅ ദാരുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995)

ബദ്ർയുദ്ധവേളയിൽ നബി(സ)തിരുമേനിയും ഹദ്റത്ത് അലി(റ)യും ഹദ്റത്ത് അബൂലുബാബയും ഊഴമനുസരിച്ചാണ് ഒട്ടകപ്പുറത്ത് യാത്ര ചെയ്തിരുന്നത്. അല്ലാഹുവിന്റെ റസൂലേ! അങ്ങ് ഒട്ടകപ്പുറത്ത് ഇരുന്നുകൊള്ളുക, തങ്ങൾ നടന്നു കൊള്ളാമെന്ന് ഹദ്റത്ത് അലിയും ഹദ്റത്ത് അബൂലുബാബയും പറഞ്ഞുവെങ്കിലും നബി(സ)തിരുമേനി അതു സമ്മതിച്ചില്ല. അവിടന്ന് പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: 'നടത്തത്തിൽ നിങ്ങളേക്കാളേറെ ശക്തനാണ് ഞാൻ; മാത്രമല്ല, ഞാനും നിങ്ങളെപ്പോലെതന്നെ അല്ലാഹുവിന്റെ പ്രതിഫലം കാംക്ഷിക്കുന്നവനാണ്.' (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ പേജ് 353)(അത്ത്വബഖാത്തുൽ കുബ്റാ വാള്യം 2 പേജ് 15-16,ഗസ്വയെ ബദ്ർ, മത്ബൂഅ ദാറു അഹ്യാഉത്തുറാഥുൽഅറബി ബേറൂത്ത് 1990)

ബദ്ർ യുദ്ധം കഴിഞ്ഞ് നബി(സ)തിരുമേനി സയ്ദുബ്നു ഹാരിഥയെ സന്തോഷ വാർത്ത അറിയിക്കുന്നതിനായി മദീനയിലേക്കയച്ചു. നബി(സ)തിരുമേനിയുടെ ഒട്ടകപ്പുറത്താണ് ഹദ്റത്ത് സയ്ദ് വന്നത്. അദ്ദേഹം മുസ്വല്ലയിൽ (നമസ്കരിക്കുന്ന സ്ഥലം) എത്തിയപ്പോൾ, ഒട്ടകപ്പുറത്തിരുന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: 'റബീഅയുടെ രണ്ടു മക്കളായ ഉത്ബയും ശേയ്ബയും, ഹജ്ജാജിന്റെ മകൻ അബൂജഹ്ലും, അബുൽ ബഖ്ത്തരി, സംഅബിൻ അസ്വദ്, ഉമയ്യ ബിൻ ഖൽഫ് ഇവരെല്ലാം കൊല്ലപ്പെട്ടിരിക്കുന്നു. സുഹയ്ലുബ്നു അംറിനെയും ഒരുപാടാളുകളേയും തടവിലാക്കിയിരിക്കുന്നു.' ജനങ്ങൾ സയ്ദുബ്നു ഹാരിഥ പറഞ്ഞത് വിശ്വസിച്ചില്ല. അദ്ദേഹം തോറ്റോടി വന്നതാണെന്ന് അവർ പറഞ്ഞു. ഇക്കാര്യം മുസ്ലീംകളെ രോഷാകുലരാക്കി. (മുനാഫിഖുകളും എതിരാളികളും ഇങ്ങനെ പറയുന്നുണ്ടായിരുന്നു)അയാൾ സ്വയം പരിഭ്രാന്തനായിരിക്കുന്നു. (അതുകൊണ്ടാണ് ഇങ്ങനെ സംസാരിക്കുന്നത്). മുനാഫിഖീംകളിൽപ്പെട്ട ഒരാൾ ഹദ്റത്ത് ഉസാമ ബിൻ സയ്ദിനോടു പറഞ്ഞു:'നിങ്ങളുടെ നേതാവും അയാളോടൊപ്പം പോയിരുന്നവരുമെല്ലാം വധിക്കപ്പെട്ടുകഴിഞ്ഞിരിക്കുകയാണ്. ഒരാൾ ഹദ്റത്ത് അബൂലു ബാബയോടു പറഞ്ഞു: 'വീണ്ടുമൊരിക്കൽകൂടി ഒരുമിച്ചു കൂടാൻ പറ്റാത്തവിധം നിങ്ങളുടെ കൂട്ടുകാർ ചിതറിപ്പോയിരിക്കുന്നു. മുഹമ്മദുതന്നെയും അവിടത്തെ ഉന്നതരായ സ്വഹാബിമാരും ശഹീദാക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഇത് അദ്ദേഹത്തിന്റെ ഒട്ടകമാണെന്ന് ഞങ്ങൾക്കറിയാം.' എതിരാളികൾ പറഞ്ഞു: സയ്ദിന് പരിഭ്രാന്തി കാരണത്താൽ താൻ പറയുന്നതെന്താണെന്ന് അദ്ദേഹത്തിന് തന്നെ അറിയില്ല. തോറ്റോടിയാണ് വന്നിട്ടുള്ളത്. ഹദ്റത്ത് ഉസാമ ബിൻ സയ്ദ് പറയുന്നു: ഞാൻ എന്റെ പിതാവിനെ മാറ്റി നിറുത്തിക്കൊണ്ടു ചോദിച്ചു: അബ്ബാ! അങ്ങ് പറയുന്നത് സത്യമാണോ? ഹദ്റത്ത് സയ്ദ് പറഞ്ഞു: എന്റെ മകനേ! അല്ലാഹുവാണ! ഞാൻ പറയുന്നത് സത്യമാണ്. ഹദ്റത്ത് ഉസാമ പറയുന്നു: അതുമുഖേന എന്റെ മനസ്സ് ശക്തമായി.' (കിതാബുൽ മഗാസി, വാള്യം 1, പേജ് 114, ബദ്റുൽ ഖിത്താൽ മത്ബൂഅ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2004)

ഹദ്റത്ത് അബൂലുബാബയുടെ ലാളിത്യത്തിന്റേയും നബി(സ)തിരുമേനിയോടുള്ള അർപ്പണമനോഭാവത്തിന്റേയും സംഭവം വിവരിക്കപ്പെട്ടിരിക്കുന്നത് ഇപ്രകാരമാണ്. ഹിജ്റ 5ന് നബി(സ)തിരുമേനി ഖന്തക്ക് യുദ്ധം കഴിഞ്ഞ് തിരിച്ചു പട്ടണത്തിലെത്തിയപ്പോൾ ബനൂഖുറയ്ള്വയുടെ വഞ്ചനയ്ക്കും ദ്രോഹപ്രവർത്തനങ്ങൾക്കും തീർപ്പ് കല്പിക്കുന്നതുവരെ ആയുധം അഴിക്കരുതെന്ന് അല്ലാഹു ഒരു ജാഗ്രദർശനം വഴി തിരുമേനിയെ അറിയിച്ചു. എല്ലാവരും ബനൂഖുറയ്ള്വയുടെ കോട്ടയിലേക്ക് പുറപ്പെടണമെന്ന് തിരുമേനി സ്വഹാബാക്കളോട് കല്പിച്ചു. അസ്ർ നമസ്കാരം അവിടെ വെച്ചായിരിക്കും നിർവഹിക്കുക. തുടക്കത്തിൽ യഹൂദികൾ അഹങ്കാരം പ്രകടിപ്പിക്കാൻ തുടങ്ങി. എന്നാൽ, സമയം കഴിയുന്തോറും ഉപരോധത്തിന്റെ കാഠിന്യം ഏറിവന്നപ്പോൾ തങ്ങളുടെ നിസ്സഹായാവസ്ഥ അവർക്ക് ബോധ്യമായി. ഒടുവിൽ, എന്തു ചെയ്യണമെന്ന് അവർ കൂടിയാലോചിച്ചു. മുസ്ലിംകളുമായി ബന്ധമുള്ളയാളും അതേസമയം എളുപ്പത്തിൽ വഞ്ചിതനാകുന്ന വ്യക്തിയുമായ ഒരാളെ കോട്ടയിലേക്ക് വിളിച്ച് അവരെക്കുറിച്ചുള്ള നബി(സ)തിരുമേനിയുടെ ഉദ്ദേശ്യമെന്താണെന്ന് ആരായാൻ ശ്രമിക്കാമെന്ന തീരുമാനത്തിൽ അവരെത്തി. അങ്ങനെ അഭിപ്രായം ആരായുന്നതിനുവേണ്ടി അബൂലുബാബ ബിൻ മുൻദിർ അൻസ്വാരിയെ കോട്ടയിലേക്ക് അയക്കണമെന്ന് ഒരു ദൂതൻ മുഖേന യഹൂദികൾ നബി(സ)തിരുമേനിയോട് അപേക്ഷിച്ചു. തിരുമേനി അബൂലുബാബയ്ക്ക് അനുവാദം നല്കിയതിനെ തുടർന്ന് അദ്ദേഹം കോട്ടയിലേക്ക് പോയി. അബൂലുബാബ കോട്ടയ്ക്കുള്ളിൽ പ്രവേശിച്ചാലുടൻ യഹൂദിസ്ത്രീകളും കുട്ടികളും കരഞ്ഞു വിലപിച്ചുകൊണ്ട് അദ്ദേഹത്തിനു ചുറ്റും കൂടണമെന്നും തങ്ങളുടെ പ്രയാസങ്ങളും യാതനകളും മുഖേന അദ്ദേഹത്തിന്റെ മനസ്സിനെ പൂർണമായും സ്വാധീനിക്കാൻ ശ്രമിക്കണമെന്നും അവർ പദ്ധതിയിട്ടു. അബൂലുബായ്ക്ക് ആ സൂത്രം ഏറ്റു. അല്ലയോ അബൂലുബാബ! ഞങ്ങളുടെ അവസ്ഥ താങ്കൾ കാണുന്നല്ലോ. മുഹമ്മദിന്റെ കല്പനയാൽ ഞങ്ങൾ കോട്ടയിൽനിന്ന് ഇറങ്ങി വരണമോ എന്ന് അവർ ചോദിച്ചപ്പോൾ അതേ എന്ന് അബുലുബാബ നിസ്സങ്കോചം മറുപടി പറഞ്ഞു. അതോടൊപ്പം നബിതിരുമേനി നിങ്ങളെ കൊന്നു കളയുമെന്ന അർഥത്തിൽ തന്റെ കൈകൾ കൊണ്ട് കഴുത്തിനോട് ചേർത്ത് ആംഗ്യം കാണിക്കുകയും ചെയ്തു. ഹദ്റത്ത് അബൂലുബാബ പറയുന്നു: 'അപ്പോൾ ഞാൻ അല്ലാഹുവിനേയും തിരുദൂതരേയും വഞ്ചിച്ചുവല്ലോ എന്നോർത്ത് എന്റെ കാലുകൾ വിറയ്ക്കാൻ തുടങ്ങി.'(ആ സൂചന നല്കിയത് തെറ്റാണെന്ന് അദ്ദേഹത്തിന് മനസ്സിലായി).

അദ്ദേഹം അവിടെനിന്ന് മസ്ജിദ് നബ്വിയിലേക്കു വരികയും സ്വയം ശിക്ഷ നല്കികൊണ്ട് തന്നെ ഒരു തൂണിൽ കെട്ടിയിടുകയും അല്ലാഹു തന്റെ തൗബ സ്വീകരിക്കുന്നതുവരെ താൻ തൂണിൽ ബന്ധനസ്ഥനായിരിക്കുമെന്ന് പറയുകയും ചെയ്തു. അദ്ദേഹം പറഞ്ഞു:'അല്ലാഹു എന്റെ തൗബ സ്വീകരിക്കുന്നതുവരെ കെട്ടിയിട്ട ഈ നിലയിൽ ഞാൻ കിടക്കുന്നതാണ്.' ഹദ്റത്ത് അബൂലുബാബ പറയുന്നു: ഞാൻ ബനൂഖുറയ്ള്വായിൽ പോയതും ഞാൻ അവിടെ ചെയ്തതുമെല്ലാം നബി(സ)തിരുമേനിക്കെത്തി. അപ്പോൾ അവിടന്ന് പറഞ്ഞു: 'അല്ലാഹു അദ്ദേഹത്തെ കുറിച്ച് എന്തൊന്നാണോ ആഗ്രഹിക്കുന്നത് അതുവരെ അദ്ദേഹത്തെ അങ്ങനെ വിട്ടേക്കുക. അദ്ദേഹം എന്റെയടുത്ത് വന്നിരുന്നെങ്കിൽ ഞാൻ അദ്ദേഹത്തിനുവേണ്ടി പൊറുക്കൽ തേടുമായിരുന്നു. അദ്ദേഹം എന്റെ അടുത്തു വരാതെ പോയ സ്ഥിതിക്ക് അദ്ദേഹത്തിന്റെ നിലപാടിൽ വിട്ടേക്കുക.' ഹദ്റത്ത് അബൂലുബാബ പറയുന്നു: 'ഞാൻ 15 ദിവസത്തോളം ആ പരീക്ഷണത്തിനു വിധേയനായിരുന്നു.' അദ്ദേഹം പറയുന്നു, 'ഞാനൊരു സ്വപ്നം കണ്ടിരുന്നു, അത് ഓർമിച്ചുകൊണ്ടിരുന്നു. ഞാൻ സ്വപ്നത്തിൽ കണ്ടു, ഞങ്ങൾ ബനൂഖുറയ്ള്വായെ ഉപരോധിച്ചിരിക്കുകയാണ്. ഞാനൊരു നാറുന്ന ചെളിയിലാണെന്നതുപോലെ തോന്നി. എനിക്ക് അതിൽനിന്ന് പുറത്തുവരാൻ കഴിയുന്നില്ല. പെട്ടെന്ന് ആ ദുർഗന്ധംകൊണ്ട് മരിക്കുമെന്ന് തോന്നിപ്പോയി. പിന്നീട് ഞാൻ ഒഴുകുന്ന ഒരു നദി കണ്ടു. അതിൽ ഞാൻ കുളിക്കുന്നതായി കണ്ടു. അങ്ങനെ ഞാൻ എന്നെ വൃത്തിയാക്കി. അപ്പോൾ സുഗന്ധം വരുന്നുണ്ടായിരുന്നു. അദ്ദേഹം അതിന്റെ വ്യാഖ്യാനം ചോദിക്കുന്നതിനുവേണ്ടി ഹദ്റത്ത് അബൂബക്കർ(റ)ന്റെ അടുക്കൽ പോയി. ഹദ്റത്ത് അബൂബക്കർ(റ)അതിനെ ഇങ്ങനെ വ്യാഖ്യാനിച്ചു:'താങ്കൾക്കു ദുഃഖമുണ്ടാകുന്ന കാര്യങ്ങൾ സംഭവിക്കുന്നതാണ്. പിന്നീട് അതിൽനിന്ന് താങ്കൾക്ക് മോചനം കിട്ടും.' ഹദ്റത്ത് അബൂലുബാബ പറയുന്നു: 'ഞാൻ കെട്ടിയിട്ട നിലയിൽ അബൂബക്കർ പറഞ്ഞ കാര്യം ഓർത്തുകൊണ്ടിരുന്നു. എന്റെ തൗബ സ്വീകരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുകയും ചെയ്തു.'

ഹദ്റത്ത് ഉമ്മു സൽമ വിവരിക്കുന്നു: 'അബൂലുബാബയുടെ തൗബ സ്വീകരിക്കപ്പെട്ടിരിക്കുന്നുവെന്ന വാർത്ത എന്റെ വീട്ടിലാണ് അവതരിച്ചത്. ഞാൻ പുലർച്ചെ നബി(സ)തിരുമേനിയെ ചിരിക്കുന്നതായി കണ്ടു. ഞാൻ പറഞ്ഞു: 'അല്ലാഹു താങ്കളെ സദാ പ്രസന്നവദനാക്കുമാറാകട്ടെ. അങ്ങു എന്തു കാര്യത്തിനാണ് ചിരിക്കുന്നത്?'നബി(സ)തിരുമേനി പറഞ്ഞു: 'അബൂലുബാബയുടെ തൗബ അല്ലാഹുവിന്റെ ഫള്ൽകൊണ്ട് സ്വീകരിക്കപ്പെട്ടിരിക്കുന്നു.' ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, ഞാൻ ഈ കാര്യം അദ്ദേഹത്തെ അറിയിക്കട്ടെ?' അവിടന്ന് പറഞ്ഞു: 'നീ ആഗ്രഹിക്കുന്നുവെങ്കിൽ ചെയ്തുകൊള്ളുക.' ഹദ്റത്ത് ഉമ്മുസൽമ പറയുന്നു: 'ഞാൻ മുറിയുടെ വാതില്ക്കൽനിന്ന് (ഇത് പർദയുടെ കല്പന ഇറങ്ങുന്നതിന് മുമ്പേയുള്ള സംഭവമാണ്) വിളിച്ചു പറഞ്ഞു: അല്ലയോ അബൂലുബാബ! സന്തോഷിക്കുവിൻ, അല്ലാഹു താങ്കളിൽ അനുഗ്രഹം ചൊരിഞ്ഞു കൊണ്ട് താങ്കളുടെ തൗബ സ്വീകരിച്ചിരിക്കുന്നു.' ജനങ്ങൾ കെട്ടഴിക്കാൻ അബൂലുബാബയുടെ അടുത്തേക്ക് ഓടി വന്നു. അദ്ദേഹം

**"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."**
**(ഖുത്ബ ജുമുഅ,2017 മെയ് 5.)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

**"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിആ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

പറഞ്ഞു: 'വേണ്ട, നബി(സ)തിരുമേനിതന്നെ വന്ന് കെട്ടഴിക്കട്ടെ.' സുബ്ഹി നമസ്കാരത്തിന് നബി(സ) തിരുമേനി മസ്ജിദിൽ ചെന്നപ്പോൾ അവിടത്തെ തിരുകരങ്ങൾ കൊണ്ടുതന്നെ കെട്ടഴിച്ചു. ഹദ്റത്ത് അബൂലുബാബ പറഞ്ഞു: എന്നിൽനിന്ന് തെറ്റു സംഭവിച്ച പൈതൃക വീട് ഞാൻ ഉപേക്ഷിക്കുന്നു. വളരെ വലിയ തെറ്റാണ് എന്നിൽനിന്ന് സംഭവിച്ചത്. അതുകൊണ്ട് ഞാൻ എന്റെ കുടുംബം ഉപേക്ഷിക്കുന്നു. ഞാൻ എന്റെ ധനം അല്ലാഹുവിന്റേയും റസൂലിന്റേയും മാർഗത്തിൽ ധർമം നല്കുകയാണ്.' അവിടന്ന് പറഞ്ഞു: 'താങ്കൾ താങ്കളുടെ സ്വത്തിന്റെ മൂന്നിലൊരു ഭാഗം മാത്രം ധർമം നല്കുക.' അബൂലുബാബ തന്റെ സ്വത്തിന്റെ മൂന്നിലൊരു ഭാഗം ദൈവമാർഗത്തിൽ ചെലവഴിക്കുകയും പൈതൃക വീട് ഉപേക്ഷിക്കുകയും ചെയ്തു.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ പേജ് 597–599)

ഹദ്റത്ത് ഖലീഫത്തുൽ ഥാനീ(റ) ഈ വിശദീകരണം കൂടാതെയും ഈ സംഭവത്തിന്റെ വിശദീകരണം നല്കിയിട്ടുണ്ട്. അവിടന്ന് പറയുന്നു: ബനൂ ഖുറയ്ളായുടെ പ്രശ്നം പരിഹരിക്കപ്പെടാൻ പോകുകയായിരുന്നു. അവഗണിക്കാൻ പറ്റുന്നതായിരുന്നില്ല അവരുടെ രാജ്യദ്രോഹം. നബി(സ) തിരുമേനി തിരിച്ചുവരുമ്പോൾത്തന്നെ വീടുകളിൽ വിശ്രമിക്കരുതെന്നും മറിച്ച്, വൈകുന്നേരത്തിനുള്ളിൽ ബനുഖുറയ്ളായുടെ കോട്ടകളിൽ എത്തണമെന്നും സ്വഹാബാക്കളോടു പറഞ്ഞിരുന്നു. പിന്നീട് അവിടന്ന് ഹദ്റത്ത് അലിയെ ഉടമ്പടിയ്ക്കു വിരുദ്ധമായി രാജ്യദ്രോഹം ചെയ്തതെന്തിനാണെന്ന് ചോദിക്കാൻ ബനൂ ഖുറയ്ളായുടെ അടുത്തയച്ചു; (ഇടയ്ക്കു വച്ചാണ് അലി പോയത്) ബനൂഖുറയ്ള ലജ്ജിക്കുന്നതിനും മാപ്പുചോദിക്കുന്നതിനും ഒഴികഴിവ് പറയുന്നതിനും പകരം ഹദ്റത്ത് അലിയേയും അദ്ദേഹത്തിന്റെ കൂട്ടുകാരേയും വഴക്കുപറയാൻ തുടങ്ങി. നബി(സ) തിരുമേനിയേയും അവിടത്തെ കുടുംബത്തിലെ സ്ത്രീകളേയും ചീത്തപറയാൻ തുടങ്ങി. മുഹമ്മദ്(സ)എന്തു വസ്തുവാണെന്ന് തങ്ങൾക്കറിയില്ലെന്നും തങ്ങൾ അയാളുമായി ഒരു ഉടമ്പടിയും ചെയ്തിട്ടില്ലെന്നും പറഞ്ഞു. ഹദ്റത്ത് അലി അവരുടെ ഈ മറുപടിയുമായി തിരിച്ചുവന്നു. അപ്പോൾ നബി(സ) തിരുമേനി സ്വഹാബാക്കളോടൊപ്പം യഹൂദികളുടെ കോട്ടകളിലേക്ക് നീങ്ങുകയായിരുന്നു. യഹൂദികൾ അവരെ ചീത്തവിളിക്കുകയായിരുന്നു. നബി(സ) തിരുമേനിയേയും അവിടത്തെ ഭാര്യമാരേയും പെൺമക്കളേയും കുറിച്ച് വൃത്തികെട്ട വാക്കുകൾ പറയുകയായിരുന്നു. നബി(സ) തിരുമേനി ഇക്കാര്യങ്ങൾ അറിഞ്ഞാൽ അദ്ദേഹത്തിന് വിഷമമുണ്ടാകുമെന്ന് കരുതി ഹദ്റത്ത് അലി പറഞ്ഞു: യാ റസൂലല്ലാഹ്! അങ്ങ് എന്തിനാണ് ബുദ്ധിമുട്ടുന്നത്. ഈ യുദ്ധത്തിന് ഞങ്ങൾ മതിയായവരാണ്; അങ്ങ് മടങ്ങിപ്പോയാലും. നബി(സ) തിരുമേനി പറഞ്ഞു: അവർ ചീത്തപറയുന്നുണ്ടെന്ന് എനിക്കറിയാം. ആ ചീത്തവിളികൾ എന്റെ ചെവിയിൽ പതിയരുതെന്ന് താങ്കൾ ആഗ്രഹിക്കുന്നു.

ഹദ്റത്ത് അലി(റ) പറഞ്ഞു: അതേ, യാ റസൂലല്ലാഹ്! കാര്യം അതുതന്നെയാണ്. നബി(സ) തിരുമേനി പറഞ്ഞു. അവർ ചീത്തവിളിക്കുന്നുണ്ടെങ്കിൽ അതിനെന്താണ്? മൂസാനബി, അവരുടെ സ്വന്തം നബിയായിരുന്നല്ലോ? അദ്ദേഹത്തെ ഇതിനെക്കാൾ കൂടുതൽ അവർ ഉപദ്രവിച്ചു. ഇതുപറഞ്ഞുകൊണ്ട് അവിടന്ന് യഹൂദികളുടെ കോട്ടകളിലേക്ക് പോയി. എന്നാൽ, യഹൂദികൾ കവാടങ്ങൾ അടച്ചുകളഞ്ഞു. കോട്ട അടഞ്ഞു. മുസ്ലിംകളുമായി പോരാട്ടം തുടങ്ങി. അവരുടെ സ്ത്രീകളും ഇതിൽ പങ്കെടുത്തു. കോട്ടയുടെ ഭിത്തിയുടെ കീഴിൽ കുറച്ചു മുസ്ലിംകൾ ഇരിപ്പുണ്ടായിരുന്നു. ഒരു യഹൂദസ്ത്രീ മുകളിൽനിന്ന് കല്ലിട്ട് ഒരു മുസ്ലിമിനെ വധിച്ചു. പക്ഷേ, കുറച്ചുദിവസത്തെ ഉപരോധത്തിനുശേഷം, തങ്ങൾക്ക് ദീർഘനാൾ അതിനെ നേരിടാൻ കഴിയുകയില്ലെന്ന് യഹൂദികൾ മനസ്സലാക്കി. അപ്പോൾ അരുടെ നേതാക്കൾ, അബൂലുബാബ അൻസാരിയെ– അദ്ദേഹം അവരുടെ സുഹൃത്തും ഔസ്ഗോത്രത്തിന്റെ നേതാവുമായിരുന്നു– തങ്ങളുടെയടുക്കൽ അയക്കാനും അദ്ദേഹവുമായി കൂടിയാലോചിക്കാനും നബി(സ) തിരുമേനിയോടു ആഗ്രഹം പ്രകടിപ്പിച്ചു. അവിടന്ന് അബൂലുബാബയെ അയച്ചു. തീരുമാനം തനിക്കു വിട്ടുതന്ന് ആയുധങ്ങൾ വലിച്ചെറിയുക എന്ന മുഹമ്മദ് റസൂലുല്ലായുടെ ആവശ്യത്തെ തങ്ങൾ അംഗീകരിക്കട്ടെ എന്ന് യഹൂദികൾ അദ്ദേഹത്തോടു ചോദിച്ചു. അബൂലുബാബ വായകൊണ്ട് അത് സമ്മതിച്ചു. പക്ഷേ, വധിക്കുമെന്നതിന്റെ അടയാളമെന്നനിലയിൽ തന്റെ കഴുത്തിൽ കൈവച്ച് ആംഗ്യം കാണിച്ചു. നബി(സ) തിരുമേനി അതുവരെ തന്റെ ഒരു തീരുമാനവും പ്രകടിപ്പിച്ചിരുന്നില്ല. എന്നാൽ, അബൂലുബാബ അവരുടെ കുറ്റത്തിന് വധമല്ലാതെ മറ്റൊന്നുമല്ലെന്ന് മനസ്സിൽ കരുതി. ഒന്നും ചിന്തിക്കാതെ ആംഗ്യത്തിലൂടെ അവരോടു അത് പറഞ്ഞു; അത് അവസാനം അവരുടെ നാശത്തിനു നിമിത്തമായി. അങ്ങനെ യഹൂദികൾ നബി(സ) തിരുമേനിയുമായുള്ള ഐക്യം നിഷേധിച്ചു. അവർ നബി(സ) തിരുമേനിയുടെ തീരുമാനം അംഗീകരിച്ചിരുന്നെങ്കിൽ മറ്റു യഹൂദി ഗോത്രങ്ങളോടെന്നപോലെ അവർക്ക് കൂടിയാൽ നാടുകടത്തൽ മാത്രമേ ശിക്ഷ ഉണ്ടാകുമായിരുന്നുള്ളൂ. എന്നാൽ, അവരുടെ ദൗർഭാഗ്യമെന്നു പറയട്ടെ! അവർ നബി(സ) തിരുമേനിയുടെ തീരുമാനം അംഗീകരിക്കാൻ തയ്യാറല്ലെന്ന് പറഞ്ഞുകളഞ്ഞു. തങ്ങൾ തങ്ങളുടെ സഖ്യഗോത്രമായ ഔസിന്റെ നേതാവ് സഅ്ദുബ്നു മുആദിന്റെ വിധി സ്വീകരിക്കുന്നതാണെന്നും പറഞ്ഞു. അദ്ദേഹം എന്തൊന്നു വിധിക്കുമോ അത് തങ്ങൾക്ക് സമ്മതമായിരിക്കും. പക്ഷേ, ആ നേരത്ത് യഹൂദികളിൽ ഭിന്നിപ്പുണ്ടായി. യഹൂദികളിൽ ചിലർ പറഞ്ഞു: ഞങ്ങളുടെ ജനത രാജ്യദ്രോഹം ചെയ്തു. മുസ്ലിംകളുടെ പെരുമാറ്റത്തിൽനിന്ന് അവരുടെ മതം സത്യമാണെന്ന് സ്ഥാപിതമാകുന്നുണ്ട്. അവർ തങ്ങളുടെ മതം ഉപേക്ഷിച്ച് ഇസ്ലാമിൽ പ്രവേശിച്ചു. ആ ജനതയുടെ നേതാക്കന്മാരിൽപ്പെട്ട അംറുബ്നു സഅ്ദി എന്നയാൾ തന്റെ ജനതയെ അപലപിച്ചു. അദ്ദേഹം പറഞ്ഞു: 'നിങ്ങൾ ഉടമ്പടി ലംഘിച്ച് രാജ്യദ്രോഹമാണ് ചെയ്തത്. ഇപ്പോൾ ഒന്നുകിൽ മുസ്ലിമാകുക. അല്ലെങ്കിൽ ജസ്യ നല്കി തൃപ്തിപ്പെടുക.' യഹൂദികൾ പറഞ്ഞു. മുസ്ലിമാകുകയില്ല; ജസ്യ കൊടുക്കുകയുമില്ല. അതിലും നല്ലത് വധിക്കപ്പെടുന്നതാണ്. പിന്നീട് അവരോട് അയാൾ പറഞ്ഞു:'ഞാൻ നിങ്ങളിൽനിന്ന് സ്വതന്ത്രനാകുകയാണ്.' ഇതും പറഞ്ഞ് കോട്ടയിൽനിന്നിറങ്ങി പുറത്തേക്കു നടന്നു. അദ്ദേഹം കോട്ടയിൽനിന്ന് പുറത്തേക്ക് വരുകയായിരുന്നപ്പോൾ മുസ്ലിംകളുടെ ഒരു സംഘം– അതിന്റെ നേതാവ് മുഹമ്മദ് ബിൻ മസ്ലമ ആയിരുന്നു അദ്ദേഹത്തെ കണ്ടു. അദ്ദേഹത്തോടു ചോദിച്ചു. ആരാണ്? താൻ ഇന്നയാളാണെന്ന് അദ്ദേഹം പറഞ്ഞു. അപ്പോൾ മുഹമ്മദുബ്നു മസ്ലമ പറഞ്ഞു. അല്ലാഹുമ്മ ലാ തഹ്രിംനീ ഇഖാലത്ത അഥറാത്തിൽകിറാമി. നിങ്ങൾ സമാധാനത്തോടുകൂടി പോകുക. പിന്നീട് അല്ലാഹുവിനോടു ദുആ ചെയ്തു: അല്ലാഹുവേ! മാന്യന്മാരുടെ തെറ്റുകളുടെ മേൽ പർദ ഇടുക എന്ന സൽക്കർമത്തിൽനിന്ന് ഒരിക്കലും എന്നെ പിന്തിരിപ്പിക്കരുതേ.'അതായത് ഈ വ്യക്തി തന്റെ കർമത്തിലും തന്റെ ജനതയുടെ കർമത്തിലും പശ്ചാത്തപിക്കുന്നു; അപ്പോൾ അയാൾക്ക് മാപ്പു കൊടുക്കുക എന്നത് ഞങ്ങളുടെ ധാർമികമായ നിർബന്ധകടമയാണ്. അതുകൊണ്ട് ഞാൻ അയാളെ അറസ്റ്റ് ചെയ്തില്ല; പോകാൻ അനുവദിച്ചു. അല്ലാഹു എനിക്ക് എപ്പോഴും അത്തരം സൽക്കർമങ്ങൾ ചെയ്യാൻ തൗഫീഖ് നല്കുമാറാകട്ടെ. നബി(സ) തിരുമേനി ഈ സംഭവം അറിഞ്ഞപ്പോൾ എന്തിന് അയാളെ വിട്ടുവെന്ന് പറഞ്ഞ് അവിടന്ന് മുഹമ്മദ് ബിൻ മസലമയെ വഴക്കു പറഞ്ഞില്ല; പ്രത്യുത അദ്ദേഹത്തിന്റെ കർമത്തെ പ്രശംസിക്കുകയാണ് ചെയ്തത്. (ദീബാബ തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം, വാല്യം 20, പേജ് 282–284)

നബി(സ)തിരുമേനിയുടെ പേരിലും അവിടന്ന് അക്രമം കാണിച്ചുവെന്നും അതിർ ലംഘിച്ചുവെന്നും യഹൂദി ഗോത്രങ്ങളെ കൊന്നുവെന്നും പറയുന്നുണ്ട്. സത്യത്തിൽ അവരുടെ നാശത്തിന് അവർ തന്നെയായിരുന്നു ഉത്തരവാദികൾ; നബി(സ) തിരുമേനിയെക്കൊണ്ട് വിധി പറയിപ്പിക്കുന്നതിനു പകരം അവർ തങ്ങളുടെ ഒരു നേതാവിനെക്കൊണ്ട്, മുസ്ലിമായിക്കഴിഞ്ഞ മറ്റൊരു ഖബീലയുടെ നേതാവിനെക്കൊണ്ട് വിധി പറയിപ്പിക്കുകയായിരുന്നു. പിന്നീട് അവരുടെ ഗ്രന്ഥമനുസരിച്ച് വിധിയുണ്ടായി. ചുരുക്കത്തിൽ നബി(സ) തിരുമേനിയുടെമേലും സ്വഹാബാക്കളുടെമേലും അവർ അക്രമം ചെയ്തുവെന്ന ഒരാക്ഷേപവും നിലനില്ക്കുന്നതല്ല.

അല്ലാമ: ഇബ്നു സഅ്ദ് എഴുതുന്നു: ഖയ്നഖാ യുദ്ധത്തിലും സുവയ്ഖ് യുദ്ധത്തിലും അബൂലുബാബയ്ക്ക് മദീനമുനവ്വറയിൽ നബിതിരുമേനിയുടെ പ്രതിനിധിയാകാനുള്ള സൗഭാഗ്യം ലഭിച്ചതായി ഒരു രിവായത്തിൽ വന്നിരിക്കുന്നു. (അത്ത്വബഖാത്തുൽ കുബ്റാ വാല്യം 2 പേജ് 22, മത്ബൂഅ ദാറു അഹ്യാഉത്തുറാഥുൽഅറബി ബേറൂത്ത് 1990)

മക്കാവിജയ വേളയിൽ ഹദ്റത്ത് അബൂലു ബാബ തിരുമേനിയോടൊപ്പം ഉണ്ടായിരുന്നു. അൻ സ്വാറുകളുടെ അംറുബ്നുഔഫ് ഗോത്രത്തിന്റെ പതാക ഇദ്ദേഹത്തിന്റെ കൈകളിലായിരുന്നു. നബി(സ) തിരുമേനിയോടൊപ്പം യുദ്ധങ്ങളിലും അദ്ദേഹം പങ്കെടുത്തിട്ടുണ്ട്. അദ്ദേഹത്തിന്റെ വഫാത്തിനെക്കുറിച്ച് ഭിന്നാഭിപ്രായങ്ങളുണ്ട്.(അത്ത്വബഖാത്തുൽ കുബ്റാ വാല്യം 3 പേജ് 349, മത്ബൂഅ ദാറു അഹ്യാഉത്തുറാഥുൽഅറബി ബേറൂത്ത് 1990)

ഹദ്റത്ത് അലിയുടെ കാലത്താണ് അദ്ദേഹം വഫാത്തായതെന്ന് ചിലർ പറയുന്നു. ചിലരാകട്ടെ, ഹദ്റത്ത് ഉഥ്മാന്റെ ശഹാദത്തിനുശേഷം വഫാത്തായി എന്ന് പറയുന്നവരാണ്. ഹിജ്റ 50നു ശേഷവും അദ്ദേഹം ജീവിച്ചിരുന്നു എന്ന അഭിപ്രായപ്പെടുന്നവരുമുണ്ട്.(അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ, വാല്യം 7, പേജ് 290, അബൂലുബാബ ബിൻ അബ്ദിൽ മുൻദിർ മത്ബൂഅ ദാരുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995)

സഈദ് ബിൻ മുസയ്യിബ് നിവേദനം: ഹദ്റത്ത് അബൂലുബാബ ബിൻ മുൻദിർ പറയുന്നു, "നബി(സ) തിരുമേനി ജുമുഅ ദിവസം മഴയ്ക്കുവേണ്ടി പ്രാർഥിച്ചു. അല്ലാഹുമ്മസ്ഖിനാ, അല്ലാഹുമ്മസ്ഖിനാ, അല്ലാഹുമ്മസ്ഖിനാ. അല്ലാഹുവേ! ഞങ്ങളിൽ മഴ വർഷിച്ചാലും. അല്ലാഹുവേ! ഞങ്ങളിൽ മഴ വർഷിച്ചാലും. അല്ലാഹുവേ! ഞങ്ങളിൽ മഴ വർഷിച്ചാലും. അബൂലുബാബ എഴുന്നേറ്റുനിന്ന് പറഞ്ഞു: 'യാ റസൂലല്ലാഹ് തോട്ടങ്ങളിൽ ഫലങ്ങളുണ്ട്.' നിവേദകൻ പറയുന്നു: 'ആകാശത്ത് ഞങ്ങൾ മേഘങ്ങളൊന്നും കണ്ടില്ല.' നബി(സ)തിരുമേനി പറഞ്ഞു, അല്ലാഹുവേ! ഞങ്ങളിൽ മഴ വർഷിച്ചാലും. എത്രത്തോളമെന്നാൽ അബൂലുബാബ നഗ്നശരീരത്തോടുകൂടി തന്റെ മെതിക്കളത്തിൽ വെള്ളത്തിന്റെ ദ്വാരം തന്റെ വസ്ത്രം കൊണ്ട് അടയ്ക്കട്ടെ.' പറയുന്നു: ദുആയ്ക്കുശേഷം ആകാശത്തുനിന്ന് വെള്ളം വീഴാൻ തുടങ്ങി. മേഘം വന്നു. മഴ പെയ്യാൻ തുടങ്ങിയപ്പോൾ നബി(സ) തിരുമേനി നമസ്കരിപ്പിച്ചു. നിവേദകൻ പറയുന്നു. അൻസ്വാരീങ്ങൾ, ഹദ്റത്ത് അബൂ ലുബാബയുടെ അടുത്തുവന്ന് പറഞ്ഞു, 'അബൂലുബാബാ! അല്ലാഹുവാണ! താങ്കൾ നബി(സ) തിരുമേനിയുടെ വാക്കുകളനുസരിച്ച് നഗ്നശരീരിയായി തന്റെ വസ്ത്രം മുഖേന താങ്കളുടെ മെതിക്കളത്തിൽനിന്ന് വെള്ളമൊഴുകിവരുന്ന വഴി തടയാത്തിടത്തോളം ഈ മഴ നിലയ്ക്കുകയില്ല.' അങ്ങനെ അബൂലുബാബ തന്റെ വസ്ത്രങ്ങൾകൊണ്ട് വെള്ളത്തിന്റെ വഴി തടയാൻ എഴുന്നേറ്റുനിന്നു. അതിനുശേഷം മഴ നിലച്ചു. (അസ്സുനനുൽ കുബ്റാ, ലിൽബയ്ഹഖി, വാല്യം 3, പേജ് 500, കിതാബ് സ്വലാത്തുൽ ഇസ്തിസ്ഖാ ബാബ് അൽഇസ്തിസ്ഖാ ബിഗയ്രി സ്വലാത്ത് വ യൗമുൽജുമുഅത്തി അലൽമിമ്പരി, ഹദീഥ് 6530, മത്ബൂഅ മക്തബുർറുശ്ദ് ബേറൂത്ത് 2004)

ഹദ്റത്ത് അബൂലുബാബ തന്റെ ദൗഹിത്രൻ അബ്ദുർറഹ്മാൻ ബിൻ സയ്ദിനെ (അദ്ദേഹം ഹദ്റത്ത് ഉമർ(റ)ന്റെ സഹോദരപുത്രനാണ്) ഒരു ഈന്തപ്പനയുടെ തൊലിയിൽ പൊതിഞ്ഞ് നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. അവിടന്ന് ചോദിച്ചു, 'അബൂലുബാബ! താങ്കളുടെ കൈയിലെന്താണ്?' ഹദ്റത്ത് അബൂലുബാബ പറഞ്ഞു, 'യാ റസൂലല്ലാഹ്! എന്റെ ദൗഹിത്രനാണ്. ഇവനെ പോലെ ഇത്ര ബലഹീനനായി പിറന്ന കുഞ്ഞിനെ ഞാനൊരിക്കലും കണ്ടിട്ടില്ല.' നബി(സ) തിരുമേനി ആ കുഞ്ഞിനെ എടുത്തു. അവന്റെ തലയിൽ തടവി. ദുആ ചെയ്തു. ആ ദുആയുടെ ബർക്കത്തുകൊണ്ട് അബ്ദുർറഹ്മാൻ ബിൻ സയ്ദ് ആളുകളോടൊപ്പം സ്വഫ്ഫിൽ നില്ക്കുമ്പോൾ ഏറ്റവും പൊക്കമുള്ള

വനായി കാണുമായിരുന്നു. ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തിന്റെ വിവാഹം തന്റെ മകൾ ഉമ്മുകുൽഥൂവിന്റെ വയറ്റിൽ പിറന്ന ഫാത്വിമയുമായി നടത്തി. ഹദ്റത്ത് ഉമ്മുകുൽഥൂം, ഹദ്റത്ത് അലിയുടേയും ഹദ്റത്ത് ഫാത്വിമയുടേയും മകളായിരുന്നു. (ഇംതിആഉൽ അസ്മാഅ് വാള്യം, 6, പേജ് 146, ഫസ്‌ലു ഫീ ദിക്‌രി ഇസ്‌ലാഫഃ(സ) മിൻ ഖബ്‌ലി ഹഫ്സ്വത്ത മത്ബൂഅ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1999)

ഹദ്റത്ത് അനസ്ബിൻ മാലിക് പറഞ്ഞു. നബി(സ) തിരുമേനിയുടെ സ്വഹാബിമാരിൽ രണ്ടുപേരുടെ വീട് ഏറ്റവുമധികം ദൂരത്തായിരുന്നു. ഒന്ന് ഹദ്റത്ത് അബൂ ലുബാബ ബിൻ അബ്ദിൽ മുൻദിറിന്റേത്. അദ്ദേഹത്തിന്റെ വീട് ഖുബായിലായിരുന്നു. രണ്ട് ഹദ്റത്ത് അബൂ അബസ് ബിൻ ജബ്ർ. ഈ ഗോത്രം ബനൂ ഹാരിഥായിൽ താമസിച്ചിരുന്നു. ഇവർ രണ്ടുപേരും അസ്ർ നമസ്കാരം നബി(സ) തിരുമേനിയോടൊപ്പം നിർവഹിക്കുന്നതിനുവേണ്ടി വരുമായിരുന്നു. (മുസ്തദർദ് അലസ്സഹീഹയ്ൻ, വാള്യം 1, പേജ് 309, കിതാബു സ്സലാത്ത് ബാബു മവാഖീത്തു സ്സലാത്ത് ഹദീഥ് 703, മത്ബൂഅ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002)

സ്വഹാബത്തിന്റെ ജീവിതാവസ്ഥകളാണിവ. അല്ലാഹു ഇവരുടെ പദവികൾ ഉയർത്തിക്കൊണ്ടിരിക്കു മാറാകട്ടെ.

ജുമുഅ നമസ്കാരത്തിനുശേഷം രണ്ടു ജനാസ നമസ്കരിപ്പിക്കുന്നതാണ്. അതിൽ ഒരു ജനാസ ഗാഇബാണ്. രണ്ടാമത്തേത് ഹാജറാണ്.

ഖാളി ശഅ്ബാൻ അഹ്മദ് ഖാൻ ശഹീദിന്റേതാണ് ജനാസ ഗാഇബ്. ലാഹോറിലെ സറോബ ഗാർഡനിലാണ് താമസിച്ചിരുന്നത്. ഖാളി ശഅ്ബാൻ അഹ്മദ് സുലയ്മാൻ ഖാൻ സാഹിബ് ഇബ്നു ഖാളി മുഹമ്മദു സുലയ്മാൻ ഖാൻ സാഹിബിനെ 2018, ജൂൺ 25ന് ശത്രുക്കൾ വീട്ടിൽ കയറി വെടിവച്ച് ശഹീദാക്കുകയായിരുന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. 47 വയസ്സായിരുന്നു. ജൂൺ 25ന് രാത്രിയിൽ മുഖംമൂടി ധരിച്ച രണ്ടാളുകൾ വീട്ടിൽ കടന്നു. ഖാളി സാഹിബും അദ്ദേഹത്തിന്റെ ഭാര്യയും ഒരു മുറിയിലാണുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ പെൺമക്കൾ മറ്റു മുറിയിലായിരുന്നു. ഖാളി സാഹിബിന്റെ ഭാര്യ വാഷ്റൂമിലായിരുന്നു. അവർ വെളിയിൽ വന്നപ്പോൾ മുഖംമൂടി ധരിച്ച രണ്ടുപേർ അവിടെ നില്പുണ്ടായിരുന്നു. അവരിൽ ഒരാൾ ഖാളി സാഹിബിന്റെ ഭാര്യയുടെ തലയിൽ തോക്കുചൂണ്ടി മറ്റൊരു മുറിയിൽ കൊണ്ടുപോയി. അവിടെ അദ്ദേഹത്തിന്റെ പെൺമക്കളുണ്ടായിരുന്നു. അപ്പോൾ രണ്ടാമത്തെയാൾ ഖാളി സാഹിബിന്റെ മുറിയിലുണ്ടായിരുന്നു. അയാൾ ഖാളി സാഹിബിന്റെ വയറ്റിൽ മൂന്നുവട്ടം വെടിവച്ചു. സംഭവസ്ഥലത്തുതന്നെ അദ്ദേഹം ശഹീദായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. പരേതൻ 2001-ൽ തന്റെ ഒരു സുഹൃത്തായ മുഹമ്മദു ഇഖ്ബാൽ സാഹിബു മുഖേനയാണ് കുടുംബത്തോടൊപ്പം ബയ്അത്തു ചെയ്തത്. ഖാളി സാഹിബ് മുള്ഫ്ഫറാബാദ്(കശ്മീർ)കാരനായിരുന്നു. 2001 -ൽ ലാഹോറിലെ നശ്ത്തർ കോളനി സറോബ ഗാർഡനിലേക്ക് ഷിഫ്റ്റു ചെയ്തു. അതിനു കുറച്ചു മുമ്പേ ലാഹോറിലെ ടൗൺഷിപ്പിലും താമസിച്ചിരുന്നു. ഖാളി ശഅ്ബാൻ സാഹിബ് ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള സ്കൂൾ നടത്തുകയായിരുന്നു. അദ്ദേഹം താമസിച്ചിരുന്നത് സ്കൂളിന്റെ മുകളിലത്തെ നിലയിലായിരുന്നു. ഈയിടെയായി സ്കൂളിന്റെ താഴ്ഭാഗത്ത് സ്കൂളിന്റെ നിർമാണ ജോലികൾ നടക്കുകയായിരുന്നു. ഷട്ടറിംഗ് നടക്കുകയായിരുന്നു. ഇതേഷട്ടറിംഗിൽ ഈ മുഖംമൂടി ധാരികൾ ആദ്യമേ വന്ന് ഒളിച്ചിരുന്നു. പിന്നീട് അവസരംകണ്ട് ആക്രമണം നടത്തി.

പരേതൻ ഒരുപാട് സൽഗുണങ്ങളുടെ ഉടമയായിരുന്നു. ബയ്അത്തിനുശേഷം ഖാളിസാഹിബ് വളരെ നല്ലവനും സാത്വികനുമായി തെളിഞ്ഞുനിന്നു. ഖിലാഫത്തിനോടു ആഴത്തിലുള്ള സ്നേഹവും അഗാധമായ ബന്ധവുമായിരുന്നു. എം.ടി.എ കാണുന്നതിന് വീട്ടിൽ ഡിഷ് ഘടിപ്പിച്ചിരുന്നു. തന്നേയും തന്റെ വീട്ടുകാരേയും ഖിലാഫത്തുമായി ബന്ധിപ്പിച്ചു നിറുത്തുന്നതിനായിരുന്നു ഇത്. ചന്ദകളിലും മറ്റു ധനത്യാഗങ്ങളിലും ഉത്സാഹത്തോടെ പങ്കെടുത്തിരുന്നു. സ്വദ്ർ ഹൽഖയുടെ ആമിലായിൽ സെക്രട്ടറി സമീഅ് ബസ്വരി എന്ന നിലയിൽ സേവനമനുഷ്ഠിച്ചു വരികയായിരുന്നു. ആളുകളുടെ ഡിഷ് ആന്റിനയും പ്രതിഫലമൊന്നും പറ്റാതെ നന്നാക്കിക്കൊടുക്കുമായിരുന്നു. ഖാളി സാഹിബിന്റെ വിവാഹം അദ്ദേഹത്തിന്റെ കസിനുമായാണ് നടന്നത്. ഇരുകുടുംബങ്ങളിലും ഖാളി സാഹിബും അദ്ദേഹത്തിന്റെ ഭാര്യയും മക്കളും മാത്രമായിരുന്നു അഹ്മദി. കുടുംബത്തിലെ മറ്റംഗങ്ങൾ അദ്ദേഹം അഹ്മദിയായ കാരണത്താൽ എതിരാളികളായിമാറി. കുറച്ചു മാസംമുമ്പേ ഖാളീ സാഹിബിന്റെ സഹോദരപുത്രൻ അദ്ദേഹത്തിന്റെ വീട്ടിൽ വന്നു. നിങ്ങൾ മിർസായി ആയെന്ന് അറിയാൻ കഴിഞ്ഞതായി അയാൾ പറഞ്ഞു. അതിനിടയിൽ അദ്ദേഹത്തിന്റെ ദൃഷ്ടി ടെറസിൽ ഘടിപ്പിച്ചിരുന്ന ഡിഷ് ആന്റിനായിൽ പതിഞ്ഞു. അത് തകർക്കാൻ തുടങ്ങി. ഖാളീ സാഹിബ് അയാളെ തടയാൻ നോക്കി. അങ്ങനെ പരസ്പരം വഴക്കു നടന്നു. എന്തായാലും അതിനുശേഷം അദ്ദേഹത്തിന്റെ ഭാര്യാസഹോദരൻ തന്റെ സഹോദരിയോടു നിന്റെ നിക്കാഹ് വിച്ഛേദിക്കപ്പെട്ടെന്നും നീ എന്റെ കൂടെ വരണമെന്നും പറഞ്ഞു; കാരണം നിന്റെ ഭർത്താവ് മിർസായി ആയിരിക്കുകയാണ്. അപ്പോൾ താനും അഹ്മദിയാണെന്നും മുസ്‌ലിമാണെന്നും ഖാളി സാഹിബിനേയും മുസ്‌ലിമായി മനസ്സിലാക്കുന്നുവെന്നും താൻ നിന്നോടൊപ്പം എങ്ങും വരികയില്ലെന്നും ഖാളീ സാഹിബിന്റെ ഭാര്യ തന്റെ സഹോദരനോടു പറഞ്ഞു. ഖാളീ സാഹിബിന് എതിരാളികളിൽനിന്ന് ഭീഷണിയുണ്ടായിരുന്നുവെന്ന് അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞു. ഇക്കാരണത്താൽ അദ്ദേഹം വളരെ വിഷമത്തിലായിരുന്നു. കുറച്ചുദിവസമായി നിശബ്ദനായിരുന്നു. വീട്ടിൽനിന്ന് വളരെ കുറച്ചേ പുറത്തുപോകാറുണ്ടായിരുന്നുള്ളു. തനിക്കെന്തെങ്കിലും സംഭവിച്ചാൽ ഏറ്റവുമാദ്യം ഹൽക്ക സ്വദ്റിനെ അറിയിക്കണമെന്ന് ഖാളീ സാഹിബ് തന്റെ ഭാര്യയോടും പറഞ്ഞിരുന്നു. ശഹാദത്ത് സംഭവത്തിനുശേഷം അവർ അങ്ങനെതന്നെ ചെയ്തു. ജമാഅത്തിന്റെ ഭാരവാഹികളെ അറിയിച്ചു. അങ്ങേയറ്റം സ്ഥൈര്യം അവലംബിച്ചുകൊണ്ട് തന്റെ അനഹ്മദികളായ ബന്ധുക്കൾ ഉണ്ടായിരുന്നിട്ടുപോലും അഹ്മദികൾ ജനാസ നമസ്കരിപ്പിക്കുകയും അഹ്മദികൾ തന്നെ മറവടക്കുകയും ചെയ്യുമെന്ന് അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞു. ഖാളീ സാഹിബിന്റെ കുറച്ച് അനഹ്മദി ബന്ധുക്കൾ അദ്ദേഹത്തിന്റെ മരണത്തെ തുടർന്ന് മസ്ജിദ് നൂറിലും വന്നിരുന്നു. പക്ഷേ, അവർ നമസ്കാരത്തിൽ പങ്കെടുത്തില്ല. ഖാളീ സാഹിബിന്റെ ഭാര്യയും മക്കളും ജനാസയോടൊപ്പം ഖബ്ർസ്ഥാൻവരെപോയിരുന്നു.

ശഹീദ് മർഹൂമിന്റെ സന്തപ്ത കുടുംബത്തിൽ ഭാര്യ ശഹ്നാസ് ശഅ്ബാൻ സാഹിബയും -40 വയസാണ് അവരുടെ പ്രായം- അസീസ കിരൺ 19, സദ്റ ശഅ്ബാൻ 18, മലാഇക്ക 11 എന്നീ മൂന്നു പെൺമക്കളുമുണ്ട്. ഈ മൂന്നു പെൺമക്കളും പോളിയോ കാരണത്താൽ കുറച്ച് വൈകല്യമുള്ളവരാണ്. അല്ലാഹു ഇവരുടെയെല്ലാം സ്വയം സംരക്ഷകനാകുമാറാകട്ടെ. എല്ലാ പ്രയാസങ്ങളിൽനിന്നും അവരെ രക്ഷിച്ചു വെക്കുമാറാകട്ടെ. ഖാളീ സാഹിബിന്റെ ദർജകൾ ഉയർത്തിക്കൊണ്ടു പോകുമാറാകട്ടെ.

രണ്ടാമത്തെ ഹാജർ ജനാസ സേട്ട് മുഹമ്മദ് ഗൗഥ് സാഹിബിന്റെ മകൾ അമത്തുൽ ഹയ്യ് ബീഗം സാഹിബയുടേതാണ്. നൂറു വയസ്സിലധികം പ്രായമുണ്ടായിരുന്ന അവർ ജൂൺ 23 ന് ആണ് വഫാത്തായത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അവരുടെ പിതാവ് സേട്ട് മുഹമ്മദ് ഗൗഥ് സാഹിബിന് രണ്ടു പ്രത്യേകതയുണ്ട്. അദ്ദേഹം സ്വഹാബിയായിരുന്നില്ലെങ്കിലും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ അദ്ദേഹത്തെ ബിഹിശ്തി മഖ്ബറ ഖാദിയാനിലെ സ്വഹാബാക്കളുടെ കണ്ടത്തിൽ മറവടക്കാൻ അനുവാദം നല്കിയിരുന്നു. (താരീഖെ അഹ്മദിയ്യത്ത് വാള്യം 14 പേജ് 211)

അദ്ദേഹത്തിന്റെ രണ്ടാമത്തെ പ്രത്യേകത അസ്ഹാബെ അഹ്മദ് ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നു, കഴിഞ്ഞ 42 വർഷത്തിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിശുദ്ധ ശരീരം വെക്കപ്പെട്ട അതേ സ്ഥാനത്തുവച്ച് ആദ്യമായി ജനാസ നമസ്കരിക്കപ്പെട്ട ഭാഗ്യവാനായ മനുഷ്യനാണ് സേട്ട് മുഹമ്മദ് ഗൗഥ് സാഹിബ്. ആ അവസരത്തിൽ ഹദ്റത്ത് യഅ്ഖൂബ് അലി സാഹിബ് ഇർഫാനീ ഒരു സ്റ്റൂളിലോ കസേരയിലോ കയറിനിന്നുകൊണ്ട് ഉച്ചത്തിൽ അതിന് സാക്ഷ്യവും പറഞ്ഞിരുന്നു.(അസ്ഹാബെ അഹ്മദ് വാള്യം 9, പേജ് 268-269, സീറത്ത് ഹദ്റത്ത് ഭായി അബ്ദുർറഹ്മാൻ സാഹിബ് ഖാദിയാനീ)

അമത്തുൽഹയ്യ് സാഹിബായുടെ നിക്കാഹിന്റെ അവസരത്തിൽ അവരുടെ പിതാവുണ്ടായിരുന്നെങ്കിലും അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) അവരുടെ വലിയാകുകയും നിക്കാഹ് ഖുത്ബ നിർവഹിക്കുകയും ചെയ്തു. ഖുത്ബയിൽ അവിടന്ന് പറഞ്ഞു: സേട്ട് സാഹിബിന്റെ ചെറിയ മകൾ അമത്തുൽഹയ്യുടെ നിക്കാഹ് വിളംബരം ഞാൻ ഈ നേരത്ത് നടത്തുകയാണ്. അത് ഖാൻ സാഹിബ്, ഡോക്ടർ അബ്ദുല്ലാഹ് സാഹിബിന്റെ അടുത്ത ബന്ധു- സഹോദരീ പുത്രനാണെന്ന് തോന്നുന്നു-മുഹമ്മദ് യൂനുസു സാഹിബുമായി നിശ്ചയിച്ചിരിക്കുകയാണ്. ഈ ബന്ധത്തിലും സേട്ട് സാഹിബ് ആത്മാർഥത കാണിച്ചിരിക്കുന്നു. സംസ്കാരവൈജാത്യംകൊണ്ട് ഹൈദ്രാബാദിൽ ബന്ധമുറപ്പിക്കാൻ ഞാൻ അദ്ദേഹത്തിന് എഴുതിയിരുന്നു. എന്നാൽ, ഖാദിയാനിലോ അല്ലെങ്കിൽ പഞ്ചാബിലോ ബന്ധം നടക്കുകയാണെങ്കിൽ ഖാദിയാനിൽവരാൻ മറ്റൊരു പ്രേരണ ആകുമല്ലോ എന്ന് അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചു. മുഹമ്മദു യൂനുസ് സാഹിബ് കർണാൽ ജില്ലക്കാരനാണ്. അത് ദില്ലിയുമായി ചേർന്നു കിടക്കുന്നു. എന്നാൽ, ഹൈദ്രാബാദിനെ അപേക്ഷിച്ച് ഖാദിയാന് വളരെ അടുത്താണ്. സേട്ട് സാഹിബിന്റെ കുടുംബം ഒരു മുഖ്ലിസ് കുടുംബമാണ്. അദ്ദേഹത്തിന്റെ സ്ത്രീകളും നമ്മുടെ കുടുംബത്തിലെ സ്ത്രീകളും അദ്ദേഹത്തിന്റെ പെൺമക്കളും എന്റെ പെൺമക്കളും അദ്ദേഹവും അദ്ദേഹത്തിന്റെ ആൺമക്കളും ഞാനുമായുമുള്ള ബന്ധം ഒരു കുടുംബം പോലെയാണ്. ഞങ്ങൾ അവരോടും അവർ ഞങ്ങളോടും മടിയൊന്നുംകൂടാതെ പെരുമാറുന്നു. പരസ്പരം ദുഃഖത്തിലും സന്തോഷത്തിലും പങ്കാളികളാകുന്നു. അദ്ദേഹത്തിന്റെ മകൾ അമത്തുൽഹയ്യുടെ നിക്കാഹ് ആയിരംരൂപ മഹ്റിൽ കർണാൽ ജില്ലയിലെ ലാഡ്‌വാ എന്ന സ്ഥലത്തെ അബ്ദുൽഅസീസ് സാഹിബിന്റെ മകൻ മുഹമ്മദു യൂനുസുമായി നിശ്ചയിച്ചിക്കുന്നു. ഖലീഫത്തുൽമസീഹ് ഥാനീ(റ)പറയുന്നു:സേട്ട് സാഹിബ് പെൺകുട്ടിയ്ക്കുവേണ്ടി എന്നെയാണ് വലിയായി നിശ്ചയിച്ചിട്ടുള്ളത്.(ഖുത്ബാത്തെ മഹ്മൂദ്(ഖുത്ബാത്തെ നിക്കാഹ്)വാള്യം 3, പേജ് 553)

അമത്തുൽ ഹയ്യ് സാഹിബ നമസ്കാരവും നോമ്പും കൃത്യമായി അനുഷ്ഠിക്കുന്നവരും ഖിലാഫത്തിനെ പൂർണമായും അനുസരിക്കുന്നവരും ആത്മാർഥയുമായിരുന്നു. സ്വാലിഹായും പുണ്യവതിയുമായിരുന്നു. മൂസിയും ആയിരുന്നു. സന്തപ്ത കുടുംബാംഗങ്ങളിൽ രണ്ടു പെൺമക്കളും രണ്ടു ആൺമക്കളുമുണ്ട്. ധാരാളം പൗത്രന്മാരേയും പൗത്രിമാരേയും ദൗഹിത്രന്മാരേയും ദൗഹിത്രികളേയും പിന്നിൽ ഉപേക്ഷിച്ചാണ് യാത്രയായത്. അവർ ജർമനിയിലെ മുഹമ്മദ് ഇദ്രീസ് സാഹിബ് ഹൈദ്രാബാദിയുടെ മാതാവായിരുന്നു. അവരുടെ ഒരു പൗത്രൻ മുസ്വവ്വർ സാഹിബ് ഇവിടെയുണ്ട്. ഖുദ്ദാമുൽ അഹ്മദിയ്യായിൽ പ്രവർത്തിച്ചുവരുന്നു.

അല്ലാഹു അവരുടെ പദവികൾ ഉയർത്തുമാറാകട്ടെ. അവരുടെ തലമുറകൾക്കും ഖിലാഫത്തുമായി സത്യസന്ധവും യഥാർഥവുമായ ബന്ധം നിലനിറുത്താൻ തൗഫീഖ് നല്കുമാറാകട്ടെ.

## നിങ്ങൾക്കുമെഴുതാം

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചുതരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും. അയക്കേണ്ട വിലാസം:

മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,
'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം, അടുത്തില,
പഴയങ്ങാടി, കണ്ണൂർ 670 303.
ismayeel.ha@gmail.com

# സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലായുടെ 2016-ലെ ഡന്മാർക്ക് പര്യടനം.

✵ മെയ് നാലിന് ബുധനാഴ്ച ലണ്ടനിൽനിന്നുള്ള നിർഗമനവും അതേ ദിവസം ഡന്മാർക്കിന്റെ മണ്ണിൽ ആഗമനവും. ✵ നുസ്റത്ത് ജഹാൻ മസ്ജിദിൽ ഹുദൂറിന് ഉജ്വല വരവേല്പ്. കുട്ടികൾ സ്വാഗതഗാനമാലപിച്ചു. ✵ നുസ്റത്ത് ജഹാൻ മസ്ജിദിനോടു ചേർന്ന് പുതുതായി നിർമിച്ച മിഷൻ ഹൗസ്, ലൈബ്രറി, ഓഫീസുകൾ, നമസ്കാര ഹാൾ തുടങ്ങിയവ സന്ദർശിക്കുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. ✵ Hvidovre പ്രദേശത്തെ മുനിസിപ്പാലിറ്റിയുടെ മേയറും അദ്ദേഹത്തിന്റെ നാല് കൗൺസിലർമാരും ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ✵ മേയറുടേയും കൗൺസിലർമാരുടേയും ചോദ്യങ്ങൾക്ക് ഹുദൂറിന്റെ യുക്തിനിർഭരമായ മറുപടി. ഇസ്‌ലാം അഹ്മദിയ്യത്തിനെ സംബന്ധിച്ചുള്ള പ്രബോധനം. സമാധാന സംസ്ഥാപനത്തിനും മറ്റു സുപ്രധാന കാര്യങ്ങൾക്കും നിർദേശങ്ങളും ഉപദേശങ്ങളും. ✵ ഡന്മാർക്കിന്റെ മണ്ണിൽനിന്ന് ഹുദൂറിന്റെ രണ്ടാമത്തെ ജുമുഅഖുത്ബ. അത് എം.ടി.എ മുഖേന ലോകം മുഴുവൻ സംപ്രേഷണം ചെയ്തു.✵ ഡന്മാർക്കിലെ വരവേല്പിനെ സംബന്ധിച്ച് പ്രിന്റ് ആന്റ് ഇലക്ട്രോണിക് മീഡിയായിൽ വാർത്തകൾ. ✵ കുടുംബപരമായ കൂടിക്കാഴ്ചകൾ ✵ ഡന്മാർക്ക് ലജ്ന ഇമാഇല്ലാഹ് നാഷണൽ മജ്‌ലിസ് ആമിലായുമായി ഹുദൂറിന്റെ മീറ്റിംഗ്. മജ്‌ലിസെ ആമിലായ്ക്ക് ഹുദൂറിന്റെ നിർദേശങ്ങളും ഉപദേശങ്ങളും.

## നമ്മൾ സമാധാനം സ്ഥാപിക്കേണ്ട കാലമാണിത്.

- നമ്മൾ മനുഷ്യരാണെന്നും, മാനുഷികമൂല്യങ്ങളെ നിലനിറുത്തണമെന്നും പരസ്പരം ആദരിക്കണമെന്നുമുള്ള അടിസ്ഥാനതത്ത്വത്തിൽ നിലകൊള്ളുകയാണെങ്കിൽ ലോകത്ത് സമാധാനം സ്ഥാപിക്കാൻ കഴിയുന്നതാണ്.
- അഹ്മദികൾ ഇക്കാലത്ത് വന്ന മസീഹ്(അ)നെ വിശ്വസിച്ചവരാണ്. അതുകൊണ്ട് അവർ സമാധാനകാംക്ഷികളായിരിക്കേണ്ടത് നിർബന്ധമാണ്; എല്ലാവരോടും സ്നേഹത്തോടും സന്തോഷത്തോടുംകൂടി പെരുമാറേണ്ടവരാണ്; മറ്റുള്ളവരെ സഹായിക്കേണ്ടവരാണ്.
- മതം വിശ്വസിക്കുന്ന കാര്യത്തിൽ ഒരു നിർബന്ധവുമില്ലെന്ന് ഇസ്‌ലാം പറയുന്നു. മതത്തിന്റെ കാര്യങ്ങൾ ദൈവത്തിന്റെ കൈകളിലാണ്. മതത്തെ സംബന്ധിച്ച് വിധി പറയേണ്ടത് അവൻ തന്നെയാണ്. മനുഷ്യർ പരസ്പരം ആദരിക്കേണ്ടതാണ്. മാനുഷിക മൂല്യങ്ങൾ സുപ്രധാനമാണ്. അത് വിലമതിക്കേണ്ടതാണ്. മതത്തിന്റെ കാര്യങ്ങൾ ദൈവത്തിന്റെ കൈയിലിരിക്കാൻ അനുവദിക്കുക. മതക്കാർ പരസ്പരം കൊല്ലുകയും വധിക്കുകയുമാണെങ്കിൽ ആര് ഏതു മതം സ്വീകരിച്ച് നടക്കാനാണ്. പിന്നീട് മതംകൊണ്ട് എന്തു ഫലമുണ്ടാകാനാണ്? പരസ്പരം കൊന്നൊടുക്കി എല്ലാവരും മരിച്ചൊടുങ്ങും.
- മതസ്വാതന്ത്ര്യമുണ്ടെന്നുള്ളത് ശരിതന്നെയാണ്. അഭിപ്രായസ്വാതന്ത്ര്യവുമുണ്ട്. പ്രബോധനത്തിനും സന്ദേശമെത്തിക്കുന്നതിനും സ്വാതന്ത്ര്യമുണ്ട്. ഈ സ്വാതന്ത്ര്യം മറ്റുള്ളവരുടെ വികാരങ്ങളെ മുറിവേല്പിക്കുന്നതാണെങ്കിൽ അതിന് എവിടെയെങ്കിലും പരിധി നിശ്ചയിക്കേണ്ടിവരും; എന്തെങ്കിലും വഴികണ്ടെത്തേണ്ടിവരും. അപ്പോൾ മാത്രമേ സമാധാനത്തിന്റേയും സഹിഷ്ണുതയുടേയും സാഹോദര്യത്തിന്റേയും അന്തരീക്ഷം സ്ഥാപിക്കാൻ കഴിയുകയുള്ളൂ.
- തന്റെ നല്ല സുഹൃത്ത് മാതാവിനെതിരെ തെറിപറയുകയാണെങ്കിൽ അവൻ കരണക്കുറ്റിക്ക് അടി വാങ്ങാൻ തയ്യാറായിരിക്കേണ്ടതാണെന്ന് പോപ്പ് പറഞ്ഞിരുന്നു. ക്രിസ്ത്യാനികൾ പോപ്പ് പറയുന്നത് കേൾക്കണം. പോപ്പ് ജനങ്ങളുടെ വികാരങ്ങൾ കാത്തുസൂക്ഷിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഈ വശത്തൂടെ നോക്കുമ്പോൾ അദ്ദേഹം ക്രൈസ്തവമതത്തിന്റെ യഥാർഥ അധ്യാപനമനുസരിച്ചാണ് പ്രവർത്തിക്കുന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു.
- പാക്കിസ്താനിൽ ഞങ്ങൾക്കെതിരെ ഔദ്യോഗികമായ നിയമം ഉണ്ടാക്കിയിട്ടുണ്ട്. ചില രാജ്യങ്ങളിൽ നിയമമില്ല. പക്ഷേ, നമ്മുടെ അവകാശങ്ങൾ ധ്വംസിക്കപ്പെടുന്നു. പരസ്യമായി ഞങ്ങൾക്ക് പ്രബോധനം ചെയ്യാൻ സാധിക്കുന്നില്ല. വെല്ലുവിളി എല്ലായിടത്തുമുണ്ട്. പദ്ധതി എത്ര വലുതാണോ അത്രയേറെ പ്രയാസങ്ങളുമുണ്ട്. അതിനെ അഭിമുഖീകരിക്കേണ്ടിവരുന്നു. പക്ഷേ, ഇക്കാര്യങ്ങൾ എല്ലാമുണ്ടായിട്ടും ഞങ്ങൾ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു. ഓരോ വർഷവും ലക്ഷക്കണക്കിനാളുകൾ അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമിൽ പ്രവേശിക്കുംവിധമുള്ളതാണ് ഞങ്ങളുടെ സന്ദേശം.

## Hvidovre മേയറും കൗൺസിലർമാരും ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. അവരുടെ ചോദ്യങ്ങൾക്ക് ഹുദൂർ മറുപടി നല്കി.

✵ ലജ്ന അംഗങ്ങൾ ഏറ്റവുമാദ്യം നമസ്കരിക്കുന്നതിലേക്കും വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതിലേക്കും ശ്രദ്ധിക്കേണ്ടതാണ്. നമസ്കാരങ്ങളും വിശുദ്ധഖുർആനിന്റെ പാരായണവും അനിവാര്യവും അടിസ്ഥാനപരവുമായ കാര്യമാണ്. ✵ വീടുകളിൽ എം.ടി.എ കേൾക്കുക. നിങ്ങളുടെ മക്കളേയും എം.ടി.എയിലെ പരിപാടികൾ കാണിക്കുക. ✵ ആൺകുട്ടികളേയും പെൺകുട്ടികളേയും സ്ത്രീകൾ ഏറ്റെടുക്കുക. കാരണം നബി(സ) തിരുമേനി തർബിയ്യത്തുവകുപ്പ് സ്ത്രീകളെയാണ് ഏല്പിച്ചിരുന്നത്. മാതാവിന്റെ കാലടിക്കീഴിലുള്ള സ്വർഗം കുട്ടികൾക്ക് നല്കുന്ന ശിക്ഷണത്താലാണ് ലഭിക്കുന്നത്. വെറും പെൺകുട്ടികളുടെ തർബിയ്യത്തല്ല. ആൺകുട്ടികൾക്ക് ശിക്ഷണം കൊടുക്കുന്ന കാരണത്താലുമാണ്. ✵ അടുത്തിരുന്ന് പ്രശ്നമെന്താണെന്ന് നോക്കുക എന്നത് സദ്ർ ലജ്നയുടേയും തർബിയ്യത്ത് സെക്രട്ടറിയുടേയും ജോലിയാണ്. പ്രശ്നങ്ങൾ എങ്ങനെ തങ്ങൾക്ക് പരിഹരിക്കാൻ കഴിയും. നിങ്ങൾ കേവലം നിങ്ങളുടെതന്നെ കുട്ടികളേയും വീട്ടുകാരേയും സ്ത്രീകളേയും പുരുഷന്മാരേയും എം.ടി.എയുമായി ബന്ധിപ്പിക്കുകയാണെങ്കിൽ തർബിയ്യത്തിന്റെ വലിയൊരു ഭാഗം വീട്ടിലിരുന്നുതന്നെ പരിഹരിക്കാൻ കഴിയും. ✵ സംസാരിക്കുമ്പോൾ മൃദുസമീപനം സ്വീകരിക്കുക. മൃദുലമായി സംസാരിക്കാൻ അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞിരിക്കുന്നു.

## ഡന്മാർക്കിലെ ലജ്ന ഇമാഇല്ലാ നാഷണൽ മജ്‌ലിസെ ആമിലായ്ക്ക് ഹുദൂറിന്റെ ഉപദേശങ്ങളും നിർദേശങ്ങളും

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

## 2016 മെയ് 4 (ബുധനാഴ്ച)

ഇന്ന് ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലാഹ് സ്കാൻഡിനേവിയൻ രാജ്യങ്ങളായ ഡന്മാർക്കിലും സ്വീഡനിലും പര്യടനത്തിനായി യാത്ര പുറപ്പെട്ടു.

2005ൽ ജർമൻ പര്യടനം പൂർത്തിയാക്കിയതിനുശേഷം ഹുദൂർ സെപ്തംബർ 6 ചൊവ്വാഴ്ച മുതൽ സെപ്തംബർ 11 ഞായറാഴ്ച വരെ ഡന്മാർക്കിൽ ആദ്യത്തെ പര്യടനം നടത്തിയിരുന്നു.

2011-ൽ ജർമനി യാത്രയിൽ ഹംബർഗിൽ(HAMBURG)താമസിക്കുന്നതിന്നിടയിൽ 2011 ഒക്ടോബർ 9ന് ഒരു ദിവസത്തേക്കുവേണ്ടിമാത്രം ഡന്മാർക്കിലെ വടക്കൻ നഗരമായ NAKSKOVൽ പോയിരുന്നു. മറ്റു വിവിധ പരിപാടികൾക്കു പുറമെ ഇവിടെ താമസിക്കുന്ന അൽബേനിയക്കാരും KOSOVOയിലെ അഹ്മദി സഹോദരങ്ങളും കുടുംബങ്ങളും ഹുദൂറുമായി കൂടിക്കാഴ്ച നടത്താനുള്ള സൗഭാഗ്യം കരസ്ഥമാക്കിയിരുന്നു.

ഡന്മാർക്കിലെ ഈ ഔദ്യോഗികമായ രണ്ടാമത്തെ പര്യടനത്തിന് മറ്റൊരു സുപ്രധാന പ്ര

ത്യേകതയുമുണ്ട്. കോപ്പൺഹേഗിലെ നുസ് റത്ത് ജഹാൻ മസ്ജിദിനോടു ചേർന്ന് പണികഴിപ്പിച്ചിട്ടുള്ള മിഷൻഹൗസ്, ഓഫീസുകൾ, വിശാലമായ ഹാളുകൾ, ലൈബ്രറി, താമസസ്ഥലം, ഗസ്റ്റ് ഹൗസ് തുടങ്ങിയവ ഉൾക്കൊള്ളുന്ന സമ്പൂർണ കോംപ്ലക്സിന്റെ ഉൽഘാടനവും ഈ പര്യടനവേളയിലുണ്ടാകും.

ഡന്മാർക്കിലേക്കുള്ള ഈ അനുഗൃഹീത യാത്രയ്ക്ക് തുടക്കം കുറിച്ചത് 2016 മെയ് 4 ബുധനാഴ്ചയാണ്. ഉച്ചയ്ക്ക് പന്ത്രണ്ടര മണിക്ക് ഹുദൂർ താമസസ്ഥലത്തുനിന്ന് പുറത്തുവന്നു. തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന് യാത്ര അയപ്പ് നല്കാൻ മസ്ജിദ് ഫള്ലിന്റെ അങ്കണത്തിൽ ജമാഅത്തംഗങ്ങൾ സംഘടിച്ചിരുന്നു. ഹുദൂർ ദുആ ചെയ്യിച്ചു. തന്റെ കൈകൾ ഉയർത്തി എല്ലാവർക്കും അസ്സലാമു അലയ്ക്കും പറഞ്ഞു. എയർപോർട്ടിലേക്ക് യാത്ര തിരിച്ചു.

ഹുദൂർ വിമാനത്താവളത്തിൽ എത്തുന്നതിനുമുമ്പേതന്നെ സാധനങ്ങളുടെ ബുക്കിംഗും ബോർഡിംഗ്കാർഡ് എടുക്കാനുള്ള നടപടിയും എമിഗ്രേഷനു വേണ്ടുന്ന കാര്യങ്ങളും ഒരു പ്രത്യേക ഏർപാടനുസരിച്ച് പൂർത്തിയായി കഴിഞ്ഞിരുന്നു.

1.10 ന് ഹുദൂർ വിമാനത്താവളത്തിലെത്തി. പ്രോട്ടോക്കാൾ ഓഫീസർ ഹുദൂറിനെ സ്വാഗതം ചെയ്തു. ഹുദൂർ അയ്യദഹുല്ലാഹ് സ്പെഷ്യൽ ലൗഞ്ചിലേക്ക് പോയി.

യു.കെ.അമീർ ജമാഅത്ത് റഫീഖ് അഹ് മദ് ഹയാത്ത്, വക്കാലത്ത് തബ്ശീർ ലണ്ടൻ അ ഖ്ലാഖ് അഹ്മദ് സാഹിബ്, സ്വദ്ർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സാഹിബ് സാദ മിർസാ വഖാസ് അഹ്മദ് സാഹിബ്, നാഇബ് അഫ്സർ ഹിഫാളത്തെ ഖാസ് സയ്യിദ് മുഹമ്മദ് അഹ്മദ് നാസിർ സാഹിബ് തുടങ്ങിയവർ ഹുദൂറിനെ യാത്ര അയക്കുന്നതിന് എയർപോർട്ടിലെത്തിയിരുന്നു. ഹുദൂർ ഇവർക്കെല്ലാവർക്കും ഹസ്തദാനം ചെയ്തു. ഹുദൂറിനെ യാത്ര അയച്ചു.

2.10ന് ഹുദൂർ വിമാനത്തിൽ കയറുന്നതിനുവേണ്ടി ലൗഞ്ചിൽനിന്ന് പുറപ്പെട്ടു. ഹുദൂറിന്റെ കാറ് ഒരു പ്രത്യേക സംവിധാനമനുസരിച്ച് വിമാനത്തിന് അടുത്ത് കൊണ്ടുവന്നു. ഹുദൂറിനെ യാത്രയാക്കി പ്രോട്ടോക്കാൾ ഓഫീസർ മടങ്ങിയെത്തി. ബ്രിട്ടീഷ് എയർവേയ്സിന്റെ വിമാനം BA 818 2.35ന് ലണ്ടനിലെ HEATHROW വിമാനത്താവളത്തിൽനിന്ന് COPENHAGEN വിമാനത്താവളത്തിലേക്ക് യാത്രതിരിച്ചു.

ഒരു മണിക്കൂർ അമ്പതുമിനുറ്റ് പറക്കലിനുശേഷം ഡന്മാർക്ക് പ്രാദേശിക സമയമനുരിച്ച് 5.25ന് വിമാനം COPENHAGEN വിമാനത്താവളത്തിലിറങ്ങി. അങ്ങനെ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലായുടെ പരിശുദ്ധ പാദങ്ങൾ മൂന്നാമത്തെ പ്രാവശ്യം ഡന്മാർക്കിന്റെ മണ്ണിൽ പതിഞ്ഞു.

ഡന്മാർക്കിലെ സമയം ലണ്ടൻ സമയത്തെ അപേക്ഷിച്ച് ഒരു മണിക്കൂർ മുമ്പിലാണ്. ഹുദൂർ വിമാനത്താവളത്തിൽനിന്ന് പുറത്തുവന്നപ്പോൾ പ്രോട്ടോക്കാൾ ഓഫീസറോടൊപ്പം ഡന്മാർക്ക് മുബല്ലിഗ് ഇൻചാർജും അമീറുമായ മുഹമ്മദു സക്രിയ്യ ഖാൻ സാഹിബും ഡന്മാർക്ക് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സ്വദ്റും ഹുദൂറിനെ വരവേല്ക്കുകയും ഹസ്തദാനം സ്വീകരിക്കുകയും ചെയ്തു. ഹുദൂർ അൻവറിന്റെ കാർ വിമാനത്തിന്റെ വാതിലിന്നടുത്തുതന്നെയാണ് പാർക്കു ചെയ്തിരുന്നത്. ഹുദൂർ കാറിൽ യാത്ര തുടർന്നു. എമിഗ്രേഷൻ പ്രൊസസ് ഒന്നും കൂടാതെ ഇവിടെനിന്ന് ജമാഅത്തിന്റെ കേന്ദ്രമായ 'നുസ്വ്റത്ത് ജഹാൻ മസ്ജിദിലേക്ക്' യാത്രയായി.

(തുടരും)

## അല്ലാഹുവിന്റെ കലാം

***മാലക്കും മ്മിൻദൂനില്ലാഹി മിൻ വ്വലിയ്യിൻ വ്വലാ നസ്വീർ(2:108)***

**"അല്ലാഹു അല്ലാതെ നിങ്ങൾക്ക് ഒരു രക്ഷാധികാരിയോ സഹായിയോ ഇല്ലെന്ന് നിങ്ങൾ അറിഞ്ഞിട്ടില്ലേ?"**

**ത്വാലിബെ ദുആ**
**പി.പി.റഹീമും കുടുംബവും**
**അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് പഴയങ്ങാടി (കേരള)**

# പ്രവാചകപ്രഭു

**മുഹമ്മദുഫസൽ, പഴയങ്ങാടി**

*വെളിച്ചം പരക്കയായി, ഘനശ്യാമ*
*മുരുകി വഴിമാറി, യകുന്നു.*
*ഉണ്മയുടെ തീരത്തണയും പെട്ടക*
*കൊടിമരം മെല്ലെ ദൃശ്യമായി*
*ഒലിവിലയുമായി പറന്നീ പ്രപഞ്ച*
*മാകെ, പറവതൻ ചിറകടി,*
*പ്രളയത്തിൻ ദുഃസ്വപ്നവും  കണ്ടുറങ്ങും*
*പാവനർക്കൊരുണർത്തുപാട്ടായി.*
*കേൾക്കയായാകാശ സീമകൾ ഭേദിക്കും*
*ജയഭേരി, പ്രഭാതം പിറന്നു.*

*ഏകത്വ മന്ത്രം സ്പന്ദിച്ച വിശ്വകേന്ദ്ര*
*മാകെത്തകർക്കാനാഞ്ഞ ഗജങ്ങൾ*
*വന്ദിച്ചു ഭീതിയാൽ പിൻതിരിഞ്ഞോടവേ*
*സ്പന്ദിച്ചു വീണ്ടു 'മഹദി'ൻ മന്ത്രം*
*രക്ഷയേകിയ ശിലകൾക്കരങ്ങൾ*
*മോക്ഷത്തണൽ മര വിത്തുപാകി,*
*ദിവ്യാക്ഷരങ്ങളിൽ കോർത്തൊരനർഘമാം*
*ഗ്രന്ഥാനുധാവന ശ്വാസമേകി.*

*പണ്ടേ നമിച്ചതു സർവയൂഥങ്ങളും*
*അനുഗമിച്ചാത്മ സർവസ്വവും*
*ധർമ പ്രപഞ്ചപഥം ചൂഴ്ന്നു ചരിക്കും*
*സർവം സമർപിച്ച താരവൃന്ദം*
*തിരു പാദാംബുജം  പതിക്കുമ്മണ്ണിനെ*
*തളരാതനുഗമിച്ചു സദാ.*
*നവ്യ സൂര്യക്കതിർ പീയൂഷധാരയാം*
*ദിവ്യദർശന സായൂജ്യം പൂകാൻ*
*ഭൗമ സാമ്രാജ്യങ്ങളെത്രയോ, ത്യജിച്ചീ*
*യഭൗമ പ്രസൂതത്തിൽ വശ്യരായി.*
*മരുവിൻ സാനുവിലെ കുളിർതെന്നലാൽ*
*'ചേരമാ'നാത്മ പ്രഭാവിതനായി.*
*ഭേദിത ചന്ദ്രിക പൂനിലാവുദിച്ച*
*ദിനത്തിലാപുണ്യ പഥം ചേർന്നു.*

*വിശ്വൈക പ്രേമ നിദർപ്പണ ദർശനം*
*സുസ്ഥൈര്യമേകാനായി  ഫുല്ലമാക്കെ*
*മുള്ളുകളേറ്റു വ്രണിത മനസ്സുമായി*
*മൃതുപാദങ്ങൾ മുമ്പോട്ടു വെച്ചു*
*യുഗങ്ങൾ സംഗമിക്കും ഭൂവിൽ സാക്ഷിയാ*
*മങ്ങൊരനശ്വര ജന്മമല്ലീ.*

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

## കലാമുൽ ഇമാം:-

**"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്വ അത്യാവശ്യമായ മൂലധനമാണ്."**
**(മൽഫൂദാത്ത്, വാള്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**
**കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)**

## കലാമുൽ ഇമാം:-

**"ഇസ്ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാള്യം 4, പേജ് 344).**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)**

# നന്മയെ മുറുകെപ്പുണരുക

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

**വിവ:മുഹമ്മദു ഇസ്മായീൽ ആലപ്പുഴ**

എന്റെ വാദത്തിന് രണ്ടു വശമാണുള്ളത്. ഒന്ന് ഹദ്റത്ത് ഈസാ(അ)യുടെ മരണം. രണ്ട് അദ്ദേഹത്തിന്റെ പുനഃരാഗമനം. മരണത്തെ സംബന്ധിച്ച് അദ്ദേഹംതന്നെ പറയുന്നതായി വിശുദ്ധഖുർആനിൽ രേഖപ്പെടുത്തിയിട്ടുള്ള കാര്യം നാം പലപ്രാവശ്യം പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്.

**ഫലമ്മാ തവഫ്ഫയ്ത്തനീ**
**കുൻത അൻതർറഖീബ അലയ്ഹിം**

ഈ വിവരണത്തെ ഖിയാമത്തുന്നാളിലേക്കായി അല്ലാഹു പ്രത്യേകപ്പെടുത്തിവച്ചിട്ടുള്ളത് അത്ഭുതമുളവാക്കുന്ന കാര്യമാണ്. ഇതിൽനിന്ന് ഹദ്റത്ത് ഈസാ(അ) മരിച്ചുപോയിരിക്കുന്നുവെന്ന് വ്യക്തമാകുന്നു. കാരണം ബഹുദൈവാരാധനാപരമായ ധാരണകളും വിശ്വാസങ്ങളും വെച്ചുപുലർത്താൻ നീയാണോ ജനങ്ങളോടു പറഞ്ഞത്, എന്ന് അല്ലാഹു ചോദിച്ചപ്പോൾ, ഹദ്റത്ത് ഈസാ(അ) അത് വ്യക്തമായി നിഷേധിക്കുകയും ചെവി പിടിച്ചുകൊണ്ട് അല്ലാഹുവേ, ഞാനവർക്ക് തൗഹീദിന്റെ അധ്യാപനമാണ് നല്കിയിട്ടുള്ളത് ബഹുദൈവാരാധനാപരമായ വിശ്വാസം എന്റെ മരണത്തിനുശേഷമാണ് അവർ പറയുന്നത്, നീ ഇച്ഛിക്കുന്നെങ്കിൽ അവരെ ശിക്ഷിക്കുകയോ അവർക്ക് പൊറുത്തു കൊടുക്കുകയോ ചെയ്യാം, കാരണം അവർ നിന്റെ ദാസരാണ്, എന്ന മറുപടി നല്കുകയും ചെയ്യുന്നു. ഹദ്റത്ത് ഈസാ(അ) രണ്ടാമതും ലോകത്ത് വന്നിട്ടുണ്ടായിരുന്നെങ്കിൽ, തീർച്ചയായും ക്രിസ്ത്യാനികളുടെ ഇത്തരം തെറ്റായ വിശ്വാസങ്ങളെ തിരുത്തിയിട്ടുണ്ടാകും. അപ്പോൾ, അല്ലാഹുവേ! ഞാൻ വൻയുദ്ധങ്ങൾ ചെയ്തും നിരവധി ബുദ്ധിമുട്ടുകൾ സഹിച്ചും അവർ വെച്ചുപുലർത്തിയ ബഹുദൈവരാധനാപരമായ ധാരണകളുടേയും വിശ്വാസങ്ങളുടേയും സ്ഥാനത്ത് വീണ്ടും നിന്റെ തൗഹീദ് സ്ഥാപിച്ചു. അതുകൊണ്ട് ഞാൻ നിന്റെ സമ്മാനത്തിന്നർഹനാണ്. ആ ചോദ്യം നീ എന്നോടു ചോദിക്കേണ്ടതുതന്നെയായിരുന്നു എന്നൊക്കെ അദ്ദേഹം തറപ്പിച്ചു പറയുമായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ അദ്ദേഹത്തിന്റെ മറുപടിയിൽനിന്ന് അദ്ദേഹം മരിച്ചുപോയിരിക്കുന്നുവെന്നും രണ്ടാമതു ഈ ലോകത്ത് വരികയില്ലെന്നും വ്യക്തമാണ്.

നബി(സ)തിരുമേനി മിഅ്റാജ് രാവിൽ അദ്ദേഹത്തെ മരിച്ചവരുടെ കൂട്ടത്തിലിരിക്കുന്നതായി കാണുകയും ചെയ്തു. ജീവിച്ചിരിക്കുന്നവർക്ക് മരിച്ചവരുമായി എന്തു ബന്ധമാണുള്ളത്? ഹദ്റത്ത് ഈസാ(അ) അപ്പോഴും ജീവിച്ചിരിക്കുകയായിരുന്നുവെങ്കിൽ മരിച്ചവരുടെ ഇടയിൽ പോയിരുന്നതെന്തിന്?

ഇതുകൂടാതെയും ഹദ്റത്ത് ഈസാ(അ) മരിച്ചുപോയി എന്ന് സ്ഥാപിതമാകുന്ന നിരവധി ഖുർആനിക വചനങ്ങളുണ്ട്. ഇവിടെ പ്രയോഗിച്ച തവഫ്ഫാ എന്ന പദം മറ്റുള്ളവരെ കുറിച്ച് പറയുമ്പോൾ മരിച്ചുപോയി എന്ന അർഥം പറയുകയും ഹദ്റത്ത് ഈസാ(അ)യെ കുറിച്ച് പറയുമ്പോൾ മാത്രം മറ്റൊരർഥം പരയുകയും ചെയ്യുന്നത് അത്ഭുതകരമായ കാര്യം തന്നെ. ഇങ്ങനെ ഒരു പ്രത്യേകത ഹദ്റത്ത് ഈസായ്ക്ക് നല്കുന്നതെന്തിനാണെന്ന് മനസ്സിലാകുന്നില്ല. ഹസ്റത്ത് യൂസുഫ് നബി(അ)ഇങ്ങനെ ദുആ ചെയ്തതായി ഖുർആൻ രേഖപ്പെടുത്തിയിരിക്കുന്നു.

**തവഫ്ഫനീ മുസ്ലിമൻ വ്വ**
**അൽഹിഖ്നീ ബിസ്സ്വാലിഹീൻ**

(എന്നെ നീ അനുസരണമുള്ളവനായി മരിപ്പിക്കുകയും സുകൃതവാന്മാരോടൊപ്പം എന്നെ ഉൾപ്പെടുത്തുകയും ചെയ്യേണമേ). ഇതിനു പുറമെ മറ്റു നിരവധി സ്ഥലങ്ങളിലും തവഫ്ഫാ എന്ന പദം വന്നിട്ടുണ്ട്. തവഫ്ഫാ എന്ന ഫിഅ്ലിന്റെ (ക്രിയയുടെ) ഫാഇൽ (കർത്താവ്) അല്ലാഹുവും സീറൂഹ് (ആത്മാവുള്ളവ) മഫ്ഊലും (കർമവും) ആയിരിക്കുമ്പോൾ മരണം എന്നല്ലാതെ മറ്റൊരു അർഥം അതിനുണ്ടെന്ന് സ്ഥാപിക്കാൻ ആരാലും സാധ്യമല്ല.

### മരിച്ചവരെ ജീവിപ്പിക്കൽ

മരിച്ചവരെ ജീവിപ്പിച്ച അദ്ദേഹത്തിന്റെ മുഅ്ജിസത്തിനും (അമാനുഷിക പ്രവൃത്തിക്കും) അനാവശ്യമായ പ്രാധാന്യം നല്കപ്പെട്ടിരിക്കുന്നു. ഹദ്റത്ത് ഈസാ(അ)യെക്കുറിച്ച് 'മരിച്ചവരെ ജിവിപ്പിച്ചു' എന്നു പറയുമ്പോൾ അല്ലാഹുവിന്റെ സുന്നത്തിനും വിശുദ്ധഖുർആനിന്റെ അധ്യാപനത്തിനും എതിരായി 'യഥാർഥമായ നിലയിൽ മരിച്ചവരെ ജീവിപ്പിച്ചു' എന്നും, എന്നാൽ അതേ പദം നബി(സ) തിരുമേനിയെ കുറിച്ച് പറയുമ്പോൾ അതുകൊണ്ടുള്ള ഉദ്ദേശ്യം 'ആത്മീയമായി മരിച്ചവരെ ജീവിപ്പിച്ചു' എന്നാണെന്നും പറയുന്നത് കാണുമ്പോൾ ഈ മൗലവിമാരുടെ പണിയിൽ ആശ്ചര്യം തോന്നുന്നു.

ഖബ്റുകളിൽ ഉണ്ടായിരുന്ന എല്ലാ ശവങ്ങളും ജീവിച്ച് പട്ടണത്തിൽ വന്നൂവെന്ന് ഇഞ്ചീലിൽ എഴുതിയിട്ടുണ്ട്. മരിച്ച ആയിരക്കണക്കിന് ആളുകൾ ജീവിച്ച് പട്ടണത്തിൽ വന്നതിനുശേഷം അവർക്കെന്താണ് സംഭവിച്ചതെന്ന് അവരോട് ആരെങ്കിലുമൊന്ന് ചോദിച്ചു നോക്കട്ടെ! ഈ മഹാത്ഭുതം കണ്ടിട്ടും അവരെന്തുകൊണ്ട് വിശ്വസിച്ചില്ല? മരിച്ചുപോയ നിങ്ങൾ വീണ്ടും ജീവിച്ചത് ഈസാനബിയുടെ പ്രാർഥനയുടെ ഫലമാണെന്നും അതുകൊണ്ട് അദ്ദേഹത്തിൽ വിശ്വസിക്കുക എന്നും ആരെങ്കിലും അവർക്ക് പറഞ്ഞു മനസ്സിലാക്കിക്കൊടുക്കേണ്ടതായിരുന്നില്ലേ? ഈ മഹാത്ഭുതം, മരിച്ച് എഴുന്നേറ്റു വന്നവർക്കും, ആ മരിച്ചയാളുകൾ സ്വയം ജീവിച്ച് ഖബ്റുകളിൽ നിന്നെഴുന്നേറ്റ് പട്ടണങ്ങളിൽ പ്രവേശിച്ചതായി കണ്ട അവരുടെ ബന്ധുക്കൾക്കും ഒരു ഫലവും ചെയ്യാതിരുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല.

വാസ്തവമെന്താണെന്നുവച്ചാൽ സ്വപ്നശാസ്ത്രഗ്രന്ഥമനുസരിച്ച് മരിച്ചു മറയടക്കപ്പെട്ടവർ ഖബ്റുകളിൽനിന്ന് എഴുന്നേറ്റ് പട്ടണങ്ങളിൽ വരുന്നതായി സ്വപ്നം കണ്ടാൽ അതിന്റെ അർഥം അക്കാലത്തുള്ള സൽപ്രകൃതിക്കാരായ ആളുകൾ തടവിൽനിന്ന് മോചിതരാകും എന്നാണ്. അപ്പോൾ അദ്ദേഹമോ മറ്റാരെങ്കിലുമോ ഇങ്ങനെയൊരു സ്വപ്നം അല്ലെങ്കിൽ ദർശനം കണ്ടതാകാനാണ് സാധ്യത. എന്നാൽ, പിന്നീട് വന്നവർ സ്വപ്നമെന്നോ ദർശനമെന്നോ പറയാതെ അതിന്റെ യഥാർഥ പൊരുൾ മാത്രം രേഖപ്പെടുത്തി. നബി(സ)തിരുമേനിയെ സംബന്ധിച്ചും മരിച്ചവരെ ജീവിപ്പിച്ചുവെന്ന് നിരവധി നിവേദനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഹദീഥു ഗ്രന്ഥങ്ങളിൽ അവ ഉൾപ്പെടുത്തിയിട്ടില്ല. ഇമാം ബുഖാരി(റഹ്) വലിയ വലിയ ബുദ്ധിമുട്ടുകൾ സഹിച്ച് ഒരു ലക്ഷത്തോളം ഹദീഥുകൾ സ്വരൂപിച്ചെങ്കിലും അവസാനം അവയിൽനിന്ന് നാല്പതിനായിരം മാത്രമേ സ്വീകരിച്ചുള്ളൂ. ഇതു സംബന്ധമായി ഗവേഷണം നടത്തിയ വലിയ മുസ്ലിം ഗവേഷകന്മാർ മുൻകാലങ്ങളിലുണ്ടായിട്ടുണ്ട്.

### പക്ഷികളെ സൃഷ്ടിച്ച കാര്യം

ഇപ്രകാരംതന്നെ ഹദ്റത്ത് ഈസാ(അ)പക്ഷികളെ സൃഷ്ടിച്ച കാര്യമുണ്ട്. ഞങ്ങൾ ദിവ്യദൃഷ്ടാന്തങ്ങളെ നിഷേധിക്കുന്നവരല്ല. പ്രത്യുത വിശ്വസിക്കുന്നവരാണ്. ഹദ്റത്ത് ഈസാ(അ)ന്റെ പക്ഷികളെ സൃഷ്ടിച്ച കാര്യം മൂസാ(അ)ന്റെ വടിയുടെ കാര്യംപോലെ തന്നെയാണ്. ശത്രുക്കളുമായി നേരിടുന്ന നേരത്ത് അത് പാമ്പായിത്തീർന്നിരുന്നുവെങ്കിൽ മറ്റു നേരത്ത് അത് വടിതന്നെയായിരുന്നു. അല്ലാതെ അത് പാമ്പിന്റെ കൂട്ടത്തിലൊന്നുപോയിരുന്നില്ല. ഇതുപോലെ ഹദ്റത്ത് ഈസായുടെ ആ പക്ഷികളും അവസാനം മണ്ണ് തന്നെയായിരുന്നു. എന്നല്ല ഹദ്റത്ത് മൂസായുടെ വടി പോരാട്ടത്തിൽ രംഗത്തു വന്നതുകൊണ്ട് അതിൽ ജയിച്ചത് സ്ഥാപിതമായി. അതുകൊണ്ട് ഹദ്റത്ത് ഈസാ(അ)യുടെ പക്ഷികളെക്കാൾ വളരെ വലുതായിരുന്നു. കാരണം ആ പക്ഷികൾ ഒരു മത്സരത്തിലും രംഗത്തുവരികയോ അതിന്റെ വിജയം സ്ഥാപിതമാകുകയോ ചെയ്തില്ല.

ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ വാദത്തിന്റെ ഒരു ഭാഗം ഹദ്റത്ത് ഈസായുടെ മരണം സ്ഥാപിച്ചു കാണിക്കുന്നതു സംബന്ധിച്ചുള്ളതാണ്. അത് നാം എല്ലാ രീതിയിലും ബുദ്ധികൊണ്ടും പ്രമാണംകൊണ്ടും ഇമാമീങ്കളുടെ വാക്യങ്ങൾകൊണ്ടും നിരവധി ഗ്രന്ഥങ്ങളിൽ എഴുതി സ്ഥാപിച്ചിട്ടുണ്ട്.

### മസീഹിന്റെ പുനരാഗമനം

രണ്ടാമത്തെ ഭാഗം പുനരാഗമനത്തെ സംബന്ധിച്ചാണ്. അത് അല്ലാഹു സ്വയം ദിവ്യമായ അടയാളങ്ങളും ദിവ്യമായ സഹായങ്ങളും മുഖേന ഇക്കാലത്ത് നമ്മുടെ അഭിവൃദ്ധിയും ശത്രുക്കളുടെ അധഃപതനവുമാക്കി വെളിപ്പെടുത്തിയിരിക്കുന്നു. സഹായത്തിന്റേയും രക്ഷണത്തിന്റേയും ഒരു പ്രളയവും നദിയുടെ തിരമാലകളും അല്ലഹുവിൽനിന്ന് വന്നുകൊണ്ടിരിക്കുന്നു. അതിനെ നേരിടാൻ ആർക്കും കഴിയുകയില്ല. ചൂടുള്ള അടയാളങ്ങളും കാലേകൂട്ടി പറയുന്ന നിരവധി പ്രവചനങ്ങളും ജനമനസ്സുകളിൽ സ്വാധീനം ചെലുത്തുന്നു. അതിൽനിന്നാണ് അഭിവൃദ്ധിയുണ്ടായിട്ടുള്ളത്. അവരുടെ കൈയിലിരിക്കുന്ന ആ പുരോഹിതരുടെ കഥാവർണത്തിലുള്ള പച്ചയും ഉണക്കയുമായ പുരാതനമായ ആ കാര്യങ്ങൾകൊണ്ട് എന്ത് അഭിവൃദ്ധി ഉണ്ടാകാനാണ്? എന്നല്ല അത് അധഃപതനത്തിന്റെ കാര്യഹേതുക്കളാണ്.

അത്ഭുതമല്ല, പതിമൂന്നാം നൂറ്റാണ്ട് അശുഭകരമാണെന്നും പതിനാലാം നൂറ്റാണ്ട് പാരിതോഷികങ്ങളുടേയും അനുഗ്രഹങ്ങളുടേയും നിമിത്തമായിരിക്കുമെന്നും ഇമാം മഹ്ദിയും വാഗ്ദത്ത മസീഹും ആ നൂറ്റാണ്ടിൽ വരുമെന്നും പറഞ്ഞ് ഇക്കൂട്ടർ മിമ്പറുകളിൽ കയറി നിലവിളിക്കാറുണ്ടായിരുന്നു. സിദ്ദീഖ് ഹസൻ ഖാൻ അല്ലാഹുവിന്റെ നിരവധി വലിയ്യുമാരുടെ നിവേദനങ്ങൾ ഉദ്ധരിച്ച് വരേണ്ടുന്ന മസീഹ് പതിനാലാം നൂറ്റാണ്ടിൽ വരുമെന്ന് തന്റെ ഗ്രന്ഥത്തിൽ

സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ, ഇപ്പോൾ ജനങ്ങൾക്കെന്തുപറ്റിയെന്ന് അല്ലാഹുവിനെ അറിയൂ!

**പൊങ്ങച്ചവും വീരവാദവും കൊണ്ടു കാര്യമില്ല**

ഓരോരുത്തരും അവരവരുടെ ശുദ്ധീകരണം നടത്തേണ്ടതാണ്. ഒരു കർമവും ചെയ്യാതെ 'ഞാൻ ബയ്അത്ത് ചെയ്തു' എന്നു പറയുന്നതു കൊണ്ടുമാത്രം ഒരു കാര്യവുമില്ല. **ലിമ തഖൂലുന മാലാ തഫ്അലൂൻ കബുറ മഖ്ത്തൻ ഇൻദല്ലാഹി അൻ തഖൂലൂ മാലാ തഫ്അലൂൻ**(61:3-4) നിങ്ങൾ പ്രവർത്തിക്കാത്തത് എന്തിന് നിങ്ങൾ പറയുന്നു- എന്ന് വിശുദ്ധഖുർആനിൽ ചോദിക്കുന്നു. സാബിഖൂനിൽ- സ്വഹാബാക്കളായ മഹാത്മാക്കളുടെ കൂട്ടത്തിൽ പ്രവേശിക്കാനുള്ള കാലമാണിത്. അതായത് നന്മകൾ ചെയ്യുന്നതിൽ മുൻകടക്കുക. ഓരോരുത്തർക്കും അവരവരുടെ കർമങ്ങൾ മാത്രമേ പ്രയോജനം ചെയ്യുകയുള്ളൂ. പൊള്ളയായ വാദവും പൊങ്ങച്ചവും ഒന്നിനും ഉപകരിക്കുകയില്ല. ഹദ്റത്ത് ഫാത്വിമ(റ)യോട് നബി(സ) തിരുമേനി പറഞ്ഞു: "ഫാത്വിമാ! നിന്റെ ആത്മാവിനെക്കുറിച്ച് നീ തന്നെ ചിന്തിച്ചുകൊള്ളുക. (അന്നാളിൽ) ഞാൻ നിനക്ക് പ്രയോജനപ്പെടുകയില്ല. അല്ലാഹുവിനോട് ആർക്കും കുടുംബബന്ധം ഒന്നുമി ല്ലെന്ന കാര്യം ഓർത്തുകൊള്ളുക. നിന്റെ പിതാവ് ആരെന്ന് അവിടെ ചോദിക്കുകയില്ല. കർമങ്ങളെ കുറിച്ചായിരിക്കും ചോദിക്കുക."

മനുഷ്യരിൽ ചെറുതും വലുതുമായ പലതരത്തിലുള്ള പാപങ്ങൾ- ആലസ്യം, അഹങ്കാരം, അച്ചടക്കരാഹിത്യം തുടങ്ങിയവ ഉണ്ടാകാറുണ്ട്. അവയിൽനിന്നെല്ലാം രക്ഷപ്പെടാൻ ശ്രമിക്കേണ്ടതാണ്. മനുഷ്യാത്മാവിന്റെ മൂന്നു അവസ്ഥകൾ അല്ലാഹു വിശുദ്ധഖുർആനിൽ വിവരിച്ചിട്ടുണ്ട്. അമ്മാറ, ലവ്വാമ, മുത്വ്മയിന്ന! നഫ്സ് അമ്മാറ- ദോഷപ്രവണമായ ആത്മാവ് എപ്പോഴും മനുഷ്യനെ പാപകർമത്തിലേക്കും അനുസരണക്കേടിലേക്കും വലിച്ചുകൊണ്ടിരിക്കുന്നു. ഇത് അപകടകരമാണ്. നഫ്സ് ലവ്വാമ- സ്വയം ശാസകാത്മാവ് എന്നു പറയുന്നത് വല്ലപ്പോഴും തിന്മ വന്നുപോയാൽ ശകാരിക്കുന്ന ആത്മാവാണ്. എന്നാൽ, ഇതും സമാധാനയോഗ്യമല്ല. അല്ലാഹു 'നഫ്സ് മുത്വ്മയിന്ന' എന്നു നാമകരണം ചെയ്ത് വിളിച്ചിട്ടുള്ള ആത്മാവ് മാത്രമാണ് സമാധാനയോഗ്യമായിട്ടുള്ളത്. അത് തന്നെയാണ് ഉൽക്കൃഷ്ടമായതും. മനുഷ്യൻ അല്ലാഹുവിനോട് താദാത്മ്യം പ്രാപിക്കുന്ന അവസ്ഥയുടെ പേരാണത്. ഈ അവസ്ഥ പ്രാപിക്കുമ്പോഴാണ് മനുഷ്യൻ പാപത്തിന്റെ മാലിന്യങ്ങളിൽനിന്ന് സംശുദ്ധനാക്കപ്പെടുന്നത്. പാപങ്ങളെല്ലാം കരിച്ചു കളയുന്ന അവസ്ഥയും അതുതന്നെ. ഈ ദർജ (പദവി) കരസ്ഥമാക്കിയവരോടാണ് അല്ലാഹുവിന്റെ അനുഗ്രഹവാഗ്ദാനമുളളത്. അവരിൽ അല്ലാഹുവിന്റെ മലക്കുകൾ ഇറങ്ങുന്നു. യഥാർഥമായ നന്മയും പരിശുദ്ധിയും അവർക്കു മാത്രമുള്ളതാണ്. വെറു നാവു കൊണ്ടുള്ള പ്രതിജ്ഞ അല്ലാഹുവിന്റെ പക്കൽ ഒരു വിലയും അർഹിക്കുന്നില്ല. വഞ്ചിക്കുകയും തുലാസിൽ കൃത്രിമം കാണിക്കുകയും കളവു പറയുകയും ചെയ്യുന്ന പല അമുസ്ലിംകളേയും നാം കണ്ടിട്ടുണ്ട്. ഭൗതികലോകത്തോടുള്ള സ്നേഹത്തിൽ അവർ മരിക്കാൻ കിടക്കുകയാണ്. എങ്കിലും നാവുകൊണ്ട് അവർ പറയുന്നു: 'അതേ, സാഹിബേ! ലോകം നശ്വരമാണ്. നിലനില്ക്കാത്തതാണ്.'

അല്ലാഹുവിന്റെ ഇച്ഛ നിങ്ങളുടെ ഇച്ഛയായി മാറണം. അവന്റെ തൃപ്തിയിൽ തൃപ്തരാകണം. നിങ്ങളുടേതായിട്ട് ഒന്നുംതന്നെ ഉണ്ടാവാൻ പാടില്ല. സർവ്വതും അവന്റേതായിരിക്കണം. പരിശുദ്ധി എന്നതിന്റെ അർഥം അല്ലാഹുവിനോടുള്ള പ്രാർഥനപരവും വിശ്വാസപരവുമായ ഭിന്നിപ്പ് ഹൃദയത്തിൽനിന്ന് ഇല്ലാതാകുക എന്നതാണ്. മനുഷ്യന്റെ ഇച്ഛ തന്റെ ഇച്ഛയിലും അവന്റെ തൃപ്തി തന്റെ തൃപ്തിയിലും ലയിക്കുന്നുണ്ടോ എന്ന് നോക്കുന്നതുവരെ അല്ലാഹു ആരേയും സഹായിക്കുന്നതല്ല.

**ജമാഅത്തിന്റെ വർധനവിൽ ഞാനൊരിക്കലും സന്തോഷിക്കുകയില്ല.** ഇപ്പോഴാണെങ്കിൽ നാല് ലക്ഷമോ അതിലധികമോ ഉണ്ട്. യഥാർഥ ജമാഅത്തുകൊണ്ട് എന്താണോ ഉദ്ദേശിക്കുന്നത് അതിനെ അവഗണിച്ച് കൈയിൽ കൈവച്ചുകൊണ്ട് 'വെറും ബയ്അത്തു ചെയ്യുക' എന്നതിൽ കാര്യമില്ല. പ്രത്യുത ബയ്അത്തിന്റെ നിർബന്ധനയനുസരിച്ച് ജീവിക്കുമ്പോഴാണ് ജമാഅത്ത് യഥാർഥ ജമാഅത്ത് എന്നു പറയാൻ അർഹത നേടുന്നത്. ജമാഅത്തിലുള്ള അംഗങ്ങൾക്ക് ശരിയായ നിലയിലുള്ള പരിശുദ്ധമായ ഒരു മാറ്റം ഉണ്ടാകണം. അവരുടെ ജീവിതം പാപത്തിന്റെ മാലിന്യങ്ങളിൽനിന്ന് പൂർണമായും സംശുദ്ധമാവണം. ശീരീരികേച്ഛകളിൽനിന്നും ശയ്ത്വാന്റെ പിടിയിൽനിന്നും പുറത്തുചാടി അല്ലാഹുവിന്റെ തൃപ്തിയിൽ ലയിക്കണം. അല്ലാഹുവിനോടും സമസൃഷ്ടികളോടുള്ള കടപ്പാട് വിശാലഹൃദയത്തോടും പൂർണമായ നിലയിലും നിറവേറ്റണം. ദീനിനും അതിന്റെ പ്രചാരണത്തിനുംവേണ്ടി ഉൽക്കടമായ അഭിലാഷം അവരിൽ ഉണ്ടാകണം. സ്വന്തം ആഗ്രഹങ്ങളും ആശകളുമെല്ലാം ഉന്മൂലനം ചെയ്ത് അല്ലാഹുവിന്റേതായി മാറണം. അല്ലാഹു പറയുന്നു: 'ഞാൻ സന്മാർഗം നല്കുന്നവരൊഴികെ നിങ്ങളെല്ലാം വഴിപിഴച്ചവരാണ്. ഞാൻ പ്രകാശം നല്കുന്നവരൊഴികെ നിങ്ങളെല്ലാം അന്ധരാണ്. ഞാൻ ആത്മീയജീവിതത്തിന്റെ മധുരപാനീയം കുടിപ്പിക്കുന്നവരൊഴികെ നിങ്ങളെല്ലാം മരിച്ചവരാണ്.' ദോഷങ്ങൾ മറച്ചു വയ്ക്കുക(സത്താരിയ്യത്ത്) എന്ന അല്ലാഹുവിന്റെ വിശേഷഗുണം (സ്വിഫത്ത്) മനുഷ്യനെ മൂടിയിരിക്കുന്നു. ജനങ്ങളുടെ ആന്തരികാവസ്ഥ ലോകത്തിനു മുമ്പിൽ വെളിപ്പെടുത്തുകയാണെങ്കിൽ അവർ പരസ്പരം മുഖം നോക്കാൻപോലും ഇഷ്ടപ്പെടുകയില്ല. അല്ലാഹു സത്താർ (ദോഷങ്ങൾ മറച്ചുവയ്ക്കുന്നവൻ) ആകുന്നു. മനുഷ്യന്റെ ന്യൂനതകളെക്കുറിച്ച് അവൻ എല്ലാവർക്കും അറിയിച്ചുകൊടുക്കുകയില്ല. അതുകൊണ്ട് മനുഷ്യൻ നന്മ ചെയ്യാൻ ശ്രമിക്കുകയും ദുആയിൽ മുഴുകുകയും ചെയ്യേണ്ടതാണ്.

ജമാഅത്തിലുള്ളവരും അന്യരും തമ്മിൽ എടുത്തു പറയാൻ തക്കവണ്ണം വ്യത്യാസമില്ലെങ്കിൽ അല്ലാഹു ആരുടേയും കുടുംബക്കാരനല്ലെന്ന് അറിഞ്ഞുകൊള്ളുക. അവരെ ആദരിക്കാനും എല്ലാ തരത്തിലും സംരക്ഷിക്കാനും ഇവരെ നിന്ദിക്കാനും ശിക്ഷയിൽ അകപ്പെടുത്താനും എന്തു കാരണമാണുള്ളത്?

**ഇന്നമാ യത്തഖബ്ബലല്ലാഹു മിനൽ മുത്തഖീൻ**(5:28)

അല്ലാഹുവിനെ ഭയന്നുകൊണ്ട് ദൈവേച്ഛയ്ക്ക് വിരുദ്ധമായിട്ടുള്ള കാര്യങ്ങളെ ഉപേക്ഷിക്കുന്നവരാണ് മുത്തഖികൾ. (5:28) അതുകൊണ്ട് ശരീരവും ശരീരേച്ഛകളും ലോകവും ലോകത്തിലുള്ളതും അല്ലാഹുവിന്നെതിരിൽ ഒന്നുമല്ലെന്ന് മനസ്സിലാക്കുക. വിശ്വാസത്തിന്റെ അറിവ് എതിർപ്പിന്റെ സമയത്താണ് പ്രകടമാകുന്നത്.

ഒരു കാതിലൂടെ കേൾക്കുകയും മറ്റേ കാതിലൂടെ കേട്ട കാര്യം ഇറക്കിവിടുകയും ചെയ്യുന്ന ആളുകളുണ്ട്. അവർ കാര്യങ്ങളൊന്നും ഹൃദയത്തിലേക്ക് പ്രവേശിപ്പിക്കുന്നില്ല. എത്രതന്നെ ഉപദേശിച്ചാലും അവരിൽ ഒരു പ്രതികരണവും ഉണ്ടാവുന്നുമില്ല. അല്ലാഹു പരാശ്രയരഹിതനാണെന്ന കാര്യം ഓർത്തുകൊള്ളുക. അധികമധികമായും ആവർത്തിച്ചാവർത്തിച്ചും താണുകേണ് ദുആ ചെയ്യാത്തിടത്തോളം അവൻ ആരേയും പരിഗണിക്കുകയില്ല. ഒരാളുടെ കുട്ടിയ്ക്കോ ഭാര്യയ്ക്കോ സുഖമില്ലാതായാൽ അല്ലെങ്കിൽ ഒരാളുടെമേൽ അപ്രതീക്ഷിതമായി ഒരു കേസ്സ് വന്നാൽ അയാൾക്ക് എത്രമാത്രം വിഷമമുണ്ടാകും. അതു കൊണ്ട് പ്രാർഥനയിലും അത്തരം വിഷമസ്ഥിതിയും ഉത്സാഹവും ഉണ്ടാകുന്നില്ലെങ്കിൽ പ്രാർഥന നിഷ്ഫലവും നിരർഥകവുമായ പണിയായി മാറും. ദുആ സ്വീകരിക്കപ്പെടുന്നതിന് വിഷമാവസ്ഥ ഉണ്ടാകേണ്ടത് ഒരു നിർബന്ധനയാണ്. അല്ലാഹു ചോദിക്കുന്നു:

**അമ്മൻ യുജീബുൽമുള്ത്വർറ**
**ഇദാ ദആഹു വ യക്ശിഫുസ്സൂഅ**

"ഗതി മുട്ടിയവർ പ്രാർഥിക്കുമ്പോൾ ഉത്തരം നല്കുകയും ക്ലേശം ദൂരീകരിക്കുകയും ചെയ്യുന്നതാരാണ്?" (27:63)

നമ്മുടെ ജമാഅത്തിലെ ആളുകൾ മറ്റുള്ളവർക്ക് മാതൃകയായിരിക്കേണ്ടതാണ്. ബയ്അത്ത് ചെയ്തതിനുശേഷവും ഒരാളുടെ ജീവിതം അതിനു മുമ്പേയുള്ള ജീവിതത്തെപ്പോലെ അവിശുദ്ധവും അഴുക്കുപുരണ്ടതുമാണെങ്കിൽ (അതുകൊണ്ട് ഒരു കാര്യവുമില്ല). നമ്മുടെ ജമാഅത്തിൽ ചേർന്നുകൊണ്ട് ആരാണോ ചീത്ത മാതൃക കാണിക്കുന്നത്, പ്രവർത്തനപരവും വിശ്വാസപരവുമായ ദുർബ്ബലത കാണിക്കുന്നത് അവൻ ള്വാലിമാ(അക്രമി)കുന്നു. എന്തുകൊണ്ടെന്നാൽ അവൻ ജമാഅത്തിന് ഒന്നടങ്കം ദുഷ്പേരുണ്ടാക്കുന്നു. എന്നേയും ആക്ഷേപത്തിന് കുറിമാനമാക്കുന്നു. ചീത്ത മാതൃകകൊണ്ട് മറ്റുളളവർക്ക് വെറുപ്പാണുണ്ടാകുക;നല്ലമാതൃകകൊണ്ട് താൽപര്യവും. ചിലരുടെ കത്തുകൾ എനിക്ക് ലഭിക്കാറുണ്ട്. അവരെഴുതുന്നു: "ഞങ്ങൾ താങ്കളുടെ ജമാഅത്തിലെ അംഗങ്ങളല്ലെങ്കിലും താങ്കളുടെ ജമാഅത്തിലെ ചിലയാളുകളുടെ നല്ല സ്വഭാവം കാണുമ്പോൾ, ഈ ജമാഅത്തിന്റെ അധ്യാപനം നന്മയിലധിഷ്ഠിതം തന്നെയെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു."

**ഇന്നല്ലാഹ മഅല്ലദീനത്തഖൗ**
**വ്വല്ലദീനഹും മുഹ്സിനൂൻ**(16:129)

'സൂക്ഷ്മത കൈക്കൊള്ളുകയും നന്മ ചെയ്യുകയും ചെയ്യുന്നവരാരോ തീർച്ചയായും അല്ലാഹു അവരുടെ കൂടെയാകുന്നു.' (മൽഫൂദാത്ത് വാള്യം 10 പേജ് 132 - 134, )

## ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

## ഹദീസുന്നബ്വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 02 August 2018 Issue-31

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

അല്ലാഹു മനുഷ്യന്റെ കർമങ്ങൾ എഴുതി വയ്ക്കാറുണ്ട്. അതുകൊണ്ട് മനുഷ്യനും തന്റെ സ്ഥിതിഗതികൾ രേഖപ്പെടുത്താൻ ഒരു ഡയറി തയ്യാറാക്കി വയ്ക്കേണ്ടതാണ്. അതിലൂടെ തങ്ങളുടെ ജീവിതത്തിൽ നന്മ എത്രത്തോളം അഭിവൃദ്ധിപ്പെട്ടുവരുന്നുണ്ടെന്ന് പരിശോധിക്കേണ്ടതാണ്. മനുഷ്യന്റെ ഇന്നും നാളെയും സമമാവാൻ പാടില്ല. നന്മയുടെ അടിസ്ഥാനത്തിൽ ഇന്നും നാളെയും സമമായിരിക്കുന്നവർ നഷ്ടത്തിലാണ്. അല്ലാഹുവിൽ പൂർണമായി വിശ്വാസമർപ്പിക്കുന്നവനെ അല്ലാഹു ഒരിക്കലും നഷ്ടത്തിലാക്കുകയില്ല. എന്നല്ല, ആ ഒരേയൊരാൾക്കുവേണ്ടി ലക്ഷക്കണക്കിന്നാളുകളെ രക്ഷപ്പെടുത്തുന്നതുമാണ്.

അല്ലാഹുവിന്റെ 'വലിയ്യു'മാരിൽപ്പെട്ട ഒരു മഹാത്മാവിനെക്കുറിച്ച് പറയുന്നു: 'അദ്ദേഹം കപ്പലിൽ യാത്ര ചെയ്യുകയായിരുന്നു. കടലിൽ കൊടുങ്കാറ്റടിച്ചു. കപ്പൽ മുങ്ങാറായി. അപ്പോൾ ആ മഹാത്മാവ് ദുആ ചെയ്തു. അദ്ദേഹത്തിന്റെ ദുആ മുഖേന അവരെല്ലാം രക്ഷപ്പെട്ടു. ദുആ ചെയ്തുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിൽ ഇൽഹാം ഇറങ്ങി: 'നിനക്കുവേണ്ടിയാണ് നാം എല്ലാവരേയും രക്ഷപ്പെടുത്തിയത്.' എന്നാൽ, ഈ അവസ്ഥ പൊള്ളയായ വാദംകൊണ്ട് നേടാനൊക്കുകയില്ല. നോക്കൂ! അല്ലാഹു എന്നോടു വാഗ്ദാനം ചെയ്തു: ഇന്നീ ഉഹാഫിളു കുല്ല മൻ ഫിദ്ദാരി. നിശ്ചയമായും നിന്റെ വസതിയിലുള്ളവരെ ഞാൻ സംരക്ഷിക്കുന്നതാണ് എന്ന്. പക്ഷേ, അവരിൽ അശ്രദ്ധരായ സ്ത്രീകളുണ്ട്. വിവിധ പ്രകൃതിക്കാരും തരക്കാരുമുണ്ട്. നിർഭാഗ്യവശാൽ അവരിലാരെങ്കിലും പ്ലേഗ് പിടിച്ച് മരിച്ചാൽ- ചിലയാളുകൾ മരിച്ചതുപോലെ- അപ്പോൾ ശത്രുക്കൾക്ക് ആക്ഷേപത്തിനുള്ള അവസരം കൈവരുന്നു. വാസ്തവത്തിൽ അല്ലാഹു ഇങ്ങനെയും പറഞ്ഞിട്ടുണ്ട്:

**അല്ലദീന ആമനൂ വലം യൽബിസൂ**
**ഈമാനഹും ബിള്ളുമിൻ**

'വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തെ അനീതിയുമായി കൂട്ടികലർത്താതിരിക്കുകയും ചെയ്യുന്നവർക്കാണ് രക്ഷയുള്ളത്.' (6:83) എന്തായാലും ജമാഅത്തംഗങ്ങളുടെ ദൗർബല്യങ്ങളും മോശമായ മാതൃകയും മറ്റു ജനങ്ങളിലുണ്ടാകുന്ന സ്വാധീനം എന്നെയും ബാധിക്കും. അതു മുഖേന എന്നെ അനാവശ്യമായി ആക്ഷേപിക്കാനുള്ള അവസരം ശത്രുക്കൾക്കുണ്ടാക്കുന്നു. അതുകൊണ്ട് എനിക്ക് നിങ്ങൾക്ക് തരാനുള്ള ഉപദേശം, നിങ്ങൾ നിങ്ങളെ മറ്റുള്ളവർക്ക് നല്ല മാതൃകയാക്കിത്തീർക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുക എന്നതാണ്. മലക്കുകളെ പോലുള്ള ഒരുജീവിതം നിങ്ങളിൽ ഉണ്ടാക്കാത്തിടത്തോളം നിങ്ങൾ പരിശുദ്ധിയാർജിച്ചുവെന്ന് എങ്ങനെയാണ് പറയാൻ കഴിയുക. മലക്കുകളെ കുറിച്ച് അല്ലാഹു പറയുന്നതിപ്രകാരമാണ്.

**'യഫ്അലൂനാ മായുഅ്മറൂൻ'**

"അവരോട് ശാസിക്കപ്പെടുന്നത് അവ ർ പ്രവർത്തിക്കുന്നു." (16:51)

അതേപോലെ നിങ്ങൾ അല്ലാഹുവിൽ ലയിക്കുന്നവരായിത്തീരണം. നിങ്ങൾക്കും നിങ്ങളുടെ ഭാര്യാമക്കൾക്കും ബന്ധുമിത്രാദികൾക്കും നമുക്കും കാരുണ്യത്തിന് പാത്രമായിത്തീരാൻ നിങ്ങളുടെ എല്ലാ ഇച്ഛകളും ആഗ്രഹങ്ങളും കൈവെടിഞ്ഞ് വെറും അല്ലാഹുവിന്റെ ഇച്ഛകളും കല്പനകളുമനുസരിച്ച് നിങ്ങൾ ജീവിക്കുക. എതിരാളികൾക്ക് ആക്ഷേപിക്കാനുള്ള അവസരം ഒരിക്കലും നിങ്ങളുണ്ടാക്കരുത്. അല്ലാഹു പറയുന്നു:

**ഫമിൻഹും ള്ളാലിമുൻ ല്ലിനഫ്സിഹീ വ മിൻഹും മുഖ്തസ്വിദുൻ വ മിൻഹും സാബിഖുൻ ബിൽഖയ്റാത്തി(35:33)**

ആദ്യം പറഞ്ഞ രണ്ട് ഗുണങ്ങളും താഴ്ന്നനിലയിലുള്ളതാണ്. നിങ്ങൾ സാബിഖുൻബിൽ ഖയ്റാത്ത് ആയിത്തീരണം. ഒരേ സ്ഥാനത്തുതന്നെ ഉറച്ചു നിൽക്കുക എന്നത് നല്ല ഒരു ഗുണമല്ല. നോക്കൂ! കെട്ടികിടക്കുന്ന വെള്ളം അവസാനം കെട്ടുപോകുകയും ചെളിയുമായുള്ള സമ്പർക്കം നിമിത്തം അത് ദുർഗന്ധപൂരിതവും ദുസ്സ്വാദുള്ളതുമായിത്തീരുകയും ചെയ്യും. ഒഴുക്കുള്ള വെള്ളം താഴെ ചെളിയാണെങ്കിൽതന്നെയും എപ്പോഴും ശുദ്ധവും രുചികരവുമായിരിക്കും. അതിനെ മലിനമാക്കാൻ ചെളിക്കുപോ ലും സാധ്യമല്ല. ഇതേഅവസ്ഥ തന്നെയാണ് മനുഷ്യന്റേതും. ഒരേസ്ഥാനത്ത് തന്നെ ഉറച്ച് നില്ക്കാൻ പാടില്ല. അത് അപകടകരമാണ്. എപ്പോഴും മുമ്പോട്ട് ചുവടുവയ്ക്കണം. നന്മയിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കണം. ഇല്ലെങ്കിൽ അല്ലാഹുവിന്റെ സഹായം ഉണ്ടാകുകയില്ല. അല്ലാഹുവിന്റെ സഹായമില്ലെങ്കിൽ മനുഷ്യൻ നിഷ്പ്രഭനായിപ്പോകും. അവൻ ചിലപ്പോൾ മതപരിത്യാഗിയായിത്തീരും. അങ്ങനെ ഹൃദയം അന്ധമായിത്തീർന്നു എന്നും വരും.

## നിങ്ങളുടെ പരിഷ്കരണത്തിൽ ഭാര്യാമക്കളേയും ഉൾപ്പെടുത്തുക

ഒരു സ്ഥലത്ത് നിലയുറപ്പിക്കാതെ നന്മയുടെ വഴിയിൽ മുന്നോട്ട് മുന്നോട്ട് ചുവടുവയ്ക്കുന്നവർക്കാണ് സദാ അല്ലാഹുവിന്റെ സഹായം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അവരുടെ പര്യവസാനം ശുഭകരമായിരിക്കും. ആദ്യമൊക്കെ വളരെ താൽപര്യത്തോടും ഉത്സാഹത്തോടും വിനയത്തോടുംകൂടി മുന്നോട്ട് ഗമിക്കുകയും പിന്നീട് ഒരിടത്ത് നിലച്ചു പോകുകയും ചെയ്യുന്ന ചിലരെ നാം കണ്ടിട്ടുണ്ട്. അവരുടെ പര്യവസാനം ശുഭകരമാകുകയില്ല. അല്ലാഹു ഖുർആനിലൂടെ ഒരു ദുആ പഠിപ്പിച്ചിരിക്കുന്നു.

**അസ്വ്ലിഹ് ലീ ഫീ ദുർരിയ്യത്തീ.**

എന്റെ ഭാര്യാമക്കളേയും പരിഷ്ക്കരിക്കേണമേ. (46:16) സ്വന്തം അവസ്ഥയുടെ പരിശുദ്ധമായ മാറ്റത്തിനും ഭാര്യാമക്കൾക്കുവേണ്ടിയും പ്രാർഥിച്ചുകൊണ്ടിരിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ, മിക്ക പരീക്ഷണങ്ങളും ഉണ്ടാകുന്നത് മക്കളും ഭാര്യയും മുഖേനയാണ്. ആദ്യ പരീക്ഷണം ആദമിനുണ്ടായതും ഭാര്യയിൽ നിന്നായിരുന്നു. ഹദ്റത്ത് മൂസാ(അ)യിലുള്ള വിശ്വാസം ബൽഅമിന് നഷ്ടപ്പെടാനുണ്ടായ കാരണവും തൗറാത്തിൽനിന്ന് മനസ്സിലാകുന്നത് രാജാവ് ചില ആഭരണങ്ങൾ കാണിച്ച് ബൽഅമിന്റെ ഭാര്യയെ പ്രലോഭിപ്പിച്ചതുകൊണ്ടാണെന്നാണ്. പിന്നീട് അവൾ ഹദ്റത്ത് മൂസാ(അ)യുടെമേൽ ശാപപ്രാർഥന നടത്താൻ ബൽഅമിനെ പ്രേരിപ്പിച്ചു. ചുരുക്കത്തിൽ സ്ത്രീകൾ കാരണം മിക്ക പുരുഷന്റെമേലും കഠിനമായ വിപത്തുകൾ ഇറങ്ങുന്നു. അവരെ നന്നാക്കിയെടുക്കാൻ കഴിവിന്റെ പരമാവധി ശ്രദ്ധിക്കുകയും അവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യേണ്ടതാണ്."

**(മൽഫൂദാത്ത് വാള്യം 10, പേജ് 132–134)**

☆☆☆☆

( പേജ് 1ൽനിന്ന്)

മേൽ കളവ് കെട്ടിയുണ്ടാക്കുകയും വെളിപാട് ഉണ്ടാകാതിരിക്കെ തനിക്കുണ്ടായി എന്നു പറയുകയും ചെയ്യുന്നത്, അല്ലെങ്കിൽ ദൈവഭാഷണം തനിക്ക് സിദ്ധിക്കാതിരിക്കെ സിദ്ധിച്ചുവെന്നു പറയുന്നത് അവൻ നശിപ്പിക്കപ്പെടുന്നതാണെന്നു ഞാൻ അല്ലാഹുവിനേയും അവന്റെ മലക്കുകളേയും സാക്ഷിനിറുത്തിപ്പറയുന്നു. എന്തുകൊണ്ടെന്നാൽ അവൻ തന്റെ സ്രഷ്ടാവിന്റെമേൽ കളവ് കെട്ടുകയും വഞ്ചന കാണിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ ഈ നിലപാടിനെ ഭയപ്പെടുക. വ്യാജസ്വപ്നങ്ങൾ ഉണ്ടാക്കുകയും തനിക്ക് ദൈവഭാഷണം ഉണ്ടാകുന്നെന്ന് വ്യാജവാദം പുറപ്പെടുവിക്കുകയും ചെയ്യുന്നവന്റെമേൽ ദൈവശാപം ഉണ്ടാകട്ടെ! ദൈവം എന്നൊന്നില്ല എന്ന് മനസ്സിൽ കരുതുന്നവരാണവർ! എന്നാൽ, ദൈവശിക്ഷ കഠിനമായ നിലയിൽ തീർച്ചയായും അവരെ പിടികൂടുന്നതാണ്. അവരിൽനിന്ന് ആ ശിക്ഷയുടെ നാൾ നീങ്ങിപ്പോകുന്നതല്ല. അതുകൊണ്ട് നിങ്ങൾ സത്യസന്ധതയിലും ദൈവഭക്തിയിലും ദൈവസ്നേഹത്തിലും പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുക. ജീവിതകാലം മുഴുവനും നിങ്ങളുടെ ഉത്തരവാദിത്വം ഇതൊന്നു മാത്രമാണെന്ന് കരുതുക. അതിനുശേഷം നിങ്ങളിൽനിന്ന് അല്ലാഹു ഇച്ഛിക്കുന്നവരെ തന്റെ ദിവ്യഭാഷണം മുഖേന അനുഗ്രഹിക്കുന്നതാണ്. സാത്താനിക പ്രചോദനം ഉണ്ടാകാതിരിക്കാൻ നിങ്ങൾക്ക് അത്തരം ആഗ്രഹവും ഉണ്ടാകാൻ പാടില്ല. ഇതുമുഖേന വളരെപ്പേർ നശിച്ചവരായിപ്പോകുന്നു. അതുകൊണ്ട് നിങ്ങൾ സേവനത്തിലും ആരാധനയിലും മുഴുകുക. നിങ്ങളുടെ എല്ലാ പ്രയത്നങ്ങളും ദൈവിക കല്പനകൾ അനുസരിക്കുന്നതിലും വിശ്വാസ ദാർഢ്യതയിൽ മുന്നേറുന്നതിലും വിനിയോഗിക്കപ്പെടേണ്ടതാണ്. ഈ പ്രയത്നം ദൈവിക വെളിപാടുകൾ പ്രത്യക്ഷപ്പെടുന്നതിനായിട്ടല്ല, മോക്ഷ പ്രാപ്തിക്കായിട്ടാണ്."

*രണ്ടാമത്തെ സന്മാർഗത്തിനുള്ള മാർഗം സുന്നത്താകുന്നു. അതായത് നബി(സ)തിരുമേനി തന്റെ കർമവും പ്രവൃത്തിയുംകൊണ്ട് കാണിച്ച പരിശുദ്ധ ജവിതമാതൃക. ഉദാഹരണത്തിന് ഇങ്ങനെ നമസ്കരിക്കണമെന്നും ഇങ്ങനെ നോമ്പു പിടിക്കണമെന്നും ചെയ്തു കാണിച്ചു. ഇതിന്റെ പേരാണ് സുന്നത്ത്. അതായത് നബി(സ)തിരുമേനിയുടെ രീതി. അത് അല്ലാഹുവിന്റെ വാക്യത്തെ കർമത്തിന്റെ വർണത്തിൽ കാണിച്ചുകൊണ്ടിരുന്നു. ഇതിന്റെ പേരാണ് സുന്നത്ത്. സന്മാർഗത്തിനുള്ള മൂന്നാമത്തെ മാർഗം ഹദീഥ് ആകുന്നു. അത് നബി(സ)തിരുമേനിക്കു ശേഷം അവിടത്തെ മൊഴികൾ സമാഹരിക്കപ്പെട്ടതാണ്. ഹദീഥിന്റെ സ്ഥാനം ഖുർആനിനും സുന്നത്തിനും താഴെയാണ്. കാരണം അധിക ഹദീഥുകളും നിഗമനങ്ങളാണ്. എന്നാൽ, അതിനോടൊപ്പം സുന്നത്തുമുണ്ടെങ്കിൽ അതിനെ കൂടുതൽ ദൃഢതരമാക്കുന്നതാണ്.(**കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ വാള്യം 19, 26– 28) പേജ്**




Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin